# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 44

വാല്യം - 5 | ലക്കം - 11 | വൃശ്ചികം - 1188 | ഡിസംബർ - 2012



**സർവ്വ മംഗള മാംഗല്യേ ശിവേ സർവ്വാർത്ഥ സാധികേ**
**ശരണ്യേ ത്ര്യംബകേ ഗൗരി നാരായണി നമോ സ്തുതേ**



എറണാകുളം കരയോഗം ജില്ലാ മീഡിയേഷൻ സെന്ററും, ലീഗൽ സർവീസ്സ് അതോറിറ്റിയും സംയുക്ത മായി ടി.ഡി.എം. ഹാളിൽ നടത്തിയ മെഗാ മീഡിയേഷൻ മേള ബഹു. കേരള ഹൈക്കോടതി ജസ്റ്റിസ് എസ്. സിരിജഗൻ ഭദ്രദീപം കൊളുത്തി ഉൽഘാടനം ചെയ്യുന്നു.



എറണാകുളം കരയോഗം പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസ്, ബിസിനസ്സ് ആന്റ് കമ്യൂണിറ്റി ഫൗണ്ടേഷൻ എന്നിവർ സംയുക്തമായി നടത്തിയ എബിലിറ്റീസ് മേള 2012 ടി.ഡി.എം. ഹാളിൽ ബഹു. കേരള ഹൈക്കോടതി ജഡ്ജി ശ്രീ. ഹാറൂൺ-ഉൾ-റഷീദ് ഉൽഘാടനം ചെയ്യുന്നു.





എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിച്ച കാവ്യചാമരം പരിപാടിയുടെയും ബീം പെയിന്റിങ്ങ് കോംപറ്റീഷനിലെ വിജയികൾക്കുള്ള സമ്മാനദാനത്തിന്റെയും ദൃശ്യങ്ങൾ

വാല്യം 5 ❖ ലക്കം - 11 ❖ ഡിസംബർ - 2012

## ഉള്ളടക്കം

എഡിറ്റോറിയൽ
ക്ഷേത്രങ്ങളിലൂടെ
വ്യക്തിവിശേഷം
ജനറൽസെക്രട്ടറിയുടെ പംക്തി
വാസ്തു സംബന്ധമായ...
വ്യാധഗീത
എറണാകുളം കരയോഗം സ്ഥാപകദിനം
വിമൻസ് ഫോറം
തീർത്ഥയാത്ര
എൽഡൽ സിറ്റിസൺസ് ഫോറം
കാശിയാത്ര
ശ്രീമന്നാരായണീയ ദിനം
കാശിയാത്രാസായൂജ്യം
ഗൃഹാതുരത്വം
വിശേഷദിവസങ്ങൾ
ആദരാഞ്ജലി
കവിത
പാചകപംക്തി
ചാരിറ്റിപ്രവർത്തനങ്ങൾ
വയോജനങ്ങളും യുവതലമുറയും
സന്ധ്യാദീപം
ധനുമാസത്തിലെ തിരുവാതിര
നക്ഷത്രഫലം
മാംഗല്യം

**പത്രാധിപസമിതി**

**കെ.പി. കൃഷ്ണമേനോൻ**
*(മാനേജിംഗ് എഡിറ്റർ)*

**എം. ശ്രീവല്ലഭൻ നായർ**
*(എഡിറ്റർ)*

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ.വി. രാമചന്ദ്രൻ**

**കെ. ആർ. സുധാകരൻപിള്ള**

# എഡിറ്റോറിയൽ...

## റെയിൽവേയുടെ അവഗണന

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇത്രയും കാലം നടന്ന ജനാധിപത്യഭരണത്തിൽ റെയിൽവേയുടെ കാര്യത്തിൽ കേരളത്തിന് അർഹതപ്പെട്ടതെല്ലാം ലഭിച്ചിട്ടുണ്ടോ? കേരളത്തിലെ ട്രെയിൻ യാത്രക്കാരുടെ എണ്ണത്തിനനുസരിച്ച് വേണ്ടത്ര ട്രെയിനുകൾ ഓടിക്കുവാൻ ഇൻഡ്യൻ റെയിൽവേയ്ക്ക് കഴിഞ്ഞിട്ടുണ്ടോ? ഈ രണ്ട് ചോദ്യങ്ങൾക്കും ഇല്ല എന്ന മറുപടി മാത്രമെ നമുക്ക് നൽകാനുള്ളു. കേന്ദ്രത്തിൽ ശ്രീ. ഒ.രാജഗോപാൽ മന്ത്രി ആയിരുന്ന കാലയളവിലല്ലാതെ മറ്റൊരു സമയത്തും ഒരു മന്ത്രിസഭയും കേരളത്തോട് നീതി പുലർത്തിയിട്ടില്ല എന്ന യാഥാർത്ഥ്യത്തിനെതിരെ മുഖം തിരിക്കുവാൻ ആർക്കും സാധ്യമല്ല. യാത്രാവശ്യത്തിനുള്ള ട്രെയിനുകൾ അനുവദിക്കുന്നതിൽ മാത്രമല്ല, റെയിൽവേയുമായി ബന്ധപ്പെട്ട ഫാക്ടറികൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവ അനുവദിക്കുന്നതിലും കേരളം കടുത്ത അവഗണനയാണ് നേരിടുന്നത്. കേരളത്തിലേയ്ക്ക് അനുവദിക്കുന്ന റെയിൽവേയുമായി ബന്ധപ്പെട്ട വ്യവസായസ്ഥാപനങ്ങളെല്ലാം കടലാസിലെ പ്രഖ്യാപനങ്ങൾ മാത്രമായി അവശേഷിക്കുന്നു. ഇതിനെല്ലാമുപരി, കേരളത്തിലൂടെ ഓടുന്ന വണ്ടികളുടെ അവസ്ഥ ഒന്ന് പരിശോധിച്ചാൽ പരിതാപകരമെന്നല്ലാതെ മറ്റൊന്നും പറയാനില്ല. പൊട്ടിപ്പൊളിഞ്ഞ, ഇളകിയാടുന്ന സീറ്റുകളോടു കൂടിയ കംപാർട്ടുമെന്റുകളും, തുരുമ്പു പിടിച്ച്, ദ്വാരങ്ങളിലൂടെ മഴവെള്ളം അകത്ത് വീഴുന്ന ശോച്യാവസ്ഥയിലുള്ള വാഗണുകൾ ഒക്കെയാണ് നമുക്ക് ലഭിക്കുന്നത്. ഇതു കാണുമ്പോൾ മറ്റുള്ളവർ തള്ളിക്കളഞ്ഞ, കണ്ടം ചെയ്ത കോച്ചുകളാണ് നമ്മുടെ ആവശ്യത്തിനായി അയച്ചുതരുന്നതെന്ന് സംശയിക്കുന്നുവെങ്കിൽ അതിൽ തെറ്റു പറയാൻ കഴിയുമോ? എന്തേ ഇതിനെല്ലാം കാരണം. മറ്റൊരു സംസ്ഥാന മേധാവിത്യത്തിനു മുമ്പിൽ കൈക്കുമ്പിളുമായി കാത്തു നില്ക്കേണ്ട ഗതികേടാണ് നമുക്കുള്ളത്. തമിഴ്നാടുലോബി കേരളത്തിന്റെ ആവശ്യങ്ങളെയൊക്കെ തൃണവൽഗണിച്ചുകൊണ്ട് അവരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ ജാഗ്രരൂകരാണ്. എറണാകുളത്തുനിന്നും തിരുവനന്തപുരത്തു നിന്നും തുടങ്ങിയിരിന്ന പല ട്രെയിനുകളും ഇന്ന് കന്യാകുമാരിയിൽ നിന്നും , തിരുനെൽവേലിയിൽ നിന്നുമൊക്കെയാണ് തുടങ്ങുന്നത്. ഇതുമൂലം അവരുടെ സൗകര്യം വർദ്ധിച്ചു, നമ്മുടെ യാത്രാദുരിതവും വർദ്ധിച്ചു. അതുപോലെ തന്നെ റെയിൽവേയുടെ കാര്യത്തിൽ കേന്ദ്രം വച്ചു പുലർത്തുന്ന ചിറ്റമ്മ നയത്തിന് പാലക്കാട് ഡിവിഷൻ വെട്ടിമുറിച്ചതു മാത്രം മതി തെളിവായി. പകരം തരാമെന്നു പറഞ്ഞ കോച്ചു ഫാക്ടറിയോ, ഇന്നും കടലാസിൽ അവശേഷിക്കുന്നു. റെയിൽവേയുടെ കാര്യത്തിൽ മറ്റുള്ള സംസ്ഥാനങ്ങളും കേരളവും കൈവരിച്ച നേട്ടങ്ങൾ തമ്മിൽ ഒരു താരതമ്യ പഠനം നടത്തിയാൽ , കേരളം എത്ര പിന്നിലാണ് എന്ന് ബോധ്യമാവും. എന്താണ് ഇതിനൊരു പരിഹാര മാർഗ്ഗം. നമുക്ക് നമ്മുടേതായ റെയിൽവേ സോൺ നേടിയെടുക്കണം. ചില നിസ്സാര സാങ്കേതിക കാരണങ്ങൾ ഉയർത്തി കാട്ടി വിലങ്ങു തടിയുമായി ചില തൽപ്പര കക്ഷികൾ വർഷങ്ങളായി നമ്മുടെ ന്യായമായ ഈ ആവശ്യത്തിനെതിരെ രംഗത്തുണ്ട്. എന്നാൽ ഇന്ന്, റെയിൽവേ വകുപ്പ് ഇല്ലെങ്കിൽ കൂടി ,കേന്ദ്രത്തിൽ കേരളത്തിൽ നിന്നുള്ള എട്ട് മന്ത്രിമാരുണ്ട്. ഇവരും നമ്മുടെ എം.പി മാരും കൂടെ ആത്മാർത്ഥമായി ഒന്നാഞ്ഞ് പിടിച്ചാൽ തീർച്ചയായും കേരളത്തിന് ഒരു റെയിൽവേ സോൺ എന്നത് യാഥാർത്ഥ്യമാവും. തികച്ചും ന്യായമായ ഈ ആവശ്യം നേടിയെടുക്കുവാൻ ഏറ്റവും പറ്റിയ അവസരമാണിത്. ഈ അവസരം പ്രയോജനപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ മുൻകൈയ്യെടുക്കണം. ഇപ്പോൾ ഇത് സാധിച്ചെടുക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെ നാം റെയിൽവേ സോൺ എന്ന ആവശ്യം മറക്കുകയായിരിക്കും ഭേദം. അതുകൊണ്ട് കേരളസർക്കാർ കേന്ദ്രസർക്കാരിനെ കൊണ്ട് ഉചിതമായ തിരുമാനം എടുപ്പിക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്തണം.

**കെ.പി. കൃഷ്ണമേനോൻ**
മാനേജിങ്ങ് എഡിറ്റർ

# പെരുവനം മഹാദേവക്ഷേത്രം



ആയാതു ശിവലോകംനഃ
കലാവിതിവിലോകനാൽ
ചിന്തയം സങ്ങിരാരംഭി
ദേവ പൂരമഹോത്സവഃ

എന്ന ശ്ലോകം അനുസരിച്ച് ആദ്യത്തെ പെരുവനം പൂരം തുടങ്ങിയ കലിദിനസംഖ്യയെ സൂചിപ്പിക്കുന്നു. കലിവർഷം 3684ാം ആണ്ട് മീനമാസം 27 ാം തീയതി വ്യാഴാഴ്ചയാണ് പെരുവനം മഹാദേവക്ഷേത്രത്തിൽ ആദ്യമായി പൂരം തുടങ്ങിയത് എന്നു കാണുന്നു. 1400 ലധികം വർഷങ്ങൾക്കുമുമ്പ്. കുംഭത്തിലെ പൂരം നാളിൽ കൊടിയേറ്റി മീനത്തിലെ പൂരത്തിന് ആറാട്ട് വരത്തക്കവിധം 28 ദിവസത്തെ മഹോത്സവം ഈ സന്നിധിയിൽ അനവധി വർഷങ്ങൾ നടത്തിയിരുന്നതായി വിശ്വസിക്കുന്നു.

ഇവിടുത്തെ പ്രധാന പ്രതിഷ്ഠാദേവനായ ഇരട്ടയപ്പൻ പുറത്തേയ്ക്കെഴുന്നള്ളണമെങ്കിൽ തിടമ്പേറ്റുന്ന ഗജവീരൻ ചവിട്ടുന്ന സ്ഥലമത്രയും വെള്ളയും, കരിമ്പടവും വിരിയ്ക്കണം. തങ്കക്കോപ്പുകളണിഞ്ഞ 21 ആനകൾ അകമ്പടി സേവിക്കണം. ഗ്രാമാതിർത്തിക്കുള്ളിൽ എങ്ങും സങ്കടക്കാർ ഉണ്ടായിരിക്കരുത്. അവിവാഹിതകളായ ഋതുമതികൾ കാണരുത് തുടങ്ങിയ നിബന്ധനകളോടെ മഹാദേവൻ എഴുന്നള്ളിയിരുന്ന ഒരു കാലം ഉണ്ടായിരുന്നു. കാലം മാറിക്കഴിഞ്ഞപ്പോൾ, വ്യവസ്ഥ, കൾ പാലിക്കാൻ കഴിയാതെ വന്നപ്പോൾ ഭഗവാൻ പുറത്തേയ്ക്കെഴുന്നള്ളാതായി കാണും, പൂരവും അതോടെ നിലച്ചുവെന്നുവരാം. ഇപ്രകാരമുള്ള പൂരങ്ങൾ നിന്നതിന് 100 വർഷങ്ങൾക്ക് ശേഷമാണ് ഇന്നുനടക്കുന്നതായ പെരുവനം ആറാട്ടുപുഴ പൂരങ്ങൾ തുടങ്ങിയതെന്നാണറിവ്. കൊല്ലവർഷം 963 മുതൽ 966 വരെയുള്ള പടയോട്ടകാലത്ത് കേരളത്തിൽ മറ്റെങ്ങും കാണാൻ കഴിയാത്ത വിധത്തിൽ 70 അടി 3 ഇഞ്ച് ഉയരത്തിൽ പണിതിരുന്ന മാടത്തിലപ്പന്റെ ശ്രീകോവിൽ (മൂന്നുനിലയിൽ എട്ടു പട്ടമായി പണിതിട്ടുള്ളത്) ഗോപുരങ്ങൾ, ആനവയറൻ മതിലുകൾ ഇവയെല്ലാം ടിപ്പുവിന്റെ പീരങ്കിയ്ക്ക് ഇരയായി നശിച്ചു. ഇന്നു കാണുന്ന ക്ഷേത്രഭാഗങ്ങൾ എല്ലാം പിന്നീട് കൊല്ലവർഷം 983ാം ആണ്ടിൽ കൊച്ചി രാജാവ് പുതുക്കി പണികഴിപ്പിച്ചിട്ടുള്ളതാണ്. ഇന്നു കാണുന്ന ഗോപുരങ്ങളും മതിൽക്കെട്ടും കൊല്ലവർഷം 1111 ൽ പണികഴിപ്പിച്ചിട്ടുള്ളതാണ്.

പെരുവനം ക്ഷേത്രത്തിന്റെ സമുദായസ്ഥാനം പറവൂർ രാജാവിനാണ്. കൊല്ലവർഷം 941ാം ആണ്ടിലെ ഉടമ്പടി പ്രകാരം ആലങ്ങാട്ട് രാജ്യവും പറവൂർ രാജ്യവും തിരുവിതാംകൂറിന് കൊച്ചി രാജാവ് കൈമാറി കൊടുത്തപ്പോൾ പറവൂർ രാജാവിന്റെ ക്ഷേത്രാധികാരം തിരുവിതാംകൂറിലേയ്ക്കായി. അപ്രകാരം ക്ഷേത്രം ഇപ്പോൾ തിരിവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണത്തിൻകീഴിലായി. കൊല്ലവർഷം 1029 മുതൽക്ക് ക്ഷേത്ര ഭരണം കൊച്ചീ രാജാവ് ഏറ്റെടുത്തു. ചിറ്റൂർമന, ദേശമംഗലത്തു മന കുറവട്ടാവണാവു മന എന്നീ മൂന്നു മനക്കാരാണ് ഈ മഹാക്ഷേത്രത്തിന്റെ ഊരാഴ്മക്കാരായിരുന്നത്. ഇപ്പോൾ ക്ഷേത്രത്തിന്റെ ഭരണം കൊച്ചി തിരുവിതാംകൂർ ദേവസ്വം ബോർഡും സംരക്ഷണം പുരാവസ്തുവകുപ്പും ഏറ്റെടുത്തിരിക്കുന്നു. പെരുവനം മഹാദേവട്രസ്റ്റ് എന്ന പേരിൽ ഒരു സംഘടന ഈ ക്ഷേത്രത്തിന്റെ നാനാ മുഖമായ വികസനത്തിനും വേണ്ടി പ്രവർത്തിക്കുന്നുണ്ട്.

ഇന്ന് നടക്കുന്ന പെരുവനം പൂരത്തിൽ പങ്കെടുക്കുന്നതിന് പതിനെട്ട് ക്ഷേത്രങ്ങളിൽ നിന്നുള്ള ദേവൻമാർ എഴുന്നള്ളിയെത്തുന്നു. ബൃഹത്തായ നാലമ്പലത്തിനുള്ളിൽ രണ്ടു ശ്രീകോവിലുകൾക്കുള്ളിലായി ഇരട്ടയപ്പൻ, മാടത്തിലപ്പൻ എന്നീ പേരുകളിൽ അറിയപ്പെടുന്ന രണ്ടു മഹാദേവൻമാരെ പ്രതിഷ്ഠിച്ചിരിക്കുന്നു. പ്രധാന പ്രതിഷ്ഠാമൂർത്തി ഇരട്ടയപ്പനാണ് ഗ്രാമപരദേവത. വൃത്താകൃതിയിലുള്ള ശ്രീകോവിലിനുള്ളിൽ ഉമാമഹേശ്വരൻ എന്ന സങ്കല്പത്തിലുള്ള മഹാദേവൻ വാണരുളുന്നു. ഇതേ ശ്രീകോവിലിനുള്ളിൽ പാർവ്വതി ദേവിയേയും പ്രതിഷ്ഠിച്ചിട്ടുണ്ട്. ഇരട്ടയപ്പന്റെ വൃത്തശ്രീകോവിലിനു തെക്കുഭാഗത്ത് മാറി മൂന്ന് നിലകളുള്ള ഗംഭീരമായ ശ്രീകോവിലിനുള്ളിൽ മാടത്തിലപ്പൻ (മഹാദേവൻ) വാണരുളുന്നു. കേരളത്തിലെ ഏറ്റവും വലിയ ശിവലിംഗമാണ് ഈ ശ്രീകോവിലിനുള്ളിൽ പ്രതിഷ്ഠിച്ചിരിക്കുന്നതെന്ന് പറയുന്നു. മാടത്തിലപ്പന്റെ പ്രതിഷ്ഠ പുരുമഹർഷി നടത്തിയെന്ന് വിശ്വസിക്കുന്നു. ചുറ്റമ്പലത്തിന്റെ തെക്ക് മൂലയ്ക്ക് പുരുമഷർഷിയെ പ്രതിഷ്ഠിച്ചിട്ടുണ്ട്. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് നശിപ്പിക്കപ്പെട്ട വലിയ കൂത്തമ്പലത്തിന്റെ തറയിൽ ഒരു ചെറിയ കൂത്തമ്പലം പുതിയതായി പണിതിട്ടുണ്ട്. കൊല്ലവർഷം 1074 ാം ആണ്ടിലെ ക്ഷേത്രപുനരുദ്ധാരണത്തോടൊപ്പം പണിത് പ്രതിഷ്ഠിക്കപ്പെട്ട ഗോശാല കൃഷ്ണക്ഷേത്രവും മതിൽക്കെട്ടിനുള്ളിൽ കാണാം.

ഈ ക്ഷേത്രത്തിലെത്തിച്ചേരുന്നതിന് തൃശ്ശൂരിൽ നിന്ന് ഇരിങ്ങാലക്കുടയ്ക്കുള്ള വഴി 10 കിലോമീറ്റർ സഞ്ചരിച്ചാൽ മതി.

## മലബാർ കെ. ദാമോദരൻ
### (1912 – 1976)

കമ്മ്യൂണിസ്റ്റാചാര്യൻ, സാഹിത്യകാരൻ, പ്രഗത്ഭനായ വാഗ്മി, ശ്രദ്ധേയനായ ഗ്രന്ഥകാരൻ എന്നീ നിലകളിലൊക്കെ ആരാദ്ധ്യനായിരുന്ന കെ. ദാമോദരൻ തിരൂരിൽ 1912 ൽ ജനിച്ചു. കീഴേടത്ത് ദാമോദരമേനോൻ എന്നതാണ് പൂർണ്ണമായ പേര്. കോഴിക്കോട്, കാശിവിദ്യാപീഠം എന്നിവിടങ്ങളിൽ നിന്നു വിദ്യാഭ്യാസം പൂർത്തിയാക്കി. സ്വാതന്ത്ര്യസമരകാലഘട്ടം മുതൽ പൊതുരംഗവുമായി ബന്ധപ്പെട്ടു. ഹ്രസ്വകാലം കേരളസംസ്ഥാന കോൺഗ്രസ്സ് കമ്മിറ്റിയുടെ സെക്രട്ടറിയായിരുന്നു. പ്രഗത്ഭ മാർക്സിസ്റ്റ് ചിന്തകൻ എന്ന നിലയിൽ എണ്ണമറ്റ പ്രസിദ്ധീകരണങ്ങളിലൂടെ മികച്ച സംഭാവനകൾ പാർട്ടിക്ക് നൽകിയിട്ടുണ്ട്. മലയാള നാടകപ്രസ്ഥാനത്തിൽ ഒരു വഴിത്തിരിവിനെ കുറിക്കുന്നതാണ് ദാമോദരന്റെ പാട്ടബാക്കി എന്ന നാടകം. വിലപ്പെട്ട ഒട്ടേറെ ആധികാരികഗ്രന്ഥങ്ങളും അദ്ദേഹത്തിന്റേതായിട്ടുണ്ട്. ഇന്ത്യയുടെ ആത്മാവ്, എന്താണ് സാഹിത്യം, ഭാരതീയ തത്വചിന്ത എന്നിവ മലയാള ഭാഷയുടെ ആധികാരിക ഗ്രന്ഥങ്ങളാണ്. ധനതത്വശാസ്ത്രം, രാഷ്ട്രമീമാംസ , ചരിത്രം, നരവംശശാസ്ത്രം, മാർക്സിസം എന്നിങ്ങനെ വിവിധ വിഷയങ്ങളെ ആധാരമാക്കി ഇംഗ്ലീഷിലും മലയാളത്തിലും ഗ്രന്ഥരചന നിർവഹിച്ചിട്ടുണ്ട്. ഇംഗ്ലീഷിൽ രചിച്ച ഇന്ത്യൻ തോട്ട് എന്ന കൃതി ഭാരതത്തിലും പുറത്തുമുള്ള പണ്ഠിതലോകത്തിന്റെ തികഞ്ഞ പ്രശംസയ്ക്ക് അർഹമായി. സ്റ്റാലിന്റെ കാലത്ത് മാർഷൽടിറ്റോ, ദേശീയതയുടെ കൊടിയുയർത്തി. അക്കാലത്ത് അത് പ്രതിവിപ്ലവമായി കമ്മ്യൂണിസ്റ്റുകൾ വ്യാഖ്യാനിച്ചു. പക്ഷേ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ ദേശീയ കമ്മ്യൂണിസം പടർന്നു വ്യാപിച്ചു. ക്രാന്തദർശിയായ ദാമോദരൻ അത് കാണുകയും തുറന്നെഴുതുകയും ചെയ്തു. അതോടെ ജീവിതസായാഹ്നത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തോട് ദാമോദരന് അകലേണ്ടി വന്നു. ഇന്ത്യയിലൊരു കമ്മ്യൂണിസ്റ്റാചാര്യൻ മാർക്സസിസത്തിനു നൽകിയ തിരുത്തൽ യൂറോപ്യൻ കമ്മ്യൂണിസ്റ്റു പാർട്ടികളംഗീകരിച്ചു. സഹധർമ്മിണി കെ.പി. പത്മം അറിയപ്പെടുന്ന എഴുത്തുകാരിയായിരുന്നു. രാജ്യ സഭാംഗമായിരുന്നു. ചൈന, സോവിയറ്റ് യൂണിയൻ തുടങ്ങി ലോകത്തു പലേടത്തും സഞ്ചരിച്ചിട്ടുള്ള ദാമോദരൻ ഇടതുപക്ഷ രാഷ്ട്രീ യക്കാർക്കൊക്കെ ഒരു മാർഗ്ഗദർശിയായിരുന്നു. ഡൽഹിയിൽ വച്ച് 1976 ജൂലൈ ഒന്നിന് അദ്ദേഹം നിര്യാതനായി.



പ്രിയ കരയോഗാംഗങ്ങളെ,

എറണാകുളം കരയോഗത്തിൻെറ 87 ാമത് സ്ഥാപകദിനാചരണം 2012 ഡിസംബർ 25 ചൊവ്വാഴ്ച വിവിധ പരിപാടികളോടെ സമുചിതമായി ആഘോഷിക്കുന്നു. അന്നേ ദിവസം കരയോഗത്തിൻെറ കുടുംബസംഗമവും നടത്തുന്നു. രാവിലെ 5 .30 മണി മുതൽ കരയോഗ വിഘ്നേശ്വര ക്ഷേത്രത്തിൽ നവകം, പഞ്ചഗവ്യം, കലശം, വിശേഷാൽ പൂജകളോടെ ആരംഭിയ്ക്കുന്ന പരിപാടികൾ രാത്രി 10 മണിയോടെ, അമ്പലം കൂട്ടി ശാസ്താം പാട്ടോടെ ഒരു ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന പരിപാടികളായി നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. കരയോഗാംഗങ്ങളും, അവരുടെ കുടുംബാംഗങ്ങളും കരയോഗം സ്ഥാപകദിനമായ ഡിസംബർ 25 ന് രാവിലെ മുതൽ കുടുംബസംഗമത്തിന് എത്തിച്ചേരണമെന്നും, സാന്നിദ്ധ്യം കൊണ്ടും, സഹകരണം കൊണ്ടും 87 ാമത് സ്ഥാപക ദിനം സമുചിതമായി ആഘോഷിക്കുന്ന വേളയിൽ, കരയോഗമാകുന്ന കൂട്ടുകുടുംബ തറവാട്ടിൽ ഒരു ദിവസം ഒത്തുചേരുവാനും, പരസ്പരം പരിചയം പുതുക്കുവാനുമുള്ള സുവർണ്ണാവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മുൻലക്കം കരയോഗസൗഹൃദത്തിൽ ഹൈന്ദവ ആചാരങ്ങൾക്ക് അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതിയെ കുറിച്ച് പ്രതിപാതിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആദ്യ സംഭാവന ഒരുലക്ഷം രൂപ കെ. വേണുഗോപാലൻ നായർ ദേവ പ്രോജക്റ്റ് പ്രൈവറ്റ് ലിമിറ്റഡ്, മറൈൻഡ്രൈവ്, കൊച്ചിൻ – 18 നല്കിയ വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. അദ്ദേഹത്തോടുള്ള നന്ദി ഇവിടെ രേഖപ്പെടുത്തട്ടെ.

ശ്രീമന്നാരായണീയത്തിൻെറ 425 ാം വാർഷികം ഡിസംബർ 13, വ്യാഴാഴ്ച രാവിലെ 8 മണി മുതൽ സർവ്വൈശ്വര്യ വിളക്ക് പൂജയോടെ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തുന്നു.

ധനു മാസത്തിലെ തിരുവാതിര ആഘോഷം 2012 ഡിസംബർ 27 ന് മകയിരം നാളിൽ കരയോഗത്തിലെ വനിതാ അംഗങ്ങളും, അവരുടെ കുടുംബാംഗങ്ങളും സംയുക്തമായി ആഘോഷിക്കുന്നു. വൈകുന്നേരം 8 മണി മുതൽ ടി.ഡി.എം.ഹാളിൽ അനുഷ്ഠാന ചടങ്ങുകളും, തിരുവാതിര കളിയും ഉണ്ടായിരിക്കുന്നതാണ്.

എറണാകുളം കരയോഗത്തിൻെറയും, ജില്ലാ മീഡിയേഷൻ സെൻററിൻെറയും , ലീഗൽ സർവ്വീസ് സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ കുടുംബകോടതിയിൽ നിലവിലിരുന്ന 76 കേസുകളുടെ മെഗാ അദാലത്ത് നടത്തി. ബഹു.ഹൈക്കോടതി ജസ്റ്റിസ്. എസ്.സിരിജഗൻ മെഗാ മീഡിയേഷൻ മേള ഉദ്ഘാടനം ചെയ്തു. പരിഗണിച്ച 76 കേസുകളിൽ 44 കേസുകൾ രമ്യമായി പരിഹരിക്കാൻ സാധിച്ചു എന്നത് ചാരിതാർത്ഥ്യജനകമാണ്. നവംബർ 16, 17 തീയതികളിൽ പി.സി.എസ്.ജെയുടെയും, ബിസിനസ്സ് കമ്മ്യൂണിറ്റി ഫൗണ്ടേഷൻെറയും സംയുക്താഭിമുഖ്യത്തിൽ എറണാകുളം കരയോഗം ജില്ലയിലെ വിവിധ സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് അവരുടെ കരകൗശല വൈദഗ്ധ്യത്തിന് വേദിയൊരുക്കി. 23 ഓളം സ്പെഷ്യൽ സ്ക്കൂളുകളാണ് മേളയിൽ പങ്കെടുത്തത്. ബഹു. ഹൈക്കോടതി ജസ്റ്റിസ് ഹാരുൺ ഉൾ റഷീദ് മേള ഉദ്ഘാടനം ചെയ്തു.

എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ 74 പേരടങ്ങിയ താർത്ഥയാത്രാ സംഘം നവംബർ 3 ന് പുറപ്പെട്ട് അലഹബാദ്, കാശി, ഗയ, ബോധഗയ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച് 16–ാം തീയതി തിരിച്ചെത്തി. കാശിയാത്രയെ സംബന്ധിച്ചും, അനുഭവങ്ങളെക്കുറിച്ചും കൂടുതൽ വിവരങ്ങൾ ഈ മാസത്തെ സൗഹൃദത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്

ബീമും എറണാകുളം കരയോഗവും സംയുക്തമായി നടത്തുന്ന ഡിസംബർ മാസത്തെ പരിപാടിയായ അയ്യർ ബ്രദേഴ്സിൻെറ ഇരട്ടവീണക്കച്ചേരി 29.12.12ന് , വൈകിട്ട് 6.30ന് ടി.ഡി.എം.ഹാളിൽ(ഗംഗയിൽ ) അരങ്ങേറുന്നതാണ്.

കരയോഗത്തിൻെറ കുടുംബസംഗമത്തിലും, സ്ഥാപകദിനപരിപാടികളിലും എല്ലാ അംഗങ്ങളുടെയും സാന്നിദ്ധ്യവും, സഹകരണവും ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു.

എന്ന്

**– ജനറൽസെക്രട്ടറി**





**ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്**
റിട്ടയേർഡ് എഞ്ചിനീയർ,
വാസ്തു വിദഗ്ദ്ധൻ

# വാസ്തു സംബന്ധമായ . . .

## പൂജാമുറിയും തുളസിത്തറയും

**വീ**ടിനു പുറത്ത് പ്രാർത്ഥനാമുറി നിർമ്മിക്കുന്നതിൽ തെറ്റില്ല. പ്രാർത്ഥിക്കുന്നയാൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിഞ്ഞു നിൽക്കുന്നവിധം വേണം പ്രാർത്ഥനാമുറി നിർമ്മിക്കാൻ. ദൈവരൂപത്തിനോ വിഗ്രഹത്തിനോ ഉദയം അല്ലെങ്കിൽ അസ്തമയം കാണാൻ സാധിക്കുന്നവിധം വേണം പൂജാമുറിയുടെ ക്രമീകരണം. പൂജാമുറിയിൽ വിഗ്രഹം വയ്ക്കുന്നതിന്റെ എതിർ ദിശയിൽ ജനാലയോ വാതിലോ വേണം. വീടിന്റെ കോണിയുടെ അടിയിലുള്ള സ്ഥലത്ത് പൂജാമുറി നിൽമ്മിച്ച ധാരാളം വീടുകളുണ്ട്. അത് തെറ്റാണ് എന്നു പറയാൻ പറ്റില്ല. എന്നാൽ ഉദയമോ അസ്തമയമോ കാണാവുന്ന വിധം ക്രമീകരിക്കണമെന്നു മാത്രം. പ്രാർത്ഥനാമുറി വടക്കോട്ടു തിരിച്ചു വച്ച വീടുകൾ ഉണ്ട്. ഇത് വാസ്തുപരമായി തെറ്റൊന്ന് പറയാനാവില്ല. അപ്പോൾ വടക്കും കിഴക്കും പടിഞ്ഞാറും ജനൽ വേണമെന്നു മാത്രം. മുറ്റത്തു തുളസിത്തറയിൽ ഏതു തരം തുളസിയും നടുന്നത് നല്ലതാണ്. നമ്മുടെ നാട്ടിൽ അമ്പതു തരം തുളസിയുണ്ട്. തുളസിക്കുതറകെട്ടുമ്പോൾ കിഴക്കു വടക്കു ഭാഗങ്ങൾ തറയേക്കാൾ താഴ്ന്നിരിക്കണം. ചുറ്റും നടക്കുവാൻ വഴിവേണം. വീടിനോടോ മതിലിനോടോ മുട്ടരുത്. തുളസിത്തറ തെക്കും പടിഞ്ഞാറുമാണെങ്കിൽ തറയെക്കാൾ ഉയരത്തിൽ പണിയണം. എല്ലാ വീടിന്റേയും തെക്കുപടിഞ്ഞാറ് തുളസി മാത്രമുള്ള തോട്ടം ഉണ്ടായാൽ കാറ്റുവഴി ധാരാളം പ്രാണവായുവും സുഗന്ധവും വീട്ടിലേക്കെത്തും. അതിരാവിലെ തുളസി നനച്ച് ചുറ്റും നടക്കുന്നത് ശീലമാക്കിയാൽ നല്ലത്. വേപ്പ്, നെല്ലി എന്നിവ തെക്കും പടിഞ്ഞാറും നടുന്നത് വളരെ നല്ലതാണ്.

**2013 ഫെബ്രുവരി 12 ശനിയാഴ്ച രാവിലെ 9.30 ന്** ഇതു സംബന്ധിച്ച് ശ്രീ. പരിയാടത്ത് പ്രഭാകരമേനോൻ ടി.ഡി.എം. ഹാളിൽ എത്തുന്നവർക്ക് വാസ്തു സംബന്ധമായ പരിഹാരങ്ങൾക്കുള്ള ഉപദേശം നൽകും. താൽപ്പര്യം ഉള്ളവർ ഫെബ്രുവരി 10ന് വൈകുന്നേരം 5 മണിക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്തിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ് (Ph: 0484-2361160, Extn: 35). Prabhakara Menon : +91 9447032432, +91 9895951595, E- mail: pariyadathp@gmail.com

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

നിങ്ങളുടെ അടുത്തുള്ള ക്ഷേത്രങ്ങളുടെ മാഹാത്മ്യം, പ്രത്യേകതകൾ, പൂജകൾ, പ്രത്യേക വഴിപാടുകൾ, ക്ഷേത്രത്തെക്കുറിച്ചുള്ള ഐതിഹ്യം എന്നിവയെല്ലാം എഴുതി ക്ഷേത്രത്തിന്റെ ഫോട്ടോ സഹിതം അയച്ചു തന്നാൽ പ്രസിദ്ധീകരണ യോഗ്യമായിട്ടുള്ളത് കരയോഗ സൗഹൃദതതിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

എന്ന്
എഡിറ്റർ



ദേവി ശരണം

**തെക്കേ അമ്മൻകോവിലിൽ**

ദിവാൻസ് റോഡ്, കൊച്ചി - 16
ശ്രീമദ് ദേവി ഭാഗവതം നവാഹ
പാരായണ യജ്ഞം
യജ്ഞാചാര്യൻ ശ്രീ.എ.രാമസ്വാമി (രമണി)
2013 ഫെബ്രുവരി 7 മുതൽ കുംഭഭരണിദിനമായ
16 ാം തിയതി വരെ

# വ്യാധഗീത

– കെ.എം.ശങ്കരൻകുട്ടി

**ചാതുർവർണ്യം മയാസൃഷ്ടം,
ഗുണകർമ്മവിഭാഗശ
സൃകർത്താരമലിമാം,
വൃദ്ധ്യകർത്താരമവ്യയം**

ഗുണകർമ്മവിഭാഗമനുസരിച്ച് ചാതുർവർണ്യം ഞാൻ സൃഷ്ടിച്ചിരിക്കുന്നു. നിഷ്കൃയനും അനശ്വരനുമായ എന്നെതന്നെ ചാതുർവർണ്യത്തിന്റെ സൃഷ്ടാവായി അറിയുക എന്ന് ഭഗവാൻ ഗീതയിൽ പറഞ്ഞത് വളരെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്.

ജൻമനാൽ ആരും ബ്രാഹ്മണനാകുന്നില്ല. സാത്ത്വികമായ ചിന്തയും പ്രവർത്തിയും ആണ് ഒരുത്തനെ ബ്രാഹ്മണപദവിയിലേക്ക് എത്തിച്ചേരുവാൻ സഹായി ക്കുന്നത് എന്ന് ഭഗവാൻ ഉറപ്പിച്ച് ് പറയുന്നു. വ്യാസഭഗവാൻ മഹാഭാരതത്തിൽ കൗശികബ്രഹ്മണ പതിവ്രതോപാഖ്യാനത്തിൽ ബ്രാഹ്മണ ധർമ്മം എന്താണ് എന്ന് പറഞ്ഞു തരുവാൻ ഒരു കഥ പറയുന്നുണ്ട്.

വൃദ്ധരായ മാതാപിതാക്കളുടെ സമ്മതം കൂടാതെ, അവരെ പ്രസാദിപ്പിക്കാതെ, വേദപഠനത്തിനിറങ്ങിയ തപോനിധിയും ധർമ്മശീലനും ആയ ഒരു ബ്രാഹ്മണനെയും, വൃദ്ധരായ അവരെ ശിശ്രൂഷിയ്ക്കലാണ് ഏറ്റവും വലിയ ധർമ്മം എന്ന് ബ്രാഹ്മണനെ ഉപദേശിച്ച് മടക്കി അയയ്ക്കുന്ന ക്രൂരശൂദ്രജാതിയിൽ ജനിച്ച്, അത്യുന്നത ബ്രാഹ്മണപദവിയിൽ എത്തിയ ഒരു ധർമ്മവ്യാധനെയും ഇവിടെ കാണാം.

കൗശികൻ എന്ന ബ്രാഹ്മണൻ വേദം ചൊല്ലി ഒരു വൃക്ഷച്ചുവട്ടിൽ ഇരിക്കുന്ന സമയത്ത് ഒരു വലാക (വെള്ളിൻ പക്ഷി) മരത്തിന്റെ മുകളിൽ ഇരുന്ന് അദ്ദേഹത്തിന്റെ ശിരസ്സിൽ കാഷ്ഠിച്ചു. മേൽപ്പോട്ടു നോക്കിയപ്പോൾ പക്ഷിയെ കണ്ട ബ്രാഹ്മണൻ കോപിച്ച്, മനസ്സുകൊണ്ട് ധ്യാനിച്ച്, ഉഗ്രമായി ഒന്നു നോക്കി. വിപ്രന്റെ ശാപദൃഷ്ടി തട്ടി അത് നിലവിളിച്ച് താഴെവീണ് പിടഞ്ഞ് ചത്തു. ഇത് കണ്ട് അദ്ദേഹം അനുശോചിച്ചു. തൻമൂലം ശോകാകുലനായി വ്യസനത്തോടെ ഭിക്ഷക്ക് ഒരു ഗ്രാമത്തിൽ ചെന്നു. ശുദ്ധിയുള്ള ഒരു കുലം കണ്ട് അവിടെചെന്ന് ഭിക്ഷചോദിച്ചു. ഗൃഹനാഥ അവിടെ ഇരിയ്ക്കു തരാം എന്ന് പറഞ്ഞ് അകത്തേക്ക് പോയി. അതിനിടെ വിശന്നു തളർന്ന് അവളുടെ ഭർത്താവ് അവിടെവന്ന് കയറി. പതിയെ കണ്ട ഉടൻ, പണിയൊക്കെ നിർത്തിവെച്ച്, അവളുടെ ഭർത്താവിനെ ശുശ്രൂഷിച്ച് ഭക്ഷണം നൽകി. ഭർത്താവിനെ അവൾ ദൈവമായിട്ടാണ് കരുതിപ്പോന്നിരുന്നത്. ദേവതകൾക്കും അതിഥികൾക്കും വിപ്രൻമാർക്കും ശ്വശ്രുവിനും ശ്വശുരനും നിത്യം ശുശ്രൂഷ ചെയ്യുന്ന വളാണ് അവൾ. പിന്നീട് ബ്രാഹ്മണന് ഭിക്ഷയും ആയി പുറത്തുവന്നു. താമസിച്ചതിൽ കോപിച്ച വിപ്രനോട് അവൾ ക്ഷമ ചോദിച്ചു. അവൾ പറഞ്ഞു. ഭർത്താവ് എന്റെ പരദൈവമാണ്. വിശന്നു വലഞ്ഞു വന്ന അയാളെ ശുശ്രൂഷിച്ചപ്പോൾ അല്പം വൈകിപ്പോയി. ബ്രഹ്മണനേക്കാൾ മേലെയാക്കി ഭർത്താവിനെ ശുശ്രൂഷിച്ചതിൽ തന്നെ നിന്ദിച്ചതായി കണ്ട വിപ്രൻ കൂടുതൽ ക്ഷോപിച്ചു. വിപ്രനിൽ ജാതിവ്യവസ്ഥ ഉണർന്നു. ഇതുകണ്ട ഗൃഹനാഥ പറഞ്ഞു. ഭവാൻ കോപിക്കാതിരിക്കൂ തന്റെ തെറ്റിനെ പൊറുക്കാൻ അവൾ വീണ്ടും അപേക്ഷിക്കുന്നതോടൊപ്പം അവൾ ഇത്രയുംകൂട്ടിച്ചേർത്തു. എനിക്ക് ഏറ്റവും ശ്രേഷ്ഠമായ ധർമ്മം പതിശുശ്രൂഷയാണ്. ഈ ധർമ്മം തുടർന്നും ഞാൻ അനുഷ്ഠിക്കും. ഭവാൻ വലാകയെ രോഷത്താൽ ചുട്ടു എന്ന് ഞാൻ അറിഞ്ഞു. മർത്ത്യന് ശത്രു അവന്റെ ഉള്ളിലെ കോപമാണ്. ക്രോധലോഭങ്ങൾ വിട്ടവനാണ് ദേവ സമ്മതനായ ബ്രാഹ്മണൻ. സത്യ ങ്ങൾ ചെയ്യുന്നവനും, ഹിംസിച്ചാലും ഹിംസിക്കാത്തവനും ആണ് യഥാർത്ഥ ബ്രാഹ്മണൻ. ഭവാൻ ധർമ്മതത്വം അറിയുന്നവനല്ല എന്ന് തോന്നുന്നു. ഈ പരമധർമ്മം അറിയുവാൻ ഭവാൻ മിഥിലയിൽ ചെന്ന് ധർമ്മ വ്യാധനോട് ചോദിക്കുക. അവൾ ഒരിയ്ക്കൽകൂടി വിപ്രനോട് ക്ഷമാപണം നടത്തി യാത്രയാകുന്നു. സത്യത്തെ മുറുകിപ്പിടിയ്ക്കുന്നവളും പതിവ്രതകളും പത്തു മാസം ഗർഭം ധരിച്ച് പ്രസവിയ്ക്കുന്നവളും ആയ സ്ത്രീകൾ കാലത്തിന്റെ അത്ഭുതസൃഷ്ടികളാണ് എന്ന് വ്യാസ ഭഗവാൻ ഉറപ്പിച്ച് പറയുന്നു. ഭർതൃ ശുശ്രൂഷ ഒന്നുകൊണ്ട്മാത്രം സ്ത്രീകൾ സ്വർഗ്ഗം വെല്ലുന്നു എന്നുകൂടി സമർത്ഥിക്കുന്നു.

കാടും ഗ്രാമങ്ങളും പട്ടണങ്ങളും കടന്ന് വിപ്രൻ ജനകരാജാവിന്റെ മിഥിലയിൽ എത്തി.

വ്യാധന്റെ വസതി അന്വേഷിച്ചെത്തിയത് മാംസം വില്ക്കുന്ന തെരുവിൽ. അവിടെ മാൻ, പോത്ത്, മുതലായ മൃഗങ്ങളുടെ മാംസം വില്ക്കുന്ന ആ തപസ്വിയെ കണ്ടെത്തി. വിൽപ്പന തിരക്കുള്ളതിനാൽ അല്പം മാറി നിന്നു.

വിപ്രൻ മാറിനിൽക്കുന്നതു കണ്ട് ആ മഹാത്മാവ് അദ്ദേഹത്തിന്റെ അടുത്തെത്തി. കൈകൂപ്പി തൊഴുതുകൊണ്ട് പറഞ്ഞു അങ്ങ് അന്വേഷിയ്ക്കുന്ന വ്യാധൻ ഞാൻ തന്നെയാണ്. ഭവാന് എന്ത് ചെയ്യണമെന്ന് പറഞ്ഞാലും മിഥിലയിലേയ്ക്ക് പോകുവാൻ ആ പതിവൃത പറഞ്ഞതും ഭവാൻ ഇവിടെ വരുവാനുള്ള കാരണവും ഞാൻ അറിഞ്ഞിരിക്കുന്നു .

ഇത്രയും കേട്ടപ്പോൾ വിപ്രൻ അത്ഭുതപ്പെട്ടു. വ്യാധൻ അദ്ദേഹത്തെക്കൂട്ടി വീട്ടിലേയ്ക്ക് പോയി, ആദരിച്ചിരുത്തി. സംഭാഷണം തുടങ്ങിവെച്ചത് വിപ്രനാണ്. എന്റെ അഭിപ്രായത്തിൽ ഈ തൊഴിൽ അങ്ങേയ്ക്ക് യോജിച്ചതല്ല.

ഇതിന് വ്യാധൻ മറുപടി പറഞ്ഞതു ഇപ്രകാരമായിരുന്നു. ഞാൻ കൊന്നതല്ല ഈ പോത്തും പന്നിയും. ഞാൻ തിന്നാറില്ല. എന്റെ അച്ഛനും മുത്തച്ഛനും ചെയ്തു വന്ന കുലത്തൊഴിൽ ഞാൻ തുടരുന്നു എന്ന് മാത്രം. വിധി മുമ്പെ കൊന്ന ജീവിയുടെ കാര്യത്തിൽ ഘാതകൻ ഒരു നിമിത്തം മാത്രമാണ്. ആയുസ്സ് അവസാനിക്കുമ്പോൾ ഒരു നിമിത്തം എത്തുന്നു എന്ന് മാത്രം. ഇതു

സമർത്ഥിക്കുവാനായി വേദത്തിൽ നിന്നും ഉദാഹരണങ്ങൾ അദ്ദേഹം നിരത്തുന്നുണ്ട്. വ്യാധൻ തുടരുന്നു.
ഈ കുലത്തൊഴിൽ ചെയ്യുന്നതോടൊപ്പം ഞാൻ ഗുരുക്കളെ പൂജിക്കുന്നു. സത്യമെ പറയുന്നുള്ളു ഈർഷ്യ തീരെ ഇല്ല. യഥാശക്തി ദാനം ചെയ്യുന്നു. ദേവതകൾക്കും അതിഥികൾക്കും ഭൃത്യൻമാർക്കും ഭക്ഷണം നൽകിയതിന് ശേഷമെ ഞാൻ ഭുജിയ്ക്കാറുള്ളു. ആരെയും നിന്ദിക്കുകയില്ല. ബലിഷ്ഠനോട് ഗർവ്വിയ്ക്കുകയില്ല. ഒരു നേരം മാത്രമെ ഞാൻ ഭക്ഷിക്കാറുള്ളു.

മനുഷ്യൻ സ്ഥിരമായി ചീത്തയല്ല. ശീലംകെട്ട മനുഷ്യനും ശീലവാനായി ജീവിക്കാം. കൊലപാതകിയും കൂടി ധാർമ്മികനായി വരും. ഉപദേശം തുടരുന്നു.

എന്നെ പുകഴ്ത്തുന്നവരെയും നിന്ദിയ്ക്കുന്നവരേയും ഭേദം കൂടാതെ ഞാൻ കാണുന്നു. നിത്യവും ശക്തിക്കൊത്തവിധം അന്നദാനം, ധർമ്മനിഷ്ഠ, സഹനശക്തി, സർവ്വഭൂതങ്ങളിലും നിത്യം അർഹതയ്ക്ക് ചേരുന്ന വിധം പൂജ ഇവ ചെയ്യുന്നു.

പ്രിയ കാര്യങ്ങൾ സംഭവിക്കുമ്പോൾ അധികമായി സന്തോഷിക്കരുത്. അപ്രിയ കാര്യങ്ങളിൽ ദുഃഖിക്കയുമരുത്. ധനസംബന്ധമായ ബുദ്ധിമുട്ടു വരുമ്പോൾ ഉഴലരുത്. ധർമ്മം തെറ്റുകയും അരുത്. എന്നും സാധു ആയി ജീവിക്കണം. തെറ്റ് ചെയതു പോയാൽ അതിൽ പശ്ചാത്തപിച്ചാൽ ചെയ്ത തെറ്റിന്റെ പാപം വിട്ടൊഴിഞ്ഞു പോകും. ഇനി ഞാൻ തെറ്റ് ചെയ്യുന്നതല്ല എന്ന് മനസ്സിൽ ഉറപ്പിച്ച് തെറ്റ് ചെയ്യാതിരിക്കുക കൂടി ചെയ്യണം. നിരന്തരം ചെയ്യുന്ന ശുഭകർമ്മം പാപത്തെ നീക്കം ചെയ്യും.

വിപ്രന്റെ മറ്റൊരു ചോദ്യത്തിന് ധർമ്മവ്യാധൻ മറുപടി പറയുന്നു. യജ്ഞം, ധ്യാനം, തപം, വേദം, സത്യം, പവിത്രമായ ഇവ അഞ്ചുമാണ് ശിഷ്ടാചാരങ്ങൾ. കാമം, ക്രോധം, ദംഭം, മാനം, ആർജ്ജവം ഇവയെ ജയിച്ച് കേവലം ധർമ്മം വിടാതെ ജീവിയ്ക്കുന്ന ശിഷ്ടസമ്മതർ എന്നും ശിഷ്ടരാകുന്നു. ആചാരലക്ഷണമെന്നത് രണ്ടാമത്തെതായ ശിഷ്ടലക്ഷണമാണ്. അച്ഛനമ്മമാരെ ശുശ്രൂഷിക്കൽ, സത്യം, ക്രോധമില്ലായ്മ, ദാനം ഇങ്ങനെ നാലാണ് നിത്യശിഷ്ടാചാരം. വേദത്തിന്റെ കാതലാണ് സത്യം. സത്യത്തിന്റെ കാതലാണ് ദമം. ദമത്തിന്റെ കാതലാണ് ത്യാഗം. അതു നിത്യമായ ശിഷ്ടാചാരമാണ്. അഹിംസ, സത്യഭാഷണം ഇവ എല്ലാം ഭൂതത്തിനും ഏറ്റവും ഹിതമാണ്. അഹിംസ ഏറ്റവും വലിയ ധർമ്മമാണ്. ആ അഹിംസയാകട്ടെ സത്യത്തിൽ നില്ക്കുന്നതാണ്. സജ്ജനങ്ങൾക്ക് ഉന്നതപദം മൂന്ന് ആണ്. ദ്രോഹിയ്ക്കരുത്, ദാനം ചെയ്യണം. എപ്പോഴും സത്യം പറയണം. ചില സമയത്ത് നുണ പറയാം, പ്രാണൻ നശിയ്ക്കും എന്നു വരുമ്പോൾ രക്ഷകിട്ടുമെങ്കിൽ.

ശുഭകർമ്മം ചെയ്താൽ ഫലം ശുഭമായിരിക്കും. ആത്മാവിന് മരണമില്ല. ജീവൻ ദേഹാന്തരം പ്രാപിക്കുകയാണ്. പഞ്ചഭൂതാത്മകമായദേഹം പഞ്ചഭൂതങ്ങളിൽ ചെന്ന് ചേരുന്നു. ഞാൻ ചെയ്ത കർമ്മങ്ങൾ ഞാൻ തന്നെ ഏൽക്കണം. അതിന് യാതൊരു മാറ്റവും സംഭവിക്കുന്നില്ല. ശുഭ യോനിയിൽ ശുഭവാനും, പാപയോനി യിൽ പാപിയും ജനിക്കുന്നു.

തുടർന്ന് ബ്രാഹ്മണന് പരമമായ പദത്തെ നേടാനുള്ള ഉപദേശങ്ങളാണ് ധർമ്മവ്യാധൻ നൽകുന്നത്.

ഇന്ദ്രിയങ്ങൾ എങ്ങിനെ നിഗ്രഹിക്കും, നിഗ്രഹിച്ചാൽ എന്താണ് ഫലം എന്ന വിപ്രന്റെ ചോദ്യത്തിന് മറുപടി പറയുന്നു. മനുഷ്യർക്ക് അറിവിനായി ആദ്യം മാനസം പ്രവർത്തിയ്ക്കുന്നു. അതുചെന്ന് കാമം ,ക്രോധം ഇവയിൽ ഏൽക്കുന്നു. അതിനുവേണ്ടി പിന്നെ യത്നിച്ച് കർമ്മം ചെയ്യുന്നു. ഇഷ്ടപ്പെട്ട രൂപം ഗന്ധം എന്നിവ ശീലിച്ച് അവ വർദ്ധിക്കുന്നു. അതിന് മേലെ ദ്വേഷവും അതിന് മേലെ ലോഭവും, അതിന്മേലെ മോഹവും ജനിക്കുന്നു. ലോഭത്തിൽപ്പെട്ട രാഗദ്വേഷത്തിന് ധർമ്മം ബുദ്ധിയിൽ നിൽക്കുകയില്ല, ചേരുകയില്ല. വ്യാജമായി ധർമ്മം ഭാവിയ്ക്കും. വ്യാജാൽ അർത്ഥം കൊതിക്കും. അങ്ങനെ പടിപടിയായി വ്യാജാൽ സിദ്ധിയ്ക്കുന്ന അർത്ഥത്തിൽ ബുദ്ധി രമിച്ചിട്ട് പാപം ചെയ്യുവാൻ ഒരുങ്ങും. രാഗദ്വേഷത്താൽ മൂന്നു വിധം അധർമ്മവും അവന് ഉണ്ടാകും. മനസ്സുകൊണ്ടും കർമ്മംകൊണ്ടും സൽഗുണം നശിക്കും. മുൻകൂട്ടി, ബുദ്ധികൊണ്ട് ഈ ദോഷം പുരുഷൻ കണ്ടാൽ സുഖദുഃഖങ്ങളിൽ നിന്നും ദക്ഷനായവൻ സജ്ജനങ്ങളെ സേവിയ്ക്കും. അവന് സാധുയജ്ഞത്താൽ ധർമ്മത്തിൽ ബുദ്ധിചെല്ലും. സ്വർഗ്ഗവും നരകവും ഇവ രണ്ടും എല്ലാം ഇന്ദ്രിയങ്ങൾ തന്നെയാണ്. ഇന്ദ്രിയം നിഗ്രഹിച്ചാൽ സ്വർഗ്ഗം, അഴിച്ചുവിട്ടാൽ നരകം, സമ്പൂർണ്ണ യോഗവിധി ഇന്ദ്രിയ നിഗ്രഹമാണ്. ധർമ്മവ്യാധൻ തുടരുന്നു.

പുരുഷന് ശരീരം രഥമാണ്. ആത്മാവ് സുതനാണ്. ഇന്ദ്രിയങ്ങൾ കുതിരകളാണ്. ഈ കുതിരകളെ തെറ്റാതെ മെരുക്കികൊണ്ട് പോയാൽ ധീരൻ സുഖമായി രഥിയെപ്പോലെ പോകും. വിപ്രന്റെ മറ്റൊരു ചോദ്യത്തിന് ഉത്തരമായി ധർമ്മവ്യാധൻ, തമസ്സ്, രജസ്സ് സത്വം എന്നിവയുടെ ഗുണങ്ങൾ പറഞ്ഞു കൊടുക്കുന്നു.

തമസ്സ് മോഹമാണ്. രജസ്സ് പ്രവർത്തകമാണ്, സത്വം പ്രകാശത്മകമാണ്. സത്വം ഏറ്റവും ശ്രേഷ്ഠമാണ്.

അവിദ്യാപ്രായനായി,മൂഢനായി നിദ്രാലസനായി, ജളനായി, ദന്ഥേന്ദ്രിയനായി, ക്രോധനായി, മടിയനായിരിയ്ക്കുന്നവൻ താമസനാണ്. തമോഗുണക്കാരനാണ്. ഉത്സാഹം, അഭിമാനം, ആത്മാഭിമാനം എന്നിവയുടെ ആധിക്യത്താൽ അകാരണമായി മറ്റൊരാൾക്ക് വഴങ്ങാത്തവനായിരിയ്ക്കുന്ന പുരുഷൻ രാജസനാണ്.

നല്ലപോലെ പ്രസന്നതയുള്ളവനും, ധീരനും എന്തെങ്കിലും ചെയ്യുവാനുള്ള അത്യാഗ്രഹംകൊണ്ടുള്ള എടുത്തചാട്ടം ഇല്ലാത്തവനും, അനീഷ്യനും ധീമാനും കോപമില്ലാത്തവനും ദാന്തനും ആയവൻ സത്യഗുണൻ, സാത്വികൻ ആകുന്നു.

ശൂദ്രജാതിയിൽ ജനിച്ചവനായാലും സൽഗുണോപാസനമൂലം വൈശ്യത്വം നേടും. ക്ഷത്രിയത്വവും നേടും, ആർജ്ജവത്തിൽ ഇന്ദ്രനാൽ അവന് ബ്രാഹ്മണത്വവും സിദ്ധിയ്ക്കും.

പാർത്ഥിവമായ ധാതുവിൽ ശരീരാഗ്നി എങ്ങിനെ ഉണ്ടാകുന്നു എന്ന വിപ്രന്റെ ചോദ്യത്തിന് ധർമ്മവ്യാധൻ ഉത്തരം പറയുന്നു. ദേഹികൾക്ക് അന്നം പചിയ്ക്കുന്ന ഊഷ്മാവാകുന്ന അഗ്നി, മൂർദ്ധാവിനെ ആശ്രയിച്ച് അഗ്നി ശരീരത്തെ പരിപാലിച്ച് നിൽക്കുക

യാണ്. സംശ്രയനും പ്രാണനുമായി മൂർദ്ധാഗ്നി ചേഷ്ടിപ്പിക്കുന്നു. ഭൂതവും ഭവ്യവും, ഭവിഷ്യവുമൊക്കെ പ്രാണനിൽ പ്രതിഷ്ഠിതമാണ്. അതുകൊണ്ട് ആ ഭൂതശ്രേഷ്ഠമായ ബ്രഹ്മയോനിയെ നാം സേവിക്കുന്നു. ആ ജീവൻ സർവ്വഭൂതാത്മവായ ശാശ്വത പുരുഷനാകുന്നു. മഹാനായ അവൻ ബുദ്ധിയും അഹങ്കാരവും ഭൂതങ്ങളുടെ വിഷയവും, അവ്യക്തനും സത്യമെന്തന്നറിയപ്പെടുന്നവനും, ജീവനും കാലവും, പ്രകൃതിയും പുരുഷനും പ്രാണനും എല്ലാം അവൻ തന്നെയാണ്. ഇപ്രകാരമുള്ള അവനെ പ്രാണൻ സർവ്വഭാഗവും പാലിക്കുന്നു. താൻ തന്റെ ഗതി കൈക്കൊള്ളുമ്പോൾ പിമ്പെ സമാനനും കാക്കുന്നു. വസ്തി, മൂലം, ഗുദം, ഇവയെ പറ്റി നിൽക്കുകയും മലമൂത്രങ്ങളെ വറ്റിയ്ക്കുകയും തുളക്കുകയും ചെയ്യുന്നത് അപാനനാണ്. പ്രയത്നം, കർമ്മം, ബലം ഇവയിൽ മൂന്ന് വിധത്തിൽ അവൻ പ്രവർത്തിപ്പിയ്ക്കുന്നു. അവനെ ഉദാനൻ എന്നു പറയുന്നു. അദ്ധ്യത്മജ്ജാനികൾ മനുഷ്യദേഹത്തിലെ സന്ധികൾ തോറും ഇരിയ്ക്കുന്ന അനിലനെ വ്യാനൻ എന്നു പറയുന്നു.

സമാനോദാനമദ്ധ്യത്തിൽ പ്രാണനും അപാനനും ചേർന്ന് സ്ഥിതി ചെയ്യുന്നു. അവർ ചേർന്ന് ഉത്ഭവിച്ച് അഗ്നിദേഹ പാകം നടത്തുന്നു. ഉള്ളിൽ ഗുദസജ്ഞിതനായ അപാനവായു സഞ്ചരിയ്ക്കുന്നു. അതുമൂലമാകുന്ന ദേഹിയുടെ പ്രാണങ്ങൾക്ക് നാഡികൾ കാണുന്നത്. അഗ്നി വേഗവഹനായ പ്രാണൻ ഗുദാന്തത്തിൽ ചെന്ന് അടിക്കും. പിന്നെ അവൻ വേഗം മേല്പോട്ട് പൊങ്ങി അഗ്നിയെ ഉയർത്തുന്നു. പക്വാശയം നാഭിയുടെ കീഴായും അതിന് മീതെ ആമാശയവും സ്ഥിതി ചെയ്യുന്നു. നാഭിമദ്ധ്യത്തിലായി പ്രാണികളുടെ എല്ലാ പ്രാണനും നിൽക്കുന്നു. ഹൃദയത്തിൽനിന്ന് ഏന്തി മേലും, കീഴും വിലങ്ങുമായി പ്രാണയോഗത്താൽ, അന്നരസം പത്തു നാഡികളും വഹിയ്ക്കുന്നു. യോഗികൾക്ക് പരമമായ പദം പ്രയാസം കൂടാതെ പ്രാപിയ്ക്കുവാൻ ഇതാണ് മാർഗ്ഗം. മൂർദ്ധാവിലാണ് ആത്മാവ്.

രാവിന്റെ ആദ്യകാലത്തും അന്ത്യകാലത്തും മനസ്സ് യോഗത്തിൽ വെയ്ക്കുന്നവൻ, ലഘുഭുക്കായ ശുദ്ധചിത്തൻ ബ്രഹ്മത്തെ ഉള്ളിൽ മനോദീപം കൊണ്ട് , ദീപത്തിനാൽ എന്നവിധം കാണും. ആ ദുർഗ്ഗുണാത്മാവിനെ കണ്ടാൽ അവൻ അപ്പോൾ വിമുക്തനാകുന്നു. ഏവനൊ സുഖത്തേയും ദുഃഖത്തേയും ത്യജിയ്ക്കുന്നു, ഇവ രണ്ടും കൈവിട്ടവൻ ബ്രഹ്മലോകത്തെ പ്രാപിയ്ക്കും.

ഈ സിദ്ധി ധർമ്മവ്യാധന് കിട്ടിയതെങ്ങനെയെന്ന് കാണിക്കുവാൻ വിപ്രനെ മാതാപിതാക്കളെ കാണുവാൻ ഗ്രഹത്തിന്റെ ഉള്ളിലേയ്ക്ക് ക്ഷണിക്കുന്നു. പീഠത്തിൽ ശുഭ്രമായ വസ്ത്രം ചാർത്തി പൂജയേറ്റ് ഊണ് കഴിച്ച് അച്ഛനമ്മമാർ ഇരിക്കുന്ന തായി വിപ്രൻ കാണുന്നു.

അവരെ കണ്ട ഉടൻ ധർമ്മവ്യാധൻ കാൽക്കൽ നമസ്കരിച്ചു. വ്യാധന്റെ ഗ്രഹം ഒരു ദേവാലയം പോലെ പവിത്രമായി ശോഭിക്കുന്നു. ജാമദഗ്ന്യനായ രാമൻ ഏതു വിധം വൃദ്ധരെ പൂജിച്ചുവൊ അപ്രകാരവും അധിലധികവും പൂജ ചെയ്താണ് വ്യാധൻ അച്ഛനമ്മമാരുടെ അനുഗ്രഹം വാങ്ങിയിരുന്നത്.

ധർമ്മവ്യാധൻ പറയുന്നു എന്റെ ദൈവം എന്റെ അച്ഛനമ്മാരാണ്. ദേവകൾക്ക് ചെയ്യേണ്ടത് ഞാൻ ഇവർക്ക് ചെയ്യുന്നു. ഇവരാണ് എനിക്ക് മുനീന്ദ്രൻമാർ. വാഴ്ത്തപ്പെടുന്ന അഗ്നികളും ഇവരാണ്. യജ്ഞങ്ങളും നാല് വേദങ്ങളും എനിക്ക് ഇവരാണ്. ഇവർക്ക് വേണ്ടിയാണ് എന്റെ പ്രാണനും, ഭാര്യയും പുത്രൻമാരും. സുഹൃജ്ജനങ്ങളോടും പുത്രഭാര്യമാരോടുംകൂടി ഞാൻ ഇവരെ പൂജിയ്ക്കുന്നു. ശുശ്രൂഷിക്കുന്നു. ഇവരോട് അനുകൂലമല്ലാതെ അപ്രിയമൊന്നും ഞാൻ പറയാറില്ല. അധർമ്മമായാലും ഇവരുടെ ഇഷ്ടം അറിഞ്ഞ് ചെയ്യും. ബുഭുക്ഷുവായ നരന് അഞ്ച് ഗുരുക്കൻമാരുണ്ട്. അച്ഛൻ , അമ്മ, അഗ്നി , ആത്മാവ് , ആചാര്യൻ. ഇവരിൽ നല്ലപോലെ വർത്തിക്കുന്നതായാൽ അവന് അഗ്നികൾ എല്ലാം പ്രസാദിക്കും. അഗ്നികൊണ്ട് അനുഷ്ഠിക്കേണ്ട സൽകർമ്മങ്ങൾ അനുഷ്ഠിച്ച ഫലം ലഭിയ്ക്കും. ഗ്രഹസ്ഥാശ്രമിയ്ക്ക് ഇത് ശാശ്വതമായ ധർമ്മമാകുന്നു.

ധർമ്മവ്യാധന്റെ ഉപദേശങ്ങൾ കേട്ട് സംതുഷ്ഠനായ വിപ്രൻ ഒരു സംശയം കൂടി തീർക്കണം എന്ന് ആവശ്യപ്പെടുന്നു. അപ്പോൾ ഇപ്രകാരം പറഞ്ഞു.

പതിശുശ്രൂഷ ചെയ്യുന്നവളും ദാന്തയും സത്യശീലയും ആയ സ്ത്രീ മിഥിലയ്ക്ക് അങ്ങ് പോവുക, അവിടെ വ്യാധൻ പാർക്കുന്നുണ്ട്, അവൻ ഭവാന് ധർമ്മം പറഞ്ഞു തരും എന്നു പറയുവാൻ കാരണം എന്താണ്. ധർമ്മവ്യാധൻ പറഞ്ഞു. ആ പതിവ്രത കാണിച്ചു തന്ന വഴി അങ്ങയുടെ ആത്മശുദ്ധിക്ക് വേണ്ടിയാണ്. തുടർന്ന് അദ്ദേഹം തന്റെ പൂർവ്വാശ്രമത്തെപ്പറ്റിയും വ്യാധനാകുവാനുള്ള ഒരു ശാപത്തെപ്പറ്റിയും പറയുന്നു. തുടർന്ന് ധർമ്മവ്യാധൻ വിപ്രനെ ഉപദേശിക്കുന്നു. നീ വീട്വിട്ട് പോന്നത് വൃദ്ധരായ അച്ഛനമ്മമാരുടെ സമ്മതം കൂടാതെ യാണ്. നീ വേദം പഠിക്കുന്നതി നായിട്ടാണെ ങ്കിലും നീ ചെയ്തത് അയുക്തമാണ്. വൃദ്ധരും തപസ്സികളും ആയ അവർ നീ പോന്നത് മൂലം നിന്നെ തന്നെ ചിന്തിച്ച് ദുഃഖിച്ച് അന്ധരായി കഴിയുകയാണ്. അവരുടെ പ്രസാദത്തിനായി ഭവാൻ തിരിച്ചു പോകുക.

വിപ്രന്റെ ശ്രേയസ്സിന് വേണ്ടി അനുഗ്രഹിച്ച് തിരിച്ചയക്കുന്നു. ഭവാൻ പറഞ്ഞതെല്ലാം സത്യമാണെന്ന് പറഞ്ഞുകൊണ്ട് വിപ്രൻ സ്വഗൃഹത്തിലേയ്ക്ക് മടങ്ങുന്നു. •


## വിവാഹ സഹായ പദ്ധതി – 2012

എറണാകുളം കരയോഗം നടപ്പാക്കുന്ന വിവാഹസഹായ പദ്ധതിയുടെ ഭാഗമായി സാമ്പ ത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബത്തിലെ മക്കളുടെ വിവാഹം നടത്തുന്നതിന് സഹായം നൽകുവാൻ കരയോഗം തീരുമാനിച്ചിരിക്കുന്നു.

അർഹരായവരിൽ നിന്നും അപേക്ഷകൾ ഡിസംബർ മാസം 20നകം കരയോഗം ഓഫീസിൽ ലഭിച്ചിരിക്കണം.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

**ഫോൺ – 0484–2361160**

# എറണാകുളം കരയോഗം സ്ഥാപകദിനവും കുടുംബസംഗമവും

**87 ാ മത് കരയോഗം സ്ഥാപകദിനം 2012 ഡിസംബർ 25 ന് സമുചിതമായി ആഘോഷിക്കുന്നു.**

രാവിലെ 5.00 ന് കരയോഗം വിഘ്നേശ്വര ക്ഷേത്രത്തിൽ വിശേഷാൽ പൂജകളോടെ ആരംഭിക്കുന്ന ചടങ്ങുകൾ കുടുംബസംഗമസമ്മേളനം, കലാപരിപാടികൾ, മത്സരങ്ങൾ, സമ്മാന വിതരണം, അയ്യപ്പപൂജ, ശാസ്താംപാട്ട്, പ്രസാദവിതരണം എന്നിവയോടെ അവസാനിക്കുന്നു. കുടുംബസംഗമത്തിൽ പങ്കെടുക്കുന്നവർക്ക് രാവിലെയും, ഉച്ചയ്ക്കും, വൈകുന്നേരവും, രാത്രിയും വിഭവസമൃദ്ധമായ ഭക്ഷണം ഏർപ്പാട് ചെയ്തിട്ടുണ്ട്. എല്ലാ കരയോഗം അംഗങ്ങളെയും കുടുംബസമേതം പങ്കെടുക്കുവാൻ സാദരം ക്ഷണിച്ചു കൊള്ളുന്നു.

അന്നേദിവസത്തെ എല്ലാ പരിപാടികളിലും പങ്കെടുക്കുന്നവർക്ക് പ്രത്യേക സമ്മാനങ്ങൾ നറുക്കെടുപ്പിലൂടെ ലഭിക്കുന്നതാണ്.

## പ്രത്യേക പരിപാടികൾ

രാവിലെ 5.00ന് തന്ത്രി പുലയന്നൂർ ശശി നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ അഷ്ടദ്രവ്യഗണപതിഹോമം

| | | |
|---|---|---|
| 5.30 മുതൽ 8 30 വരെ | : | സുദർശനഹോമം, നവകം, പഞ്ചഗവ്യം, ദിപാരാധന, പ്രസാദ വിതരണം |
| 8.30 മുതൽ 9 30 വരെ | : | പ്രഭാതഭക്ഷണം |
| 9.45 മുതൽ 10 45 വരെ | : | കുടുംബസംഗമ ഉദ്ഘാടനയോഗം |
| 10.45 | : | സോപാന സംഗീതം |
| 11.00 മുതൽ 1 മണിവരെ | : | കരയോഗം അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികൾ |
| 1 മണിമുതൽ 2 മണിവരെ | | ഉച്ചഭക്ഷണം |
| 2.00 മണി | : | കവിത, സംഗീതം, വിവിധ മത്സരങ്ങൾ, സമ്മാനദാനം |
| 4.15 | : | ചായ സത്കാരം |
| 4.30 | : | തായമ്പക |
| 5.00 | : | പീഠം വയ്ക്കൽ |
| 6.00 | : | ദീപാരാധന |
| 7.00 മുതൽ | : | ശാസ്താംപാട്ട്, അയ്യപ്പജനനം വരെ |
| 8.30 | : | അത്താഴഭക്ഷണം |
| 9.30ന് | : | ദീപാരാധന, പ്രസാദവിതരണം, പീഠം ഉദ്വസിക്കൽ |

## ശ്രീ ത്രിപുരസുന്ദരി ചതുഃഷഷ്ട്യുപചാര സ്തോത്രം

### സുന്ദരി വരിക പൂജയാണിതറുപത്തിനാലുപചരിച്ചിടാം

**കാമിനീ വരിക വാങ്ങു ഞാൻ തവ തരുന്ന പാദ്യമതുശങ്കരീ**
**കാമകാമിനി മനോഹരാഭരണമൊക്കെ മാറ്റു ശിവശങ്കരീ**
**ഗന്ധ തൈലമതു മേനിയൊട്ടിത പുരട്ടി ഞാൻ ശിവശങ്കരീ**
**സ്നാനശാലയതിലേയ്ക്കു വന്നു കയറീടുകിന്നു ഭവശങ്കരീ**

കാമകാമിനി= കാമേശ്വരന്റെ കാമിനി. ശിവശങ്കരി= ശിവനു സുഖം കൊടുക്കുന്നവൾ

ശിവവശങ്കരി= ശിവനെ വശീകരിച്ചവൾ. ഭവശങ്കരി= പ്രപഞ്ചത്തിന് സുഖം കൊടുക്കുന്നവൾ

സമ്പാ: ശ്രീ. നന്ദകുമാർ

## എറണാകുളം കരയോഗം വിമൺസ് ഫോറം

| തീയ്യതി | മുഖ്യപ്രഭാഷകർ | വിഷയം |
|---|---|---|
| 12.12.2012 | Dr. G .Chandrasekharan Nair | Health care through Nature and Yoga |

# അഭിനന്ദനങ്ങൾ



**ജയലക്ഷ്മി മണികണ്ഠൻ**

ത്യാഗരാജഭാഗവതരുടെയും ശിഷ്യരുടെയും കൃതികളെ ആസ്പദമാക്കി ഡോ.മാലിനി ഹരിഹരൻെറ നേതൃത്വത്തിൽ നടത്തിയ ഗവേഷണത്തിന് ശ്രീമതി.ജയലക്ഷ്മി മണികണ്ഠന് കാലടി ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റിയിൽ നിന്നും സംഗീതത്തിൽ ഡോക്ടറേറ്റ് ലഭിച്ചിരിയ്ക്കുന്നു.

ശ്രീമതി.ജയലക്ഷ്മി മണികണ്ഠൻ പരേതനായ ടി.ഡി.നന്ദകുമാറിൻെറയും കരയോഗാംഗമായ വൽസല നന്ദകുമാറിൻെറയും മകളും, ഡോ. കെ. മണികണ്ഠൻെറ പത്നിയും, എറണാകുളം കരയോഗം ജനറൽ സെക്രട്ടറി മേലങ്ങത്ത് പി.രാമചചന്ദ്രൻ (വേണു)ൻെറ സഹോദരി പുത്രിയുമാണ്. ജയലക്ഷ്മി എറണാകുളം മഹാരാജാസ് കോളേജിലെ സംഗീത വിഭാഗത്തിൽ ഗസ്റ്റ് ലക്ചറർ ആണ്. കരയോഗാംഗമായ ശ്രീമതി. ജയലക്ഷ്മി മണികണ്ഠന് എറണാകുളം കരയോഗത്തിൻെറ അഭിനന്ദനങ്ങൾ.



**ജ്യോതി മോൾ. പി**

മഹാത്മഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ പി.എച്ച്.ഡി. കരസ്ഥമാക്കിയ കോട്ടയം ബസേലിയസ് കോളേജ് അസി. പ്രൊഫസറായ ശ്രീമതി ജ്യോതി മോൾ.പിക്ക് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.

ശ്രീമതി. ജ്യോതിമോൾ കാഞ്ഞിരമറ്റം പുറത്തേക്കാട് പരേതനായ പി. അരവിന്ദന്റേയും ജലജയുടേയും മകളും എറണാകുളം കരയോഗാംഗം കളക്കാട് ശ്രീ. എ. ഗോപകുമാറിന്റെ ഭാര്യയുമാണ്.



**രോഹിണി.കെ. മേനോൻ**

എം.ജി. സർവ്വകലാശാലയിൽ നിന്ന് എം.എസ്സി ഫാമിലി റിസോഴ്സ് മാനേജ്മെന്റിൽ ഒന്നാം റാങ്ക് നേടിയ രോഹിണി.കെ. മേനോന് എറണാകുളം കരയോഗത്തിന്റെ അഭിനന്ദനങ്ങൾ. മിസ്. രോഹിണി എറണാകുളം കരയോഗാംഗമായ രവിപുരത്ത് ശ്രീ.പി. കുമാർ മേനോന്റെയും ശ്രീമതി. രമാദേവിയുടെയും മകളാണ്.

## എറണാകുളം കരയോഗം മെഡിക്കൽ സെൻറർ



എറണാകുളം കരയോഗം മെഡിക്കൽ സെൻററിൽ ഡോ. കല്യാണി മേനോൻ, MBBS, D G O യുടെ സേവനം അംഗങ്ങൾക്കും, പൊതുജനങ്ങൾക്കും ലഭ്യമാണ്. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ വൈകുന്നേരം 4 മുതൽ 6 വരെയാണ് ഡോക്ടറുടെ പരിശോധനാസമയം.

ഹോമിയോ ഡോക്ടറുടെ സേവനം രാവിലെ 8.30 മുതൽ വൈകുന്നേരം 6.30 വരെ തുടർന്നും അംഗങ്ങൾക്കും പൊതുജനങ്ങൾക്കും ഉപകാരപ്പെടുത്താവുന്നതാണ്.

– ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

## എൽഡർ സിറ്റിസൺസ് ഫാറം

**2012 ഡിസംബർ 20 മുതൽ 2013 ജനുവരി 20 വരെയുള്ള പരിപാടികൾ**

| തീയതി | പ്രഭാഷകൻ | വിഷയം |
|---|---|---|
| 20.12.12 | കെ.ജി.പത്മനാഭപിള്ള | തൃക്കാക്കര ക്ഷേത്രത്തിലെ ആദികാല ശിലാരേഖകൾ |
| 27.12.12 | വി.മാധവൻ നായർ | ലണ്ടൻയാത്രാവിവരണം |
| 3.01.2013 | സി.രാമചന്ദ്രൻ | വികസിക്കുന്ന പ്രപഞ്ചം |
| 10.01.2013 | എം.ശ്രീവല്ലഭൻ നായർ | ആത്മീയ ശക്തി |
| 17.01.2013 | പി.ജി.കൃഷ്ണൻ നായർ | വളരുന്ന വാർദ്ധക്യവും സാമൂഹ്യ ബാദ്ധ്യതയും |

## തീർത്ഥയാത്ര 2013

**എറണാകുളം കരയോഗം സംഘടിപ്പിക്കുന്ന ഉത്തരേന്ത്യൻ യാത്ര**

**ചാണ്ഡിഘട്ട്, ധർമ്മശാല, വൈഷ്ണവി ദേവിക്ഷേത്രം, ശ്രീനഗർ, വാകാബോഡർ, ഗോൾഡൻ ടെമ്പിൾ, ജാലിയൻബാലാബാഗ്, കുരുക്ഷേത്ര എന്നീ സ്ഥലങ്ങളിൽ ഏപ്രിൽ 18ന് യാത്ര പുറപ്പെടുന്നു. താല്പര്യമുള്ളവർ ഡിസംബർ 20–ാം തീയതിക്കു മുമ്പായി ഇരുപതിനായിരം രൂപ അടച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.**

ഫോൺ – 0484 2361160 Email. ekmkgm@gmail.com

# കാശി തീർത്ഥയാത്ര

ഗൗരി.ആർ.നാഥ്



**ഞ**ങ്ങൾ എഴുപത്തിനാലു പേരടങ്ങുന്ന സംഘം നവംബർ 3 ാം തീയതി രാത്രി പതിനൊന്നു മണിയ്ക്കുള്ള പാട്ന എക്സ്പ്രസിൽ കാശി തീർത്ഥയാത്രക്ക് പുറപ്പെട്ടു. പതിനാറുപേർ പുരുഷൻമാരും ബാക്കി സ്ത്രീകളുമായിരുന്നു. രണ്ടു ദിവസത്തെ ട്രെയിൻ യാത്രക്കുശേഷം അഞ്ചാം തീയി രാവിലെ ആറുമണിയോടെ അലഹബാദ് റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേർന്നു. സ്റ്റേഷനിൽ നിന്നും ഞങ്ങൾക്കുവേണ്ടി ഏർപ്പാടുചെയ്ത ടൂറിസ്റ്റ് ബസ്സിൽ ഹോട്ടലിലേക്ക് തിരിച്ചു. പ്രഭാതകർമ്മങ്ങൾക്കുശേഷം പിതൃകർമ്മങ്ങൾ നടത്താനായി ത്രിവേണി സംഗമസ്ഥാനത്തേക്ക് പുറപ്പെട്ടു. ഗംഗ, യമുന, സരസ്വതി എന്നീ നദികളുടെ സംഗമമാണ് ത്രിവേണി.ഞങ്ങളുടെ താമസസ്ഥലത്തുനിന്നും ഒൻപതു കിലോമീറ്റർ ദൂരെയുള്ള തൃവേണിക്കരയിലെത്തി. അവിടെനിന്നും ഒരു കിലോമീറ്റർ ബോട്ട് യാത്രയും ചെയ്താണ് സംഗമസ്ഥാനത്തെത്തിയത്. പ്രത്യേകം തയ്യാറാക്കിയിട്ടുള്ള സ്ഥലത്ത് കുളിച്ച് ഈറനോടെ ഗംഗാതീർത്ഥവും ശേഖരിച്ച് കരയിൽ ഒരുക്കിവച്ച മണ്ഡപത്തിൽ ആദ്യ പിതൃകർമ്മവും അനുഷ്ഠിച്ചു.

അലഹബാദിൽ കുംഭമേള നടക്കുന്ന മൈതാനവും പിന്നീട് അശോകചക്രവർത്തി പണിത കോട്ടയും കണ്ടു. ഗംഗാതീരത്താണ് കോട്ട സ്ഥിതി ചെയ്യുന്നത്. അക്ഷയ വടവൃക്ഷം, ജെയിൻ ടെംമ്പിൽ, സ്തംഭങ്ങൾ നിലവറയിൽ പൂജിക്കപ്പെടുന്ന ഹനുമാൻ എന്നിവയും കണ്ടശേഷം ബഡാഹനുമാൻ ക്ഷേത്രത്തിലേക്ക് നീങ്ങി. ശ്രീരാമ ലക്ഷ്മണൻമാരെ തന്റെ ബലിഷ്ഠമായ തോളിലിരുത്തി പാതാളത്തിൽ നിന്നും ഉയർത്തി കൊണ്ടു വരുന്നു എന്നതാണ് ആ ക്ഷേത്രത്തിലെ സങ്കല്പം.

ഉച്ചയ്ക്കുശേഷം ശങ്കരാചാര്യക്ഷേത്രം സന്ദർശിച്ചു. കാഞ്ചികാമകോടി ശങ്കരാചാര്യ മഠം വക ഉണ്ടാക്കപ്പെട്ടതാണ് ഈ ക്ഷേത്രം. കഞ്ചികാമാക്ഷി, തിരുപ്പതി, ബാലാജി മുതലായവയാണ് മുഖ്യപ്രതിഷ്ഠകൾ. അവിടെനിന്നും നോക്കിയാൽ ഗംഗാനദിയും ത്രിവേണി സംഗമവും വളരെ വ്യക്തമായി കാണാൻ സാധിക്കും. പിന്നീട് ആനന്ദഭവൻ സന്ദർശിച്ചു. 1927 ൽ മോത്തിലാൽ നെഹൃ നിരമ്മിച്ച മനോഹര ഹർമ്മ്യമാണ് ആനന്ദഭവൻ. മോത്തിലാൽ നെഹൃ, ജവഹർലാൽ നെഹൃ , സ്വരൂപ്റാണി , ഇന്ദിരാഗാന്ധി എന്നിവർ താമസിച്ചിരുന്ന മുറികളും അവർ ഉപയോഗിച്ചിരുന്ന നിരവധി സാധനങ്ങളും അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇന്ദിരാഗാന്ധിയുടെ വിവാഹം നടന്ന മണ്ഡപവും അതുകൂടാതെ തൊട്ടടുത്തുള്ള ഇന്ദിരാഗാന്ധി ജനിച്ച സ്ഥലമായ സ്വരാജ് ഭവൻ, നക്ഷത്ര ബംഗ്ലാവ് എന്നീ ഭവനങ്ങളും സന്ദർശിച്ചു. അവിടെ നിന്നും ഭരദ്വാജാ ശ്രമത്തിലേയ്ക്കാണ് പോയത്. വ്യാസമന്ദിരം, കൃഷ്ണമന്ദിരം, ശ്രീരാമലക്ഷ്മണൻമാർ രാമായണകാലത്ത് മുനിയെ സന്ദർശിച്ച സ്ഥലം എന്നിവയും കണ്ടു. തിരിച്ച് ഹോട്ടലിലേക്ക് വരുന്ന വഴി അലഹബാദ് ഹൈക്കോർട്ട് ഒരു നോക്ക് കണ്ടു.

ഹൃദയഭേദകരമായ ഒരു വാർത്ത കേട്ടാണ് ബുധനാഴ്ച ഞങ്ങൾ ഉറക്കമുണർന്നത്. ഹൃദയാഘാതത്തെ തുടർന്ന് ഞങ്ങളുടെ സംഘത്തിലാണ്ടായിരുന്ന ശ്രീമതി സാവിത്രിയമ്മയുടെ നിര്യാണമായിരുന്നു അത്. ഞങ്ങളുടെ കൂടെ ഉണ്ടായിരുന്ന ഡോ.സുന്ദരീമേനോന്റെ സേവനം ഉടൻ ഉണ്ടായെങ്കിലും അവർ അതിനകം മരിച്ചു കഴിഞ്ഞിരുന്നു. തുടർന്ന് എറണാകുളം കരയോഗം പ്രസിഡന്റ് ശ്രീ.കെ.പി.കെ.മേനോനും ജനറൽ സെക്രട്ടറി ശ്രീ.വേണുവും സെക്രട്ടറിയും കോഡിനേറ്ററുമായ ശ്രീ.നന്ദകുമാറും അവർക്കുവേണ്ട സർട്ടിഫിക്കറ്റുകൾ ശരിയാക്കാനായി അന്ന് അവിടെ തങ്ങി. ബാക്കിയുള്ള അംഗങ്ങൾ അയോദ്ധ്യയി ലേക്ക് യാത്ര തിരിച്ചു. അയോദ്ധ്യയാത്ര കഴിഞ്ഞ് അടുത്ത ദിവസം കാശിയിൽ വച്ച് വീണ്ടും ഞങ്ങൾ ഒത്തുചേർന്നു. അവരുടെ മൂന്നു മക്കളും പലയിടങ്ങളിൽ നിന്നായി

കാശിയിൽ എത്തിച്ചേർന്നിരുന്നു. തലേദിവസം ത്രിവേണി സംഗമത്തിൽ വച്ച് പിതാമഹൻമാർക്കും പ്രപിതാമഹൻ മാർക്കും പിണ്ഡം സമർപ്പിച്ച് തന്റെ കർമ്മങ്ങളെല്ലാം പൂർത്തിയാക്കിയാണ് ആ പുണ്യവതി ഇഹലോകവാസം വെടിഞ്ഞത്. എന്തിനുവേണ്ടിയാണോ പണ്ട് നമ്മുടെ പിതാമഹൻമാർ കാശിയാത്ര ചെയ്തിരുന്നത് അത് അവർ അന്വർത്ഥമാക്കി ഈ യാത്രയിൽ. കാശിയിൽ വച്ച് മരിക്കുകയോ, ശരീരം ദഹിപ്പിക്കുകയോ ചെയ്യുന്നവർക്ക് മോക്ഷം കിട്ടും എന്നാണ് പറയപ്പെടുന്നത്. കാശിയിലെ മഹാശ്മശാനമായ മണികർണ്ണിക യിൽ ശവദാഹത്തിന് വേണ്ട ഒരുക്കങ്ങൾ ചെയ്തിരുന്നു. എട്ടാം തീയ്യതി വ്യാഴാഴ്ച ഞങ്ങളെല്ലാവരുംകൂടി ചൊല്ലിയ ഹരേ രാമ ഹരേ കൃഷ്ണ മന്ത്രധ്വനികളാൽ മുഖരിതമായ അന്തരീക്ഷത്തിൽ എറണാകുളം കരയോഗം സംഘാടകരുടേയും കാശിയിലെ പരികർമ്മികളുടേയും മുഖ്യകാർമ്മികത്വത്തിൽ അവരുടെ ജഡം അഗ്നിഭഗവാന്റെ ജ്വാലയിൽ അമരുന്ന കാഴ്ച എല്ലാവരുടേയും കണ്ണുകളെ ഈറനണിയിച്ചു. അമ്മയായ ഗംഗമാതാവ് അവരെ ആവേശത്തോടെ പുണർന്നു. ആ ആത്മാവ് കാശിവിശ്വനാഥനിൽ ലയിച്ചു.

ബുധനാഴ്ച രാവിലെ അയോദ്ധ്യയിലേക്ക് പുറപ്പെട്ടു. വൈകുന്നേരം സരയൂനദിയിൽ സ്നാനം ചെയ്തു. കൈലാസത്തിൽ നിന്നാണ് സരയൂനദിയുടെ ഉത്ഭവം. ഈ നദിയിലാണത്രെ ശ്രീരാമദേവൻ അന്തർദ്ധാനം ചെയ്തത്. സരയൂമാതാവിന് വിളക്കുപൂജയും പശുക്കൾക്ക് ഗോപൂജയും ചെയ്തശേഷം ശ്രീരാമജൻമഭൂമിയായ ബാബറിമസ്ജിത് എന്നപേരിൽ അറിയപ്പെടുന്ന സ്ഥലത്തേക്ക് പോയി. താൽക്കാലികമായി പണിത മന്ദിരത്തിൽ പൂജിക്കപ്പെടുന്ന ശ്രീരാമപ്രതിഷ്ഠയും , സീതാദേവി ഉപയോഗിച്ചിരുന്ന കിണറും, കൈകേയി കോപകുലയായി കിടന്നിരുന്ന കെട്ടിടവും കണ്ടു. അതിനുശേഷം അല്പം ദൂരത്തുള്ള ശ്രീരാമക്ഷേത്ര നിർമ്മാണത്തിന് ഉപയോഗിക്കാൻ വേണ്ടി കൊത്തുപണികൾ ചെയ്തുവച്ച ശിലാസ്തംഭങ്ങളും ശിൽപ്പങ്ങളും കണ്ട് അത്ഭുതപരതന്ത്രരായി നോക്കി നിന്നുപോയി. ശ്രീരാമക്ഷേത്രത്തിന്റെ ഒരു മാതൃകയും അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. പിന്നീട് ജാനകീഘട്ടിലും, രാമക്ഷേത്രത്തിനുവേണ്ടി കോടതിയിൽ കേസ് കൊടുത്ത രാമദാസ് സ്വാമികളേയും സന്ദർശിച്ചു. അടുത്തതായി വാത്മീകിഭവനി ലേക്ക് പോയി. അവിടെയുള്ള ചുമരുകളിൽ വാത്മീകീ രാമായണം എഴുതി വച്ചിട്ടുണ്ട്. ഏഴാം തീയ്യതിയിലെ സന്ദർശനം അതോടെ പൂർത്തിയായി.

എട്ടാം തിയ്യതി അതിരാവിലെ നാലുമണിയോടെ കാശിയിലേയ്ക്ക് യാത്രയായി. അവിടെ സാവിത്രിയമ്മയുടെ ശവദാഹത്തിൽ പങ്കെടുത്തശേഷം യാത്രാക്ഷീണം മാറ്റാനായി അന്ന് പൂർണ്ണവിശ്രമം എടുത്തു.

ഒമ്പതാം തിയ്യതി കാശിയിലെ പിതൃ കർമ്മാദികൾക്കായി രാവിലെ പുറപ്പെട്ടു. ഗംഗയിൽ കുളിച്ച് പിതൃകർമ്മങ്ങൾ അനുഷ്ഠിച്ചശേഷം ഗംഗാതീർത്ഥവുമായി കാശിവിശ്വനാഥദർശനം നടത്തി. ഭാരതത്തിൽ പ്രതിഷ്ഠി ക്കപ്പെട്ട 12 ജ്യോതിർലിംഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കാശിയിലെ ജ്യോതിർലിംഗം. അതിനാൽ കാശി വിശ്വനാഥ ദർശനം തന്നെ സർവ്വപാപനാശകമാണ്. ഗംഗാതീർത്ഥ ത്താൽ ഭഗവാന് ധാരയും ചെയ്ത് പിതൃകർമ്മം പൂർത്തിയാക്കി. മുൻവശത്തുള്ള അന്നപൂർണ്ണേശ്വരിയേയും വണങ്ങി. ശ്രീപാർവ്വതിക്ക് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലമത്രേ കാശി. കാശിക്ക് വാരാണസി എന്നും പേരുണ്ട്. വാരണ എന്ന നദിയും അസി എന്ന നദിയും ചേരുന്ന സ്ഥലമായതി നാലാണ് വാരാണസി എന്ന പേരു വന്നത്.

വൈകുന്നേരം രണ്ടു ബോട്ടുകളിലായി കാശി രാജാവിന്റെ കൊട്ടാരം സന്ദർശിച്ചു. ഗംഗാമാതാവിന്റെ മടിത്തട്ടിലൂടെയുള്ള ആ യാത്ര വളരെ ആസ്വാദ കരമായിരുന്നു. ഗംഗാപാർശ്വത്തിലുള്ള 64 ഘട്ട് കൾ അതിലംഘിച്ചാണ് കാശിരാജകൊട്ടാരത്തിൽ എത്തി ച്ചേർന്നത്. അതിൽ അഞ്ചുഘട്ടുകൾ ഏറ്റവും പ്രധാന പ്പെട്ടതാണ്.

ഹരിശ്ചന്ദ്രൻ മുതൽ വിഭൂതി സത്യനാരായണസിങ് എന്ന അവസാനത്തെ കാശി രാജാവു വരെ രാജ്യം ഭരിച്ചിരുന്നത് ഈ കൊട്ടാരത്തിൽ ഇരുന്നുകൊണ്ടാണ്. അവിടെയുള്ള മ്യൂസിയത്തിൽ പണ്ട് രാജാക്കൻമാർ ഉപയോഗിച്ചിരുന്ന കാറുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. പല്ലക്കുകൾ, എലിഫന്റ് ക്രൗൺ, തോക്ക്, പരിച, അലങ്കാരഘടികാരങ്ങൾ, സ്ഫടികപാത്രങ്ങൾ, ഗോൾഫ് കളിച്ചിരുന്ന ബാറ്റ് പുരാതനചിത്രങ്ങൾ മുതലായവയും അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. അവിടെത്തന്നെയുള്ള വ്യാസമന്ദിരവും കൂടി സന്ദർശിച്ചശേഷം ആറരമണിക്ക് ആരംഭിക്കുന്ന ഗംഗ ആരതിദർശനത്തിനായി തിരിച്ചു. ഗംഗ ആരതി കാണാൻ നിരവധി ബോട്ടുകളിലായി ആരാധകർ നിരന്നിരുന്നു. ഒരു മണിക്കൂർ നേരം ആരാധന തുടർന്നു കൊണ്ടിരുന്നു.

പത്താം തിയ്യതി രാവിലെ ഗംഗയിലേക്ക് പുറപ്പെട്ടു. പോകുന്ന വഴി കാലഭൈരവക്ഷേത്രം, ഹനുമാൻക്ഷേത്രം, ദുർഗ്ഗാക്ഷേത്രം മുതലായവയും സന്ദർശിക്കുകയുണ്ടായി. കാശിയുടെ സുരക്ഷ ശ്വാനവാഹനനായ കാലഭൈരവ ഭഗവാന്റെ കൈകളിലാണ്. അവിടെ നിന്നും ലഭിക്കുന്ന ജപിക്കപ്പെട്ട ചരടുകൾ എല്ലാവരും വാങ്ങി. ഭഗവാനായ കാശിവിശ്വനാഥൻ അന്നപൂർണ്ണേശ്വരിയിൽ നിന്നും അന്നം ചോദിച്ചു വാങ്ങുന്നു എന്ന സങ്കല്പവും ഉണ്ട്. തുളസിമാനസമന്ദിരത്തിൽ സീതാസമേതനായ രാമ ലക്ഷ്മണൻമാരുടെ പ്രതിഷ്ഠയും ഉണ്ട്. ആ ക്ഷേത്ര ചുമരുകളിൽ സുളസീദാസരാമായണം ആലേഖനം ചെയ്തിരിക്കുന്നു. മനസ്സിലെ പ്രയാസങ്ങൾ ഭഗവത് സന്നിധിയിൽ നിന്നു പറഞ്ഞാൽ ഉടൻ സങ്കടമോചനം ലഭിക്കും എന്നതാണ് സങ്കടമോചന ഹനുമാൻ ക്ഷേത്രത്തിന്റെ പ്രത്യേകത. സന്താനസൗഭാഗ്യദായകൻ കൂടിയാണ് ശ്രീഹനുമാൻ. ഹനുമാൻക്ഷേത്രത്തിന് എതിർവശത്തായി ശ്രീരാമക്ഷേത്രം സ്ഥതി ചെയ്യുന്നു.

അടുത്തതായി 500 ഏക്കറിൽ സ്ഥിതിചെയ്യുന്ന ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി കണ്ടു. കാശിരാജാവ് ദാനം കൊടുത്തതാണ് ഈ സ്ഥലം. പണ്ഡിറ്റ് മദൻമോഹൻ മാളവ്യയാണ് ഈ യൂണിവേഴ്സിറ്റിയുടെ സ്ഥാപകൻ. അതിനോട് ചേർന്ന് ബിർളാമന്ദിരവുമുണ്ട്. അവിടെ ശിവലിംഗം വച്ചാരാധിക്കുന്നു. മുകളിൽ കാളി പ്രതിഷ്ഠയുമുണ്ട്. കൂടാതെ നടരാജ, ദുർഗ്ഗ, ഹനുമാൻ മുതലായ പ്രതിഷ്ഠകളുമുണ്ട്. വിശാലമായി പരന്നു കിടക്കുന്ന ആ കോംപൗണ്ടിൽ വുമൺസ് ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ , മെഡിക്കൽ കോളേജ് ,ഡെന്റൽകോളേജ്, നേഴ്സിങ്ങ് കോളേജ്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളോജി, അഗ്രികൾച്ചറൽ

യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നു. വൈകുന്നേരത്തോടെ ഗയയിലെത്തിച്ചേർന്നു.

ബുദ്ധഗയ : ലോകം കണ്ടതിൽ വച്ച് ഏറ്റവും കൂടുതൽ ജനങ്ങളിൽ മനംമാറ്റം വരുത്തുവാൻ കഴിഞ്ഞ അദ്വിതീയനായ മഹാപുരുഷനായിരുന്നു സിദ്ധാർത്ഥ രാജകുമാരൻ. മനംമാറ്റം വരാനിടയാക്കിയ താപസസ്ഥലവും, ബോധിവൃക്ഷവും ഇവിടെ സ്ഥിതി ചെയ്യുന്നു. ക്ഷേത്രത്തിൽ ജപ്പാൻ, ചൈന, തിബത്, ഭൂട്ടാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ബുദ്ധസന്യാസിമാരും തീർത്ഥാടകരും ധാരാളമായി പ്രതിദിനം വന്നു കൊണ്ടിരിക്കുന്നു. നയന മനോഹരമായ പൂന്തോട്ടങ്ങളാലും വൃക്ഷങ്ങളാലും ഈ ക്ഷേത്ര പരിസരത്തെ ശാന്തവും സുന്ദരവും ഗംഭീരവുമാക്കുന്നു. സുമാർ 180 അടി ഉയരമുള്ള ബുദ്ധപ്രതിമ, അശോകസ്തംഭം എന്നിവ കൂടാതെ ചൈന ടെംബിൾ, തിബത്തിയൻ ടെംബിൾ തായ്ടെംബിൾ തുടങ്ങി പല രാജ്യങ്ങളുടെ മന്ദിരങ്ങളും ആ പരിസരങ്ങളിൽ കാണാൻ കഴിഞ്ഞു.

തീർത്ഥയാത്രക്ക് വേണ്ട പ്രോത്സാഹനവും സഹായസഹകരണവും ചെയ്തു തന്നിരുന്ന കരയോഗം ജനറൽ സെക്രട്ടറി ശ്രീ. വേണുവിന് അംഗങ്ങളുടെ ആവശ്യപ്രകാരം ഒരു ഉപഹാരം കരയോഗം പ്രസിഡന്റ് ശ്രീ.കെ.പി.കെ മേനോൻ ഭക്ഷണത്തിന് ഒത്തുകൂടിയ സമയത്ത് സമ്മാനിക്കുകയുണ്ടായി.

11 ാം തിയ്യതി ഞായറാഴ്ച രാവിലെ ഗയശ്രാദ്ധ ഊട്ടിനായി പുറപ്പെട്ടു. ത്രിവേണി സംഗമത്തിൽ ചെയ്ത ശ്രാർദ്ധം ഭഗവാന്റെ മുഖത്തിലായും കാശിയിലേത് ഭഗവാന്റെ മാറിടത്തിലായും ഗയയിലെ ശ്രാർദ്ധം ഭഗവാന്റെ പാദത്തിലായുമാണ് സങ്കല്പിക്കപ്പെടുന്നത്. അതിനാൽ ഈ മൂന്നു ശ്രാർദ്ധവും ചെയ്താൽ മാത്രമേ പിതൃക്കൾ പൂർണ്ണ തൃപ്തരാകൂ എന്ന വിശ്വാസം നിലവിലുണ്ട്. ഗയാസുരനെ വിഷ്ണു ഭഗവാൻ പാതാളത്തിലേക്ക് ചവിട്ടി താഴ്ത്തിയപ്പോൾ ഗയാസുരന്റെ അപേക്ഷപ്രകാരം വിഷ്ണു നൽകിയ വരമത്രെ നിത്യമോക്ഷദായകമായ ആ ക്ഷേത്രം. ഭഗവൽ പാദാണ് അവിടെ പൂജിക്ക പ്പെടുന്നത്. ഫാൽഗുനിനദിയിൽ സ്നാനം ചെയ്തശേഷമാണ് അവിടെ ശ്രാർദ്ധം ഊട്ടുന്നത്. പിണ്ഡശ്രാർദ്ധം ഊട്ടിയശേഷം അന്നദാനവും നല്കി പിതൃപ്രപിതാമഹാൻമാർക്ക് തൃപ്തിയും മോക്ഷവും നൽകി എന്ന് ദൃഢമായ വിശ്വാസത്താൽ ഞങ്ങളുടെ ഉള്ളിൽ പൂർണ്ണസംതൃപ്തി നിറഞ്ഞു. പിന്നിട് അവിടെനിന്നും കാശിയിലേക്ക് യാത്ര തിരിച്ചു.

പന്ത്രണ്ടാം തിയ്യതിയും പതിമൂന്നാം തിയ്യതിയും വീണ്ടും കാശിവിശ്വനാഥ ദർശനത്തിനായി പോയി. ആ സമയം പൂമാല സമർപ്പിക്കുകയും പാല് അഭിഷേകം മുതലായ വഴിപാടുകളും ചെയ്തു. കാശി വിശാലാക്ഷി ക്ഷേത്രവും സന്ദർശിച്ചു. ബാക്കി സമയം ഷോപ്പിങ്ങ് ചെയ്യാനായി ചിലവഴിച്ചു. പതിമൂന്നാം തിയ്യതി രാത്രി പുറപ്പെടുന്ന പാട്ന എക്സ്പ്രസിൽ എറണാകുളത്തേക്ക് മടക്കയാത്ര ആരംഭിച്ചു. അവിചാരിത കാരണങ്ങളാൽ ആറു മണിക്കൂറോളം വൈകിയാണ് ട്രെയിൻ പുറപ്പെട്ടത്. എന്നതിനാൽ 16ാം തിയ്യതി രാവിലെ ഏഴേകാലോടെയാണ് എറണാകുളം സ്റ്റേഷനിൽ ഞങ്ങൾ എത്തിച്ചേർന്നത്.

ഇത്രയും വലിയ തിരത്ഥാടന സംഘത്തെ, അതായത് എഴുപത്തിമൂന്നു അംഗങ്ങളെ, ഉചിതമായ രിതിയിൽ നയിക്കുക എന്നത് വളരെ വിഷമം പിടിച്ച ഒരു കാര്യമാണ്. ഊണും ഉറക്കവും ഉപേക്ഷിച്ച്, ഓരോരുത്തരുടേയും ക്ഷേമങ്ങൾ അന്വേഷിച്ചും അനുനയത്തിൽ സംസാരിച്ചും ഓടി നടന്നിരുന്ന ശ്രീ.നന്ദകുമാറിന് അഭിനന്ദനങ്ങളുടെ പൂച്ചെണ്ടുകൾ അർപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. •




# ശ്രീമന്നാരായണീയ ദിനം

## 2012 ഡിസംബർ 13 വ്യാഴാഴ്ച



ഓം നമോ നാരായണാ

ശ്രീമന്നാരായണീയ ദിനത്തിൻെറ 425 - ാം വാർഷിക ദിനമായ 2012 ഡിസംബർ 13 ന് എറണാകുളം കരയോഗം സർവ്വൈശ്വര്യ വിളക്ക് പൂജയോടെ സമ്പൂർണ്ണ നാരായണീയ പാരായണം ടി.ഡി.എം. ഹാളിൽ നടത്തുന്നു.

രാവിലെ

| | |
|---|---|
| 8 മണി മുതൽ 9.30 വരെ | - വിഷ്ണുസഹസ്രനാമം, മംഗളധ്യാനശ്ലോക പാരായണം |
| 9.45 മുതൽ 10.15 മണി വരെ | - വിശ്രമം |
| 10.15 മുതൽ 1.00 മണി വരെ | - സർവ്വൈശ്വര്യ വിളക്ക് പൂജയും, |
| | - ശ്രീമന്നാരായണീയ പാരായണവും |
| 1 മണി മുതൽ 2 മണി വരെ | - ഉച്ചഭക്ഷണം |
| 2 മണി മുതൽ 4.30 മണി വരെ | - വിളക്ക് പൂജയും, ശ്രീമന്നാരായണീയ പാരായണവും |
| വൈകുന്നേരം 4.30 ന് | - ആരതി, ദീപാരാധന |

സർവ്വൈശ്വര്യ വിളക്ക് പൂജയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

## പി.പി.സാവിത്രിയമ്മയ്ക്ക് ആദരാഞ്ജലികൾ

# കാശിയാത്രാ സായൂജ്യം .......



എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ 74 പേരടങ്ങുന്ന തീർത്ഥാടന സംഘം നടത്തിയ അലഹബാദ്, ത്രിവേണി, കാശി, ഗയ യാത്ര ജിവിതത്തിൽ മറക്കാനാവാത്ത ഓർമ്മകളുമായാണ് തിരിച്ചെത്തിയത്. 74 പേരിൽ ഭൂരിഭാഗവും മുതിർന്ന പൗരൻമാരായിരുന്നു. അലഹബാദിൽ എത്തിയ തീർത്ഥാടകസംഘം ത്രിവേണിസംഗമത്തിലെ ബലികർമ്മങ്ങൾക്കു ശേഷം അടുത്തദിവസത്തെ യാത്രയ്ക്ക് പുറപ്പെടും മുൻപ് ഏഴാം തീയതി പുലർച്ചെ ഒന്നര മണിയ്ക്ക് സഹയാത്രികയായിരുന്ന പി.പി.സാവിത്രിയുടെ മരണവാർത്ത കേട്ടാണ് ഉണർന്നത്.

ഞങ്ങളെ സംബന്ധിച്ച് കിലോമീറ്ററുകൾക്കപ്പുറം ഉത്തർപ്രദേശ് സംസ്ഥാനത്ത് വച്ച് അവിചാരിതമായി സംഭവിച്ച പി.പി.സാവിത്രിയുടെ ദേഹവിയോഗം ഞെട്ടലുണ്ടാക്കി. തുടർന്ന് ഞങ്ങളുടെ മുൻപിലുണ്ടായിരുന്ന പ്രശ്നങ്ങൾ നിയമപരമായി ഈ സംഭവം കൈകാര്യം ചെയ്യുക, ബന്ധുക്കളെ വിവരം അറിയിച്ച് തുടർനടപടികൾ കൈക്കൊള്ളുക എന്നിവയായിരുന്നു. സാവിത്രിയമ്മയുടെ മക്കളും, മറ്റു ബന്ധുക്കളുമായി ഫോണിൽ നിരന്തരം ബന്ധപ്പെടുകയും അവരുടെ അമ്മയുടെ ദേഹവിയോഗം ഉൾക്കൊണ്ടുകൊണ്ട് അടുത്ത നടപടി എന്തു വേണമെന്നുള്ള ആലോചനയിലായിരുന്നു. തീർത്ഥയാത്രാസംഘാംഗങ്ങളെ അവരുടെ യാത്ര തടസ്സപ്പെടാതെ തുടർന്ന് യാത്രയാക്കുകയും, സാവിത്രിയമ്മയുടെ കാര്യങ്ങൾക്കായി ഞാനും, കരയോഗം പ്രസിഡൻറ് ശ്രീ.കെ.പി.കെ മേനോൻ, സെക്രട്ടറി ടി.നന്ദകുമാർ എന്നിവർ അലഹാദിൽ തങ്ങുകയും ചെയ്തു.

രാവിലെ പത്ത് മണിയോടെ കുടുംബാംഗങ്ങളുടെ സമ്മതം ലഭിച്ചശേഷം മൃതദേഹം കാശിയിൽ ദഹിപ്പിക്കുവാൻ തീരുമാനിച്ചു. അതിനാവശ്യമായ പോലീസ് ക്ലിയറൻസ് ലഭ്യമാക്കിയ ശേഷം ഉച്ചയ്ക്ക് ഒരു മണിയോടെ മൃതദേഹവുമായി ഞങ്ങൾ അലഹബാദിൽ നിന്നും വാരണാസിയിലേക്ക് പുറപ്പെട്ടു. വൈകീട്ട് ആറ് മണിയോടെ ഹോസ്പിറ്റൽ മോർച്ചറിയിൽ മൃതദേഹം സൂക്ഷിച്ചു. അടുത്ത ദിവസം (എട്ടാം തീയതി) പുലർച്ചയോടു കൂടി മക്കളായ സുമ, ഉമ, ഭാമ എന്നിവരും അവരുടെ ഭർത്താക്കൻമാരും വാരണാസിയിൽ എത്തിച്ചേർന്നു. ഉച്ചയ്ക്ക് പന്ത്രണ്ട് മണിയോടെ മൃതദേഹം ദഹിപ്പിക്കുവാനായി മണികർണികാഘട്ടിൽ എത്തിക്കുകയും, നമ്മുടെ തീർത്ഥാടകസംഘാംഗങ്ങൾ എല്ലാവരും ശവസംസ്ക്കാര ചടങ്ങുകളിൽ പങ്കെടുക്കാനായി അവിടെ എത്തിച്ചേരുകയും ചെയ്തു. എറണാകുളം കരയോഗത്തിന്റെ നേതൃത്വത്തിൽ തന്നെ മണികർണികാഘട്ടിൽ ശവസംസ്ക്കാരചടങ്ങുകൾ നടത്തി.

ഹൈന്ദവ വിശ്വാസപ്രകാരവും, ആചാരപ്രകാരവും ഭൂലോകനാഥനായ കാശിവിശ്വനാഥന്റെ തൃപ്പാദങ്ങളിലും, ഭൂലോകമാതാവായ ഗംഗാമാതാവിന്റെ കരങ്ങളിലും അവസാനം എത്തിച്ചേരുക എന്നത് ഏതൊരു ഈശ്വര വിശ്വാസിയുടെയും മഹാഭാഗ്യമായും, ജൻമജൻമാന്തരങ്ങളുടെ പുണ്യമായും കണക്കാക്കപ്പെടുന്നു. മണികർണികാഘട്ടിലെ ചുടലഭസ്മമാണ് എല്ലാദിവസവും കാശിവിശ്വനാഥന് ഭസ്മാഭിഷേകത്തിന് ഉപയോഗിക്കുന്നത് എന്നതു കൂടിയാവുമ്പോൾ സാവിത്രിയമ്മയുടെ ജൻമം സഫലമായി സായൂജ്യമടഞ്ഞു എന്ന് നമുക്ക് വിശ്വസിക്കാം.

തീർത്ഥാടകസംഘാംഗങ്ങളുടെ ആദരാഞ്ജലികൾ ഏറ്റുവാങ്ങിക്കൊണ്ട് ഗംഗാതീരത്ത് സാവിത്രിയമ്മയുടെ ദേഹം അഗ്നിയിൽ ഹോമിച്ച്, ഗംഗാമാതാവിന് സമർപ്പിച്ച്, നിറകണ്ണുകളോടെ ഞങ്ങൾ മടങ്ങി. പരേതയായ പി.പി.സാവിത്രിയമ്മയുടെ ആത്മാവിന് നിത്യശാന്തി നേരുന്നതോടൊപ്പം അവരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും എറണാകുളം കരയോഗത്തിന്റെ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

പി. രാമചന്ദ്രൻ (വേണു)

ജനറൽ സെക്രട്ടറി, എറണാകുളം കരയോഗം

# ഗൃഹാതുരത്വം

– ശാന്തരാജൻ

**ബാ**ല്യം എത്ര സുന്ദര മായിരുന്നു. ഗൃഹാതുരത്വ മുണർത്തുന്ന ഓർമ്മകൾ എന്നെ എപ്പോഴും പിന്തടരുന്നു. വീടും വീടിന്റെ ഇരുഭാഗത്തും പടി വരെയുള്ള വേലിയും, വേലി പന്തലിൽ വിടർന്നു നില്ക്കുന്ന മഞ്ഞയും റോസും ഇടകലർന്ന പൂച്ചെട്ടി പൂക്കളും വീടിനു കിഴക്കുവശത്തുണ്ടായിരുന്ന പിച്ചകവും പിച്ചി പൂക്കളും അവ സന്ധ്യയ്ക്കു വിടരുമ്പോൾ ഉണ്ടാകുന്ന സുഗന്ധവും ഒന്നും ഓർമ്മയിൽ നിന്നു മായുന്നില്ല. വീടിന്റെ മുൻവശത്ത് രണ്ടു വശത്തുമായി നിന്നിരുന്ന അശോക ചെത്തിയിലെ പൂക്കൾ പറിച്ച് പൂജാമുറിയിലെ ആലിലകൃഷ്ണന് മാലചാർത്തുന്നതും പതിവിൽ പെട്ട എന്റെ ജോലിതന്നെ. പ്രത്യേകമായിരുന്ന അടുക്കളപ്പുരയും അതിന്റെയും അപ്പുറത്തെ വലിയ കുളവും അതിനോടു ചേർന്ന കുളിമുറിയും അവിടെ അടുപ്പിൽ വച്ചിരിയ്ക്കുന്ന ചെമ്പുകലത്തിൽ പുറമെ ദ്വാരത്തിൽ കൂടി കൊതുമ്പും ഓലയും വച്ച് വെള്ളം ചൂടാക്കുന്നതും കണ്ടു രസിയ്ക്കു മായിരുന്ന ബാല്യം. കുളത്തിൽ ഇറങ്ങാൻ എപ്പോഴും ഭയമായിരുന്നു. കുളപ്പടിയിൽ വിശ്രമിയ്ക്കുന്ന ചേരയെ ഓർത്ത്. കുളക്കരയിൽ നിന്നിരുന്ന അമ്പഴത്തിന്റെ ഇലകൾ വെള്ളത്തിൽ വീഴ്ത്തുന്ന നിഴലുകൾ നോക്കി നില്ക്കുവാൻ നല്ല കൗതുകമായിരുന്നു. തേക്കുകൊട്ടയിടുന്ന കുഴിയിൽനിന്ന് നീർക്കോലികൾ മുകളിൽ വന്നുനോക്കു ന്നതു കാണാം. കുളത്തിനു ചുറ്റുമുള്ള വേലികളിൽ പൂച്ചെടികളും പടർത്തി യിരുന്നു. അതിനോടു ചേർന്നുള്ള ആഞ്ഞിലിമരത്തിൽനിന്ന പഴുത്ത ചക്ക പൊട്ടിവിടർന്ന് നിലത്തു കിടക്കും.

ആവോളം സ്നേഹവും, ശിക്ഷണവും തന്നിരുന്ന അച്ഛനും, അമ്മയും അപ്പൂപ്പനും അമ്മൂമ്മയും ഞാൻ എന്നും ആരാധിയ്ക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്ന എന്റെ മൂന്ന് അമ്മായിമാരും അവരുടെ മക്കളും കുടുംബവും അടങ്ങുന്ന കുടുംബം. എന്തു സന്തോഷമായിരുന്നു ആ നാളുകൾക്ക്.

വേനൽ കാലത്ത് കിഴക്കേ മുറ്റത്തു നിന്നിരുന്ന മാവിൻ ചുവട്ടിൽ തെങ്ങിൻ മടലുകളും ഓലയും വച്ച് വീട് കെട്ടി കളിക്കുമായിരുന്നു ഞങ്ങൾ. അമ്മയുടെ ജോലിത്തിരക്കിനിടയിലും അമ്മയെ ശല്യപ്പെടുത്തി ശർക്കരയും തേങ്ങയും മേടിച്ച് പായസമുണ്ടാക്കു മായിരുന്നു. പായസമുണ്ടാക്കിയതു രുചിച്ചിട്ട് ഞങ്ങളുടെ കളിക്കൂട്ടുകാരി പപ്പ പറയും എന്തൊരു സ്വാദ് എന്തൊരു മതിരം എന്ന്. പപ്പ ഇപ്പോൾ എവിടെ യാണോ എന്തോ മുറ്റത്ത് ഒരു കാറ്റടിച്ചാൽ തുരുതുരാ വീഴുന്ന മാമ്പഴങ്ങൾ നിളൻ കുട്ടയിൽ പെറുക്കി വയ്ക്കുമായിരുന്നു ഞങ്ങൾ. പരീക്ഷ സമയങ്ങളിൽ കിഴക്കുവശത്തു ചാഞ്ഞു കിടക്കുന്ന തെങ്ങിൽ ചാരിയിരുന്ന് പഠിക്കുന്നതിൽ പ്രത്യേകം സുഖം തോന്നിയിരുന്നു. ചൂടുകാലത്ത് മാവിൻ തണലിലിരിക്കുമ്പോൾ എവിടെ നിന്നോ വന്നെത്തുന്ന കാറ്റ് എത്ര ആശ്വാസം തന്നിരുന്നു എന്നു പറഞ്ഞറിയിക്കാൻ വയ്യ.

കിഴക്കേ വേലിയരുകിൽ നിന്നിരുന്ന കാപ്പിച്ചെടിയുടെ പൂക്കൾ വെള്ള നിറത്തിൽ കുലകുലയായി കിടക്കുന്നതു കാണാൻ വളരെ കൗതുക മായിരുന്നു. അതിന്റെ ചെറുവാസന വളരെ ഹൃദ്യമായ ഒന്നായിരുന്നു. അതിനപ്പുറത്തു നിന്നിരുന്ന കറുവ പട്ടയുടെ മരത്തിൽ കയറി അതിന്റെ ഇലപറിച്ച് അതിന്റെ ഞെട്ടു പൊട്ടിച്ച് തിന്നുക ഞങ്ങൾ കുട്ടികളുടെ വിനോദ ങ്ങളിൽ ഒന്നായിരുന്നു.

പുളിമരം നിറച്ചും പുളിയുണ്ടാ കുന്ന കാലത്ത് പുളിവിറ്റു കഴിയുമ്പോൾ നമുക്കു അതു മേടിച്ചവർ വീട്ടാവശ്യ ത്തിനു തരുന്ന പുളി കുത്താൻ വരുന്ന പാപ്പിതട്ടാത്തിയുടെ കൂടെ പോയിരുന്ന് അവർ കുത്തിയ പുളിങ്കുരു പെറുക്കി കളിയ്ക്കും.

സ്കൂൾ ഇൻസ്പെക്ടറായി വിരമിച്ച, കൃഷിയിൽ താല്പര്യമുണ്ടാ യിരുന്ന അപ്പൂപ്പൻ നട്ടുവളർത്തിയ പ്രയോർ മാവുകളും, ചന്ദ്രക്കാരൻ മാവും, കശുമാവും പേരയും, സപ്പോട്ടയും ലല്ലോളിയ്ക്കയും, ആത്ത ചക്കയും ആഞ്ഞിലിയും വരിയ്ക്ക പ്ലാവുകളും ചാമ്പയ്ക്ക മരവും അമ്പഴവും മുൻവശത്തെ മുറ്റത്തുണ്ടാ യിരുന്ന ബബ്ലൂസ് നാരകവും എല്ലാം ചേർന്ന് പറമ്പിനെ ഒരു fruit garden എന്നു തന്നെ വിളിയ്ക്കാം. ഉള്ള ചെറിയ സ്ഥലത്തെ തെങ്ങുകൾ നനയ്ക്കാൻ പ്രത്യേക രീതിയിൽ സാരിയുടുത്ത മൂപ്പത്തിമാർ വരുമായിരുന്നു. അവർ തെങ്ങിനെ വെള്ളം ഒഴിയ്ക്കുന്ന കണക്കെടുക്കാൻ അപ്പൂപ്പൻ ചിലപ്പോൾ ഞങ്ങളേയും ഏർപ്പെടുത്തും. വീടിന്റെ ഇരുവശവും നിറയെ ഇല്ലിക്കാടു കളുയിരുന്നു. അതിൽ നിറയെ പാമ്പുകൾ ഉണ്ടായിരുന്നു. അതിൽ നിന്ന് ചേര മുൻവശത്തെ മുറ്റവും കടന്ന് പോകുന്നത് ഭയത്തോടെ നോക്കി നിന്നിട്ടുണ്ട്. മറുവശത്തേയ്ക്ക് ചില പ്പോൾ കിരിയും പിന്നാലെ ഉണ്ടാകും.

ചെറുതായിരുന്നപ്പോൾ അപ്പൂപ്പന്റെ വാത്സല്യഭാജനങ്ങളായി രുന്നു ഞാനും ചേട്ടനും. ചേട്ടൻ എന്നും നിഷ്ക്കളങ്കനായിരുന്ന ഒരു പാവമായി രുന്നു. ഞാൻ അപ്പൂപ്പനെ ഇട്ടു വട്ടം കറക്കുന്ന ഒരു കുറുമ്പിയും. കോഴിയെ മൂടിവച്ചിരിക്കുന്ന കുട്ടയുടെ പുറത്ത് കയറരുതെന്ന് പറഞ്ഞാൽ ഉടൻ അതിന്റെ പുറത്ത് കയറി അപ്പൂപ്പാ എന്നു വിളിക്കുമായിരുന്നു ഞാനെന്ന് അമ്മ പറഞ്ഞു കേട്ടിട്ടുണ്ട്. ഇന്ന് എന്റെ കൊച്ചുമോൾ മോൾടെ അപ്പൂപ്പനെ അതുപോലെ ചെയ്യുന്നതു കാണു മ്പോൾ എനിക്കു ചിരി വരും. ഇന്ന് മോളടെ Toy Box കൊണ്ടാണെന്നു മാത്രം.

ഞാൻ ചെറുതായിരുന്നപ്പോൾ ചേട്ടന്റെ കൂടെ സ്കൂളിൽ പോകണമെന്ന് വാശി പിടിച്ച് പോയിട്ട് ചേട്ടന്റെ ക്ലാസ്സിൽ ഇരുന്നിട്ടുണ്ട്. പിന്നീട് ശരിക്കും പോകേണ്ട പ്രായമായപ്പോൾ മടി

കാണിച്ചിട്ട് സാറിനെ പേടിച്ചിട്ടാണ് പോയതെന്ന് അച്ഛന്റെ അമ്മ പറയുന്നത് കേട്ടിട്ടുണ്ട്. പിന്നീട് ഡിഗ്രി കഴിഞ്ഞാണ് നിറുത്തിയതെന്നു പറഞ്ഞ് അച്ഛൻ കളിയാക്കി ചിരിയ്ക്കാറുണ്ട്. അഞ്ചാം ക്ലാസ്സിൽ പഠിയ്ക്കുമ്പോൾ ആഗസ്റ്റ് പതിനഞ്ചിനും റിപ്പബ്ലിക്ക് ഡേക്കും പതാക ഉയർത്തുമ്പോൾ വന്ദേമാതരവും ജനഗണമനയും പാടുന്ന ഗ്രൂപ്പിലുണ്ടാകും. ഇതേ ഗ്രൂപ്പു തന്നെ കച്ചേരിപടിയിലും മുനിസിപ്പാലിറ്റിയിലും പാടും. അച്ഛൻ അന്നത്തെ നഗരപിതാവായിരുന്നു. അത് അങ്ങനെ ഒരു കാലം. ക്ലാസ്സിലെ ദൂദാച്ചൻ ബീഡി വലിച്ചത് ഞങ്ങൾ ഹെഡ്മാസ്റ്ററോടു പറഞ്ഞു കൊടുത്തു. ദൂദാച്ചനെ ശിക്ഷിച്ചപ്പോൾ മനസ്സ് വല്ലാതെ വിഷമിച്ചു! പാവം. അമ്മ എന്നും എനിയ്ക്ക് കൂട്ടുകാരിയെപ്പോലെ ആയിരുന്നു. അമ്മ കുളി കഴിഞ്ഞ് വന്ന് ചാന്തുപൊട്ടു തൊടുമ്പോൾ നാവ് വട്ടത്തിൽ ചലിപ്പിക്കുന്നതും തലമുടി പുറകിൽ കെട്ടിയിടുന്നതും എല്ലാം നോക്കി നില്ക്കുമായിരുന്നു ഞാൻ. അമ്മയെ ഞാൻ വല്ലാതെ സ്നേഹിച്ചിരുന്നു. അന്നും ഇന്നും. എന്നും അതുപോലെയാവാൻ പ്രാർത്ഥിക്കുന്നു. എന്നോട് അമ്മയ്ക്ക് പ്രത്യേക വാത്സല്യമായിരുന്നു. ആരോടും ദേഷ്യവും പരിഭവവു മില്ലാത്ത പ്രകൃതം.

അച്ഛൻ ഞങ്ങളുടെ എല്ലാവരുടേയും ശക്തി ആയിരുന്നു. അച്ഛന് ഇടയ്ക്കുണ്ടായിരുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ ഞങ്ങൾ കുട്ടികളേയും ഒരു തരത്തിൽ ബാധിച്ചിരുന്നു. എന്നും ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നെങ്കിലും മനസ്സിന്റെ ബലത്തെ ആർക്കും വിട്ടുകൊടുക്കുമായിരുന്നില്ല. എന്തും നേരിടാനുള്ള മനസ്സിന്റെ കെല്പ് കുറച്ചെങ്കിലും കിട്ടിയിരുന്നെങ്കിൽ എന്നാശിച്ചു പോയിട്ടുണ്ട് ചില സന്ദർഭങ്ങളിൽ. എന്റെ മക്കൾക്ക് പ്രത്യേകിച്ച് മകൾക്ക് അപ്പൂപ്പൻ ഒരു സ്നേഹിതൻ കൂടിയായിരുന്നു. വലിയമ്മായി ജോലിയ്ക്കു പോയിരുന്ന ഞങ്ങളുടെ വീട്ടിലെ ഏകസ്ത്രീ ആയിരുന്നു. ഒരു പാടു യാത്രയുള്ള ജോലി. അവധി ദിവസ ങ്ങളിൽ വീട്ടിൽ വരുമ്പോൾ ഞങ്ങൾ കുട്ടികളെ ചെറിയ ചെറിയ ഇംഗ്ലീഷ് നോവലുകൾ വായിപ്പിക്കുകയും അതിന്റെ അർത്ഥം മനസ്സിലാവാത്ത വാക്കുകൾ പ്രത്യേകം എടുത്ത് മലയാളത്തിൽ അർത്ഥമെഴുതി പഠിപ്പി ക്കുകയും ചെയ്യുമായിരുന്നു. Golden Treasury എന്ന ബുക്കിൽ നിന്നും ചെറിയ ചെറിയ പദ്യങ്ങളും പഠിപ്പിക്കു മായിരുന്നു. വലിയമ്മായിയുടെ മക്കൾ രാധചേച്ചിയും ഗോപിച്ചേട്ടനും. രാധചേച്ചി ഡൽഹിയിൽ മെഡിസിനു പഠിച്ചിരുന്നു. രാധചേച്ചിയുടെ വെക്കേ ഷനുള്ള വരവ് ഞങ്ങൾക്ക് പ്രത്യേകം ഉത്സാഹം തന്നിരുന്നു. ചേച്ചി വരുന്ന ദിവസം അച്ഛൻ പോയി റെയിൽവേ സ്റ്റേഷനിൽ നിന്നും വിളിച്ചു കൊണ്ടു വരും. ചേട്ടനും എനിക്കും അനിയൻമാർക്കും അനിയത്തിക്കും സിഗരറ്റ് മുഠായി മുട്ടയിടുന്ന പ്ലാസ്റ്റിക് കോഴി എല്ലാം കൊണ്ടു വന്നു തരും. പോകുന്ന വരെ പുറകെ നടക്കും. ചേച്ചി തിരിച്ചു പോകുമ്പോൾ മനസ്സിൽ വല്ലാത്ത ഒരു ദുഃഖം ഉരുണ്ടു കൂടും. പിന്നെ ചേച്ചിയുടെ അടുത്ത വരവിനായി കാത്തിരിക്കും.

രണ്ടാമത്തെ അമ്മായിയും പോസ്റ്റ് മാസ്റ്റർ ആയിരുന്ന ഭർത്താവുമായി പല സ്ഥലങ്ങളിൽ താമസിച്ചിട്ടുണ്ട്. കുട്ടികൾ ഇല്ലാതിരുന്ന അമ്മായി ഞങ്ങളെ മക്കളെപ്പോലെ സ്നേഹിച്ചിരുന്നു. എല്ലാ വെക്കേഷനും ഞങ്ങളെ അമ്മായിയുടെ വീട്ടിൽ കൊണ്ടുപോകും. വല്ല്യച്ഛനും നല്ല സ്നേഹമുള്ള ആളായിരുന്നു.

മൂന്നാമത്തെ അമ്മായിയും അമ്മാവനും മക്കളും ഡൽഹിയിൽ നിന്നും വളരെ അപൂർവ്വമായേ വരുമായിരുന്നുള്ളു. വന്നാൽ വീട്ടിൽ ആകെ ഒരു തിരക്കും ഉത്സാഹവുമായിരിക്കും. എല്ലാവരും കൂടി ചിരിയും വർത്തമാനവും ബഹളവും തന്നെ. രാത്രി ഏറെയാകുമ്പോൾ അച്ഛൻ എല്ലാവരൊടും കിടക്കാൻ പറഞ്ഞ് ബഹളം വയ്ക്കും. അമ്മ ഞങ്ങളുടെയെല്ലാം കൂടെ കൂടും പകൽ മുഴുവൻ ജോലിയാണെങ്കിലും. പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ ഉണ്ടായ അപ്പൂപ്പന്റെ വേർപാട് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. കുറേ ദിവസം ആ വിടവ് എന്നെ വല്ലാതെ വേദനിപ്പിച്ചു. എന്റെ അനിയൻമാരും അനിയത്തിയും ചേട്ടനും ചേർന്നുള്ള നാളുകൾ എത്ര നല്ലതായിരുന്നു. ചേട്ടൻ വേർപിരിയുന്നവരെ ചേട്ടനും ഞാനും കൂട്ടുകാരെ പോലെയായിരുന്നു. അനിയൻമാരും അനിയത്തിയും എല്ലാവരും ഇന്നും എനിക്ക് മക്കളെപേലെ. സ്കൂളിൽ പഠിയ്ക്കുമ്പോൾ മഴക്കാലത്ത് പോവാൻ വല്യ ഇഷ്ടമായിരുന്നു. ഉച്ചയ്ക്ക് ഉണ്ണാൻ വരുമ്പോൾ പാവാടയെല്ലാം മഴയത്തു നനഞ്ഞിട്ടുണ്ടാവും. അതുമാറി പുതിയ തുടുത്തു പോകാൻ വലിയ താല്പര്യമായിരുന്നു. നാലു മണിക്ക് സ്കൂൾ വിടാറാകുമ്പോഴേയ്ക്കും ദൂരെ നിന്ന് മഴ അടുത്തു വരുന്ന ശബ്ദവും കടലിന്റെ ഇരമ്പവും കേൾക്കാൻ കാതോർത്തിരിക്കും. അന്നൊന്നും ആഹാരത്തിനോട് ഒരു പ്രത്യേക മമത ഉണ്ടായിരുന്നില്ല. അമ്മ തരുന്നതെന്തും സന്തോഷത്തോടെ കഴിക്കും. സന്ധ്യയായാൽ മേലുകഴുകി സന്ധ്യാനാമങ്ങൾ ജപിക്കും. ആ കൂടെ അനിയൻമാരും അനിയത്തിയും ഉണ്ടാകും. നാമം ചൊല്ലുന്നതിൽ വലിയ താല്പര്യമില്ലാതിരുന്ന അനിയൻ കുളത്തിൽ കാലുകഴുകി വരുമ്പോൾ ഉണ്ടാകുന്ന മണ്ണ് ഇരിയ്ക്കുന്ന സ്ഥലത്ത് ഉണങ്ങി വീഴുമ്പോൾ അതു വച്ചു കളിച്ചു കൊണ്ടിരിക്കും. സരസ്വതി അമ്പലത്തിലെ നവരാത്രിദിവസം രാവിലെ കുളിച്ച് അമ്പലത്തിൽ തൊഴുത് ചേട്ടനും ഞാനും തൃമധുരവും പ്രസാദവുമായി മടങ്ങും. അത് ഒരു ചിട്ടയായിരുന്നു. എന്നിട്ടേ രാവിലത്തെ കാപ്പിപോലും കിട്ടുകയുള്ളു. അത് ഒരു പതിവായി മാത്രം കാണാൻ ഞങ്ങൾ കുട്ടികൾക്കും കഴിഞ്ഞു. ഞങ്ങളുടെ അമ്മയുടെ വീട് പാലക്കാടൻ ഗ്രാമത്തിലായിരുന്നു. വെക്കേഷനു മാത്രമേ ഞങ്ങൾ അവിടെ പോകുമായിരുന്നുള്ളു. പഠിയ്ക്കുവാൻ വിളിച്ചാൽ മടി പിടിച്ച് മയങ്ങി കിടക്കുന്ന ഞങ്ങൾ അമ്മ വീട്ടിലേയ്ക്കു പുറപ്പെടുവാൻ ഒറ്റവിളിയിൽ വെളുപ്പിന് ചാടി എണീക്കുമായിരുന്നു. അഞ്ചുമണിയ്ക്കുള്ള ബസിൽ കയറി ആലുവായിൽ നിന്ന് തൃശൂർ വരെ ട്രെയിൻ യാത്രയും കഴിഞ്ഞ് അവിടെനിന്നും വീണ്ടും ബസ് യാത്ര ചെയ്ത് അമ്മയുടെ വീട്ടിൽ എത്തുമ്പോൾ ഉച്ചകഴിയും. കുറച്ചു ദിവസം അമ്മൂമ്മയും അമ്മാവൻമാരും വല്യമ്മയും കൊച്ചമ്മയും അവരുടെ മക്കളും അടങ്ങുന്ന കുടുംബത്തോടൊപ്പം സന്തോഷമായി കഴിഞ്ഞ് രണ്ടാഴ്ചയ്ക്കകം അച്ഛന്റെ വീട്ടിലേ

യ്ക്കു തിരിച്ചു വരും. വേനൽക്കാല മായതുകൊണ്ട് ഞങ്ങളിൽ ആർക്കെ ങ്കിലും അസുഖം പിടിപെട്ടിട്ടുണ്ടാവും. വല്യമ്മയുടെ മകൻ എനിക്ക് അടുത്ത വർഷത്തേയ്ക്കുള്ള കണക്കുകൾ പഠിപ്പിച്ചു തരുമായിരുന്നു. വളരെ ഒത്തൊരുമയുള്ള ഒരു തറവാട്. വല്ല്യമ്മാവനെ എല്ലാവർക്കും എന്നും ബഹുമാനവും സ്നേഹവും ഭയവുമായി രുന്നു. വല്ല്യമ്മാവന് എന്നോടും ചേട്ടനോടും പ്രത്യേകം വാത്സല്യ മായിരുന്നു. ഞങ്ങളെ വെക്കേഷന് വല്യമ്മാവന്റെ ജോലിസ്ഥലമായ സിലോണിൽ കൊണ്ടുപോയി എല്ലാ സുഖസൗകര്യങ്ങളും നൽകുമായിരുന്നു. അവരുടെ രണ്ടു മക്കളും സ്നേഹ മുള്ളവർ തന്നെ. അമ്മ വീട്ടിൽ പോകു മ്പോൾ അച്ഛന്റെ വീട്ടിൽ നിന്നും അമ്മ പ്രിയോർ മാങ്ങയും വറുത്ത തല്ലിയ കശുവണ്ടിയും അമ്പഴങ്ങ ക്കറിയും കൊണ്ടുപോകും. അവിടെ നിന്നു മടങ്ങുമ്പോൾ അമ്മൂമ്മ അരി മുറുക്കും മനോഹരവും തന്നയയ്ക്കും. ആറ് ഏഴ് ക്ലാസ്സുകളിൽ പഠിയ്ക്കു മ്പോൾ സെക്രട്ടറിയായും മോണിട്ട റായും ഇരുന്നിട്ടുണ്ട്. ആ ചുമതലകൾ ക്കെല്ലാം അച്ഛന്റെ പ്രോത്സാഹനവും ഉണ്ടായിരുന്നു. പാട്ടു പഠിപ്പിക്കുന്ന ടീച്ചർ ഞങ്ങളെ ക്ലാസ്സിൽ നിന്നും മരത്തണ ലിലേയ്ക്ക് പാട്ടു പഠിപ്പിയ്ക്കുവാൻ കൊണ്ടു പോകുമ്പോൾ ടീച്ചറിന്റെ കസേര മോണിട്ടർ എടുത്തു കൊണ്ടു ചെല്ലണമെന്നതായിരുന്നു ചിട്ട. കുട്ടികളോടു വളരെ ആത്മാർത്ഥത യുള്ള അദ്ധ്യാപകർ ആയിരുന്നു ഏറേയും. കുട്ടികൾക്കും അതേപോലെ അദ്ധ്യാപകരോടു ബഹുമാനവും പേടിയും അനുസരണയും ഉണ്ടായി രുന്നു. കൂട്ടുകാരികളുമായി ഇടവേളയിൽ പെൻസിൽ കളിച്ചതിന് ടീച്ചർ എന്തി നാണ് ക്ലാസ്സിനു വെളിയിൽ നിറുത്തിയ തെന്ന് ഇന്നും ദുരൂഹതയായി തുടരുന്നു. ഡ്രായിംങ്ങ് പഠിപ്പിക്കുന്ന മാഷ് എപ്പോഴും ക്ലാസ്സിൽ ഇരുന്ന് ഉറങ്ങു മായിരുന്നു. അപ്പോൾ ക്ലാസ്സിൽ വലിയ ഒച്ചയും ബഹളവുമായിരിക്കും.

ഞങ്ങളുടെ അപ്പൂപ്പൻ, അച്ഛന്റെ അച്ഛന് ഒരു പാടു മക്കളും ബന്ധുക്കളും ഉണ്ടായിരുന്നു. ഞങ്ങൾ കുട്ടികളുടെയെല്ലാം പിറന്നാളിന് അങ്ങോട്ടും ഇങ്ങോട്ടും ക്ഷണിക്കും. ആ ദിവസം സ്കൂളിൽ നിന്ന് ഏതു വീട്ടിലാണോ പിറന്നാൾ സദ്യ, അന്ന് അവിടെ ആയിരിക്കും ഞങ്ങൾ കുട്ടികൾക്ക് ഊണ്. ആ ഒത്തൊരമ യൊന്നും ഇന്ന് എവിടേയും കാണാനില്ല. അപ്പൂപ്പന് വീട്ടുകാരോടു പ്രത്യേകം മമതയായിരുന്നു. അവർക്കെല്ലാം വല്ല്യമ്മാവനോടു വല്ലാത്ത ബഹുമാന മായിരുന്നു. അപ്പൂപ്പന് വയസ്സായി ഓർമ്മകുറഞ്ഞപ്പോഴും മുൻവശത്ത് കസേരയിൽ ഇരുന്ന് വഴിയിൽ കൂടി അപ്പൂപ്പന്റെ ഏതെങ്കിലും ബന്ധു പോയാൽ തിരിച്ചറിയും. ദേ പത്മനാഭൻ പോണു, അല്ലെങ്കിൽ ചെല്ലപ്പൻ പോണു എന്നു പറയും . ചെല്ലപ്പൻ എന്നു പറയുന്നത് പരേതനായ ഇ.കെ.വാസു ദേവൻനായർ. നല്ല ഒരു സഹൃദയനും കവിയും രസികനുമായിരുന്നു. അദ്ദേഹത്തിന്റെ ഫലിതങ്ങൾ നിറഞ്ഞ വരികൾ ആരേയും കുടുകുടാ ചിരിപ്പിക്കുമായിരുന്നു. അദ്ദേഹത്തിന്റെ കവിത രാക്കുയിൽ പ്രസിദ്ധീകരി ച്ചിരുന്നത് ഞാനോർക്കുന്നു. ഇപ്പോൾ എല്ലാം ഓർമ്മയായി അവശേഷിക്കുന്നു.

അച്ഛനെ ഞങ്ങൾ കുട്ടി കൾക്ക് ഭയവും ബഹുമാനവു മായി രുന്നു. വിരലിൽ എണ്ണാവുന്ന സിനിമ കൾ മാത്രമേ ഞങ്ങൾ കണ്ടിട്ടുള്ളു. കൂടുതൽ കാണണമെന്നു മോഹവും തോന്നിയിട്ടില്ല. ആവശ്യപ്പെടാറുമില്ല. ഹൈസ്കൂൾ മിക്സഡ് സ്കൂളാ യിരുന്നു. പക്ഷെ വളരെ അച്ചടക്കമുള്ള കുട്ടികളും നല്ല അദ്ധ്യാപകരുമായിരുന്നു. ഫിസിക്സ് കെമസ്ട്രി ബയോളജി എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം ലാബുകൾ അന്നു തന്നെ ഉണ്ടായിരുന്നു.

ചെറുതായിരുന്നപ്പോൾ ബന്ധുവീട്ടിൽവച്ച് ഒരു നൃത്താദ്ധ്യപകൻ ഞങ്ങളെ കുട്ടികളെ നൃത്തം പഠിപ്പിച്ചി രുന്നു. അച്ഛനോട് ഹൈസ്കൂളിലെ ടീച്ചർമാർ നിർബന്ധിച്ചതനുസരിച്ച് middle school- ൽ പഠിച്ചിരുന്ന എനിക്ക് അവിടെ നൃത്തം ചെയ്യേണ്ടി വന്നു. അരങ്ങേറ്റത്തിനുമുമ്പ് അങ്ങനെ ചെയ്തത് എന്നെ ഡാൻസ് പഠിപ്പിച്ച അദ്ധ്യാപകന് വലിയ മനപ്രയാസ മുണ്ടാക്കി. എന്റെ അച്ഛനും അതാണ തിന്റെ രീതി എന്നറിയുമായിരുന്നില്ല. ഇന്ന് അച്ഛനുവേണ്ടി ഞാൻ ആ ഗുരുനാഥനോടു മാപ്പു ചോദിക്കുന്നു. പിന്നീട് ഡാൻസ് പഠിത്തം തുടരാ നായില്ല. വീടിനടുത്തുണ്ടായിരുന്ന മഹാദേവയ്യരുടെ ശിക്ഷണത്തിൽ കുറേക്കാലം സംഗീതം അഭ്യസിച്ചെ ങ്കിലും അദ്ദേഹത്തിന് മക്കളുടെ കൂടെ മദ്രാസിൽ പോകേണ്ടി വന്നതുകൊണ്ട് അതും വേഗം അവസാനിച്ചു. അത് ഇന്നും മനസ്സിലെ മോഹമായി അവ ശേഷിക്കുന്നു.

ഇനിയും ബാല്യത്തെ കുറി ച്ചുള്ള ഓർമ്മകൾ നിരവധിയുണ്ട്. അപ്പൂപ്പന്റെ മരുമകളുടെ ഭർത്താവു വരുമ്പോൾ എന്നെ തവിടു കൊടുത്തു മേടിച്ചതാണെന്നും പറഞ്ഞ് കളിയാക്കും. അതിലെ തമാശ മനസ്സിലാക്കാതെ എന്റെ മനസ്സിൽ നിറയെ സങ്കടം വരുമായിരുന്നു.

ഓർമ്മ വച്ച നാൾ മുതൽ ഞങ്ങളുടെ വീട്ടിൽ ജോലിക്കായി നിന്നിരുന്ന ഭാരതിയെ കുറിച്ചെഴുതിയി ല്ലെങ്കിൽ പൂർത്തിയാവില്ല എന്റെ ബാല്യം. പാവം രാവിലെ വന്നാൽ വിസ്തൃതമായി പരന്നു കിടക്കുന്ന മുറ്റമടി കഴിയാൻ ഒൻപതു മണിയാകും. പിന്നീട് എല്ലാം കഴിഞ്ഞ് മടങ്ങി പോകുമ്പോൾ മണി അഞ്ചാകും. ഭാരതി അരയ്ക്കുന്ന ചമ്മന്തിയ്ക്കു പ്രത്യേക സ്വാദു തന്നെയാണ്. മദ്രാസിൽ നിന്നും അച്ഛൻ പെങ്ങളുടെ മകൻ ഗോപിചേട്ട വരുമ്പോൾ എന്റെ അമ്മയോട് പറയും അമ്മായി! ഭാരതിയോടു ഒരു ചമ്മന്തി അരയ്ക്കാൻ പറയൂ ആ കൂനൻ ഉറുമ്പുകളേയും കൂട്ടി എന്ന്. കൂനൻ ഉറുമ്പുകൾ അമ്മായിയുടെ അരികിൽ കൂടി നീണ്ട നിരയായി പോകു മായിരുന്നു. ഇന്നും ചേട്ടനും ഭാരതിയും എല്ലാം ഓർമ്മയിൽ മാത്രം.

എന്നെ ചെറുപ്പത്തിൽ മകളെ പ്പോലെ സ്നേഹിച്ചിരുന്ന സ്കൂളിലെ മീനാക്ഷി അമ്മ ടീച്ചർ ഞങ്ങളുടെ അയൽവാസിയുമായിരുന്നു. ഞാൻ വലുതായി വിവാഹം കഴിഞ്ഞ് ഭർത്താവും മക്കളുമായി താമസിയ്ക്കുന്ന സ്ഥലത്ത് ഞങ്ങളെ കാണാൻ വരുമായി രുന്നു. ആ ആത്മാർത്ഥതയെല്ലാം ഇന്ന് വളരെ അപൂർവ്വം ആളുകളിലെ ഉള്ളു.

അമ്മയുടെ അടുത്ത കൂട്ടുകാരി യായിരുന്ന അമ്മായി അമ്പലത്തിൽ പോകുമ്പോഴും വല്ലപ്പോഴും സിനിമ യ്ക്കു പോകുമ്പോഴും ഞങ്ങളേയും കൂട്ടുമായിരുന്നു. വരുന്നവഴി ഇ.സി യുടെ ഷോപ്പിൽ നിന്നും വളകളും പൊട്ടും

എല്ലാം മേടിച്ചു തരും. എപ്പോഴും വൃത്തിയായി വസ്ത്രധാരണം ചെയ്ത് നല്ലപോലെ സൗന്ദര്യത്തെ സംരക്ഷിച്ചിരുന്ന അമ്മായി പെട്ടൊന്നൊരു ദിവസം ഈ ലോകം വിട്ടുപോയപ്പോൾ വല്ലാത്ത ശൂന്യത അനുഭവപ്പെട്ടു. ആ പൊട്ടിച്ചിരി ഇന്നും മനസ്സിൽ നിന്നും മായുന്നില്ല. അമ്മായിയുടെ ഏകമകൻ ഞങ്ങളുടെയെല്ലാം ഇഷ്ട സഹോദരനായിരുന്നു. പത്താം ക്ലാസ്സ് കഴിഞ്ഞ് കോളേജിൽ ചേർന്നപ്പോൾ ഹോസ്റ്റൽ ജീവിതം എനിക്കത്രയേറെ രസം തന്നില്ല. രണ്ടു ദിവസം അവധി കിട്ടിയാൽ ഓടി അമ്മയുടെ അടുത്തു വരുമായിരുന്നു ഞാൻ. പിന്നീട് വീടിനടുത്തുള്ള കോളേജിൽ ഡിഗ്രിയ്ക്കു ചേർന്നതിനു ശേഷമാണ് കോളേജ് ജീവിതം രസിച്ചു തുടങ്ങിയത്. student special bus ന്റെ സൈഡ് സീറ്റു കിട്ടുവാൻ പത്തു മിനിറ്റ് നേരത്തെ വീട്ടിൽനിന്നും ഇറങ്ങും.വഴിനിളെയുള്ള ദൃശ്യങ്ങൾ എന്നെ എപ്പോഴും ആകർഷിച്ചിരുന്നു. അതിനിടയിൽ ആരെങ്കിലും കൂട്ടുകാർ സംസാരിക്കുവാൻ വരുന്നത് എനിക്ക് അലോസരമായി തോന്നു മായിരുന്നു. ഞാനും അപ്പൂപ്പന്റെ മരുമകളുടെ മകളും വളരെ വളരെ അടുത്ത സുഹൃത്തുക്കളായിരുന്നു. ഞങ്ങൾ എപ്പോഴും ഒരുമിച്ച് നടക്കു ന്നതുകൊണ്ട് ഞങ്ങളെ ഏട്ടൻമാരും അനുജൻമാരും കളിയാക്കുമായിരുന്നു. ഡിഗ്രി കഴിഞ്ഞപ്പോൾ രണ്ടുപേരും രണ്ടു വഴിക്കായി.

ഇങ്ങനെ എഴുതി പോയാൽ നിർത്താനെ തോന്നുകയില്ല. ഇതൊരിയ്ക്കലും ഒരു ആത്മകഥയല്ല. ഇതിലെ സംഭവങ്ങൾ മനസ്സിൽ ഓർമ്മയായി കടന്നുപോകുന്നു എന്നു മാത്രം. ജീവിതത്തിൽ കൂടി കടന്നുപോയ ഓരോരുത്തരോടും കടപ്പാടുണ്ട്. എന്നെ സ്നേഹിച്ചിരുന്ന എന്റെ അച്ഛനും അച്ഛന്റെ അച്ഛനും സമർപ്പണം. •

### സ്വഭാവരൂപികരണം
### മനസ്സിന്റെ ശിക്ഷണം.

മനഃശിക്ഷണത്തെക്കുറിച്ച് ഒരു വാക്ക്. പുസ്തകങ്ങൾ വഴി ഇതു ലഭ്യമാക്കാമെന്ന് ഞാൻ കരുതുന്നില്ല. അതിനുള്ള മാർഗ്ഗം അദ്ധ്യാപകന്റെ സജീവസ്പർശമാണ്. നമ്മുടെ പ്രൈമറി സെക്കന്ററി സ്കൂളുകളിൽ പഠിപ്പിക്കാനെത്തുന്നവർ ദൈവവിശ്വാസത്തിലും ധർമനിഷ്ഠയിലും അടിയുറപ്പുള്ളവരാണോ? മനഃശിക്ഷണം സ്വയംനേടാൻ അവർക്കു കഴിഞ്ഞിട്ടുണ്ടോ അവരുടെ ചുമതലയിലുള്ള കുട്ടികളുടെ അനശ്വരസത്തയുടെ പരിപോഷണത്തിന് അവർ പ്രാപ്തരാണോ? സൻമാർഗസത്തയുടെ പരിപോഷണത്തിനുതകുന്നതാണോ? അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതാനിർണയസമ്പ്രദായം ജീവിക്കാൻ വേതനം മോഹിച്ചാണോ അദ്ധ്യാപക വൃത്തിയിലേർപ്പെടുന്നത്. ദേശാഭിമാനിയാണോ എന്നു നോക്കിയിട്ടോ അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നത്. മറ്റൊരു പണിയും കിട്ടാതെ വരുമ്പോൾ ഇനി നമുക്ക് പഠിപ്പിക്കാൻ പോകാമെന്നു തീരുമാനിച്ചവരാണ് അദ്ധ്യാപകരാകുന്നത്.

യങ് ഇന്ത്യ

## വിശേഷ ദിവസങ്ങൾ

**ഡിസംബർ 14 മുതൽ ജനുവരി 14 വരെ**

| | | |
|---|---|---|
| ഡിസംബർ | 19 | കുചേല ദിനം. |
| | 23 | ഗീതാദിനം |
| | 24 | വൈകുണ്ഠ ഏകാദശി |
| | **25** | **കരയോഗ സ്ഥാപകദിനം,** ക്രിസ്മസ് |
| | 26 | ശബരിമല മണ്ഡലപൂജ |
| | 28 | തിരുവാതിര, തിരുവൈരാണികുളം മഹാദേവക്ഷേത്രത്തിൽ നടതുറപ്പ് |
| | 30 | പരശുരാമ ജയന്തി |
| ജനുവരി | 02 | മന്നം ജയന്തി |
| | 04 | തുഞ്ചൻദിനം |
| | 13 | മകരസംക്രമം |
| | 14 | തൈപ്പൊങ്കൽ, ശബരിമലമകരവിളക്ക് മഹോത്സവം |

## ആദരാഞ്ജലി



എൽ/3965
**ബാലകൃഷ്ണൻ.വി.**
ലാവണ്യ,
Bank of India Colony
കലൂർ, കൊച്ചി 682017



എൽ/2153
**വി.രാമചന്ദ്രൻ**
വെംപ്ലാശ്ശേരി,
കാരിക്കാമുറി റോഡ്,
കൊച്ചി 682 011



എൽ/0446
**കെ.പി.ബാലകൃഷ്ണൻ,**
XXIII/1479എ, ശ്രീരംഗം,
ദിവാൻസ് റോഡ്,
കൊച്ചി 682016



എൽ/2269
**കെ.പി.ഗോപിനാഥകുറുപ്പ്,**
ലാവണ്യ, സന്നിധിറോഡ്
രവിപുരം, കൊച്ചി 682016

കവിത

# അവസാനം

- പി.ഐ.ശങ്കരനാരായണൻ

ജോലികളൊക്കെ
യൊതുക്കി മനസ്സിന്റെ
ജാലകമെല്ലാമടച്ചു.
മൗനത്തിൽ മുങ്ങുമെൻ
വീടിന്റെ മുന്നിലെ
വാതിലും കൊട്ടിയടച്ചു.
തപ്തനിശ്വാസവും
കണ്ണുനീരും എനി
ക്കത്താഴമായിബ്ഭവിച്ചു;
ദിക്കറിയാത്തൊരു
കോണിൽ, ഇരുളിന്റെ
മെത്തയിൽ വീണു ശയിച്ചു.
വീടിനുവേണ്ടി ഞാ
നിന്നോളമെത്രയ്ക്കു
ത്യാഗം സഹിച്ചു കഴിഞ്ഞു
നാടിനു വേണ്ടിഞാ
നിന്നോളമെന്തെന്തു
നൻമകൾ ചെയ്തു കഴിഞ്ഞു;
എന്നിട്ടു മിഞ്ഞോട്ടു
കിട്ടിയതത്രയും
നന്ദികേടിൻ ചുമടല്ലോ;
നിൽക്കപ്പൊറുതിയു
മില്ലാതെയാക്കുന്ന
കഷ്ടനഷ്ടങ്ങളെയല്ലോ!
സത്യ ധർമ്മങ്ങളും
നിതിയും കത്തിച്ചു
ഭസ്മമാക്കിട്ടവർ നിൽക്കെ
വേണ്ടതവർക്കിനി
എന്റെ ജീവൻ പോയ
ദേഹമാണെന്നതുറച്ചു.
കാത്തിരിപ്പാണു ഞാൻ
കാലമേ നിൻ കയർ
ബന്ധിപ്പതെപ്പൊഴാണെന്നെ
ഭാവിയ്ക്കു വേണ്ടിയെൻ
വർത്തമാനത്തിനെ
ഭൂതമാക്കാൻ വരൂ, കണ്ണേ!
അപ്പൊഴെൻ കെട്ടുക,
ളീ സമൂഹത്തിലെ
ഊരാക്കുടുക്കുകൾ തീരും;
അന്നെനിക്കുള്ളം
തുറന്നിട്ടൊരു മാത്ര
പുഞ്ചിരിക്കാനും കഴിയും!

പാചകപംക്തി



രാമചന്ദ്രൻ. കെ

# കുറുക്കു കാളൻ

| | | |
|---|---|---|
| ഏത്തക്കായ | : | 1 എണ്ണം |
| ചേന | : | 100 ഗ്രാം |
| പച്ചമുളക് | : | 4 എണ്ണം |
| വേപ്പില | : | 4 ഇതൾ |
| കുരുമുളകുപൊടി | : | 1.ടീസ്പൂൺ |
| മഞ്ഞൾപ്പൊടി | : | 1.ടീസ്പൂൺ |
| മുളകുപൊടി | : | 1/2 സ്പൂൺ ഉപ്പ് പാകത്തിന് |
| ജീരകം | : | 2.ടീസ്പൂൺ |
| കടുക് | : | 1.ടീസ്പൂൺ |
| മുളക് | : | 2 എണ്ണം |
| ഉലുവ | : | 1/2 സ്പൂൺ |
| തൈര് | : | 1 ലിറ്റർ |
| തേങ്ങ | : | 1/2 മുറി |
| വെളിച്ചെണ്ണ | : | 3 തവി |

ഏത്തക്കായ നീളത്തിൽ അരി യണം. ചേന ചെത്തി ചെറിയ കഷണ ങ്ങളാക്കി ഇടണം. മഞ്ഞൾപൊടി, മുളകുപൊടി, കുരുമുളകുപൊടി, ഉപ്പ് ,ജീരകം, വേപ്പില, പച്ചമുളക് എന്നിവ ചേർത്ത് വെള്ളത്തിൽ വേവിക്കുക.തൈര് അരിച്ച് ചേർത്ത് വറ്റിക്കഴിയുമ്പോൾ തേങ്ങ, ജീരകം, പച്ചമുളക് എന്നിവ അരച്ച് ചേർക്കുക.കുറുകി കഴിയുമ്പോൾ വാങ്ങുക. വെളിച്ചണ്ണയിൽ, കടുക്, മുളക്, വേപ്പില, ഉലുവ എന്നിവ വറുത്ത് ഇട്ടു താളിയ്ക്കുക.

# അവിൽ സാലഡ്



ശ്രീമതി.ബീനഭട്ട്

**ചേരുവകൾ**

| | |
|---|---|
| അവിൽ | 2 കപ്പ് |
| തേങ്ങപീര | 1/2 കപ്പ് |
| കാരറ്റ് ചുരണ്ടിയത് | 1 എണ്ണം |
| കുക്കുമ്പർ (തൊലി കളഞ്ഞ് | |
| കുരുമാറ്റിയത്)ചുരണ്ടിയത് | 1 എണ്ണ |
| ബീറ്റ്റൂട്ട് ചുരണ്ടിയത് | 1 എണ്ണം |
| കാപ്സിക്കം ചെറുതായി | |
| നുറുക്കിയത് (കുരുമാറ്റിയിരിക്കണം) | 1 എണ്ണം |
| കാബേജ് ചെറുതായി അരിഞ്ഞത് | 1 കപ്പ് |
| കപ്പലണ്ടി വറുത്ത് തൊലികളഞ്ഞത് | 1 ടേബിൽസ്പൂൺ |
| ഇഞ്ചി വളരെ ചെറുതായി നുറുക്കിയത് | 1 കഷ്ണം |
| പച്ചമുളക് ചെറുതായി നുറുക്കിയത് | 2 എണ്ണം |
| മല്ലി ഇല, പുതിനയില | |
| പൊടിയായി അരിഞ്ഞത് | 1 ടേബിൽ സ്പൂൺ |
| ചെറുനാരങ്ങ | 1 എണ്ണം നീര് എടുത്തത് |
| ഉപ്പ് | ആവശ്യത്തിന് |

മേൽപ്പറഞ്ഞ ചേരുവകൾ ഒരു വട്ടപാത്രത്തിൽ ഇട്ടു നന്നായി കൈകൊണ്ട് ഇളക്കി തിരുമ്മിയശേഷം മല്ലി പുതിനയില എന്നിവ ചേർത്ത് വിളമ്പുക.

# എറണാകുളം കരയോഗം

## ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2012 ഒക്ടോബർ മാസത്തിൽ സംഭാവന നൽകിയവർ

### ഹൈന്ദവ ആചാര അടിസ്ഥാന സൗകര്യവികസന ഫണ്ട്

| | | |
|---|---|---|
| 1. | കെ.വേണുഗോപാൽ നായർ, ദേവ പ്രോജക്റ്റ് പ്രൈവറ്റ് ലിമിറ്റഡ്,42/108, ഏബ്രഹാം മടയ്ക്കൽ റോഡ്, മറൈൻ ഡ്രൈവ്, കൊച്ചി. 18 | ₹ 1,00,000.00 |
| 2. | സുരേഷ് ജെ. ശ്രീകുഞ്ജം, അശോക റോഡ്, കലൂർ, കൊച്ചി - 17 | ₹ 20500.00 |
| 3. | ഉമ ആർ, സായൂജ്യം, രവിപുരം, അമ്മ സാവിത്രിയമ്മയുടെ സ്മരണയ്ക്ക് | ₹ 10000.00 |
| 4. | ശശിധരൻ കരോളിൽ. എം .6, ചോയ്സ് പാർക്ക് പേരണ്ടൂർ റോഡ്, കൊച്ചി 26 | ₹ 6025.00 |

### മാര്യേജ് എയ്ഡ് ഫണ്ട്

| | | |
|---|---|---|
| 1. | ഇ. മോഹൻദാസൻ, വരുണ,ഹൗസ് നമ്പർ.37/198, പാലാരിവട്ടം, കൊച്ചി .25 | ₹ 10,000.00 |



കരയോഗത്തിന്റെ ജീവകാരുണ്യ പ്രവർത്തന സ്ഥിരം ഫണ്ടിലെ വിവാഹം, പാലറ്റീവ് കെയർ എന്നീ വിഭാഗങ്ങളിലേയ്ക്കായി മകൾ ദീപ രാമചന്ദ്രന്റെ സ്മരണയ്ക്ക് കെ.രാമചന്ദ്രൻ, ശ്രേയസ്സ്, 105, കുമാരനാശാൻ നഗർ കൊച്ചി 682020. കരയോഗം പ്രസിഡണ്ട് ശ്രീ. കെ.പി.കെ. മേനോന് 50,000 രൂപ ചെക്ക് സംഭാവനയായി കൈമാറുന്നു.

## അറിയിപ്പ്

എറണാകുളം കരയോഗം അംഗങ്ങൾക്ക് ഈ വർഷത്തെ ജീവകാരുണ്യ സ്ഥിരം ഫണ്ടിലേയ്ക്കുള്ള 2012-13ലെ ആകെ തുകയായ നൂറ് രൂപ 2013 മാർച്ച് 31ന് മുമ്പായി അടയ്ക്കുവാൻ താൽപര്യപ്പെടുന്നു.

-ജന. സെക്രട്ടറി
എറണാകുളം കരയോഗം

**ന ച വിദ്യാസമോ ബന്ധുർ**
**ന ച വ്യാധിസമോ രിപുഃ**
**ന ചാപത്യസമഃ സ്നേഹോ**
**ന ച ദൈവാൽ പരം ബലം**

വിദ്യയ്ക്കു സമമായ ബന്ധുവില്ല. രോഗത്തിനു തുല്യമായ ശത്രുവില്ല.
സന്താനത്തിനോടുള്ള സ്നേഹമാണ് ഏറ്റവും വലുത്.
ദൈവത്തിനെക്കവിഞ്ഞ ഒരു ബലമില്ല.

## പുതിയ പംക്തി ആരംഭിക്കുന്നു

എറണാകുളത്തെ പുരാതന നായർ തറവാടുകളെക്കുറിച്ചുള്ള വിവരങ്ങൾ, വായനക്കാരുടെ അറിവിലേക്കായി കരയോഗസൗഹൃദത്തിലൂടെ പ്രസിദ്ധീകരിക്കുന്ന താണ്. ഓരോ പ്രാവശ്യവും ഓരോ തറവാടിനെപ്പറ്റിയായിരിക്കും പ്രസിദ്ധീകരിക്കുക. അതിനാൽ എറണാകുളത്തെ പുരാതന നായർ തറവാടുകളിലെ ഉത്തരവാദപ്പെട്ടവർ കൃത്യമായ വിവരങ്ങൾ എഴുതി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

-എഡിറ്റർ

# വയോജനങ്ങളും യുവതലമുറയും

– എം. രാജലക്ഷ്മി

**മാ**താപിതാ ഗുരുദൈവം കുട്ടിക്കാലം മുതലെ പഠിച്ച വചനം. ഇന്നത്തെ തലമുറയ്ക്ക് അത് ബാധകമല്ല. മുതിർന്നവർ വന്നാൽ എഴുന്നേൽക്കണം, അവരെ കാല് തൊട്ട് വന്ദിക്കണം എന്നാണ പൂർവ്വികർ നമ്മെ പഠിപ്പിച്ചിട്ടുള്ളത്. ഇന്നത്തെ തലമുറയ്ക്ക് അതിനോട് യോജിപ്പില്ല എന്ന് മാത്രമല്ല അത് വിഷമവും ആണ്. സന്ധ്യയ്ക്ക് വിളക്ക് കൊളുത്തി കുടുബാംഗങ്ങളെല്ലാം ഒന്നിച്ചിരുന്ന് നാമം ചൊല്ലുന്ന കാലമുണ്ടായിരുന്നു. ഇന്നും ചില പഴയ കുടുംബങ്ങളിൽ അത് നടന്നു പോരുന്നു. എന്നാൽ ഇന്ന് നാമം കാസറ്റ് പിടിച്ചടക്കിയിരിക്കുന്നു. ആ സമയത്ത് മിക്കവരും ലാപ്ടോപ്പ്, ടി.വി, കമ്പ്യൂട്ടർ , മൊബൈൽ തുടങ്ങിയ യന്ത്രങ്ങളുടെ കൂടെയായിരിക്കും.

അന്നത്തെ കൂട്ടു കുടുംബത്തിൽ മുത്തച്ഛനോ മുത്തശ്ശിയോ പുരാണകഥകൾ നമുക്ക് പറഞ്ഞ് തന്ന് ആദർശപരമായ സൻമാർഗ്ഗജീവിതം നയിക്കുവാൻ പ്രചോദനവും പ്രേരണയും നൽകുമായിരുന്നു. ഞാനെന്റെ കുട്ടിക്കാലത്ത് മുത്തച്ഛനിൽ നിന്നും മഹാഭാരതത്തിലെയും , ഭാഗവതത്തിലെയും ശിവപുരാണത്തിലെയും കഥകൾ കേട്ടാണ് ഉറങ്ങാറ്. നിത്യവും രാത്രി കിടക്കുന്നതിനു മുമ്പ് രാമായണം വായിച്ചേ പറ്റൂ. പക്ഷെ ഇന്ന് നെറ്റ് വർക്ക് യുഗത്തിൽ യുവതലമുറ അതെല്ലാം നെറ്റിൽ നിന്ന് എടുത്ത് കാര്യം നേടുന്നു. നമ്മൾ വളർന്ന സാഹചര്യമല്ല ഇന്നത്തെ കുട്ടികൾ വളരുന്ന സാഹചര്യം. എന്റെ കുട്ടിക്കാലത്ത് ഫോൺ, റേഡിയോ, കാർ എല്ലാം വളരെ ദുർല്ലഭവസ്ത്തുക്കളായിരുന്നു. ഇന്ന് ഏത് വീട്ടിലും അവ സുലഭം. നമ്മളെക്കാൾ അറിവും കഴിവും ഉണ്ടെങ്കിലും യുവതലമുറ പക്വത കൈവരിയ്ക്കേണ്ടിയിരിക്കുന്നു.

ഇന്ന് യുവാക്കളെക്കാൾ വയോജനങ്ങളാണ് കൂടുതൽ ജീവിച്ചിരിയ്ക്കുന്നത്. 50 വയസ്സിനും 60 വയസ്സിനും ഇടയ്ക്കുള്ളവരെ തൈക്കിളവൻ, അല്ലെങ്കിൽ കിളവി, 60 നും 70 നും ഇടയ്ക്കുള്ളവർ യുവകിളവൻമാർ, 70 നും 80 നും ഇടയ്ക്കുള്ളവരെ വൃദ്ധരും അതിന് മേലെയുള്ളവരെ പടുകിളവൻമാരായി തരം തിരിച്ചിരിയ്ക്കുന്നു. നിങ്ങൾ പോമറേനിയനാണോ, അൾസേഷ്യനാണോ എന്ന് ചോദിച്ചാൽ എല്ലാ ദിക്കിലും പോകാൻ സ്വാതന്ത്ര്യമുള്ളവർ പോമറേനിയനും, വീടിന് കാവലായി ജീവയ്ക്കുന്നവരെ അൾസേഷ്യനോടും ഉപമിയ്ക്കുന്നു. ഇന്ന്, എല്ലാ പട്ടികളെയും നമുക്ക് പുറത്ത് പോകേണ്ടി വരുന്ന ദിവസങ്ങളിൽ കാറിൽ കൊണ്ടു പോകുകയോ പട്ടികളുടെ സദനങ്ങളിൽ കൊണ്ട് വിടുകയോ ചെയ്യാം.

വയസ്സാകുന്തോറും ഏകാന്തതയും, വിഷാദവും, വിഷമതകളും, രോഗങ്ങളും, പരാതികളും, പരിഭവങ്ങളും പെരുകുന്നു. ആർക്കും ആരെയും ശ്രദ്ധിയ്ക്കാനോ ആശയവിനിമയം നടത്താനോ സമയമില്ല. mechanical life പണത്തിനുവേണ്ടി നെട്ടോട്ട മോടുന്ന യുവതലമുറ, അതിനിടയിൽ സ്വന്തം മക്കളെപ്പോലും നോക്കാൻ സമയമില്ലാത്തവർക്ക് മാതാപിതാക്കളെ സംരക്ഷിക്കാൻ എവിടെ സമയം. വയസ്സായവർക്ക് സാമ്പത്തികശേഷി ഉണ്ടെങ്കിൽ അവർ മക്കളുടെ മുമ്പിൽ ഭാരമാകാതെ തല ഉയർത്തി പിടിച്ച് നിൽക്കാമെന്ന് മാത്രം. സാമ്പത്തിക ശേഷി ഉണ്ടെങ്കിലും മാതാപിതാക്കളെ മക്കൾ ഭാഗം ചെയ്ത് എടുക്കുന്നു. അല്ലെങ്കിൽ വൃദ്ധസദനത്തിലാക്കുന്നു. അല്ലാത്തവർ അഗതിമന്ദിരങ്ങളിലും. ചുരുക്കം ചില മക്കൾ മാതാപിതാക്കളെ തങ്ങളുടെ ജോലി സ്ഥലത്തേയ്ക്ക് കൊണ്ടു പോകുന്നു. അവരെ സംരക്ഷിക്കാനല്ല, തങ്ങളുടെ മക്കളുടെ സംരക്ഷണത്തിന് വേണ്ടി വേലക്കാരികളെ കിട്ടാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുകയും ആകാം. മാതാപിതാക്കൾ കൂടെ താമസിയ്ക്കുന്നതിൽ ആഗ്രഹമുണ്ടെങ്കിലും മക്കൾ മരുമക്കളുടെ വിയോജിപ്പിനാൽ നിസ്സഹായരാകുന്നു. കാരണം അവരുടെ സ്വാർത്ഥതാല്പര്യങ്ങൾ പ്രൈവസി , സ്വാതന്ത്ര്യം നഷ്ടപ്പെടുമോ എന്ന ഭയം. മകനും മരുമകളും ജോലിക്കും, പേരക്കുട്ടികൾ ക്ലാസ്സിലും പോയാൽ ഇവർക്ക് ഏകാന്തതടവും. ഏകച്ഛത്രക്രാധിപത്യത്തോടുകൂടി ജീവിച്ചിരുന്നിരുന്ന അവരിൽ ഒരാൾ നേരത്തെ ചരമമടഞ്ഞാൽ ചിറകറ്റ പക്ഷിയെ പോലെയായി അടുത്ത ആൾ. രോഗം ബാധിക്കുകയോ കാഴ്ച ശക്തിയും കേൾവിശക്തിയും ക്ഷയി ക്കുകയോ ചെയ്താൽ അവരുടെ ജീവിതം പരിതാപകരവും നരകതുല്യവും ആകുന്നു. വിലയും നിലയും ഉള്ള പല കുടുംബങ്ങളിലും ഇവർ ഒറ്റപ്പെടുന്നു. അവർ വീടിന് പുറത്തുള്ള ചടങ്ങുകളിൽ പങ്കെടുക്കുവാൻ പാടില്ല, നിഷ്കരുണം എല്ലാ കാര്യങ്ങളിൽ നിന്നും അവരെ അവഗണിക്കപ്പെടുന്നു. എന്തിന് വർത്തമാനപത്രം വന്നാൽ അത് വായിക്കാൻ എടുത്താൽ അത് മറ്റുള്ളവർ തട്ടി എടുക്കും. അക്ഷരാഭ്യാസമില്ലാത്ത വരുടെ പെൻഷൻ മക്കൾ വാങ്ങിയെടുത്ത് പിന്നീട് മരുന്നിനും ചെറിയ ചെറിയ കാര്യങ്ങൾക്കുപോലും മറ്റുള്ളവരെ ആശ്രയിക്കേണ്ട ഗതികേടിലാക്കും. കുറ്റപ്പെടുത്തലും ശകാരവർഷവും ഒരു ഭാഗത്ത്. മറുവശത്ത് താൻ മറ്റുള്ളവർക്ക് ഭാരവും അധികപ്പറ്റു

മാകുന്നുവല്ലോ എന്ന ചിന്താഗതി മാനസിക സംഘർഷ ത്തിനും വിഷാദരോഗങ്ങൾക്കും വിധേയരായി അവരെ ആത്മഹത്യാ പ്രവണതയിലേക്ക് തള്ളി വിടുന്നു. നമ്മുടെ കുട്ടിക്കാലജീവിതം കുരങ്ങൻ മാരെ പോലെയും യൗവനത്തിൽ കുതിരകളെപ്പോലെയും വിവാഹ ശേഷം മക്കളായാൽ കഴുത കളെ പോലെ ചുമട് ചുമന്നും അതിനപ്പുറ മായാൽ മൂങ്ങകളെ പോലെ ഉം എന്ന് മൂളി പ്രതികരിക്കാനാകാതെ ജീവി യ്ക്കുന്നു.

നല്ല കാലത്ത് മക്കൾക്കും മരുമക്കൾക്കും യ.തൊരു സ്വൈരവും സമാധാനവും നൽകാതെ ജീവി്ക്കുന്ന മാതാപിതാക്കളെയും അമ്മായി അമ്മമാരെയും നമുക്ക് ചുറ്റും കാണാം. വിവാഹിതരായി കഴി ഞ്ഞാലും അവരെ സ്വന്തം ചൊൽ പ്പടിയ്ക്ക് നിർത്തി ഇല്ലാത്ത കുറ്റം ചുമത്തിയും, സ്ത്രീധന ത്തിന്റെ പേരിലും, അധികാരം കൊടുക്കാതെ കയ്യടക്കിയും, താൻ പിടിച്ച മുയലിന് നാലുകൊമ്പ് എന്ന നിലയിൽ തൊട്ടതിനും പിടിച്ചതിനും ശാരീരികമായും മാനസികമായും പീഡിപ്പിക്കുന്നവരെയും നമുക്ക് ചുറ്റും കാണാം. ഇന്ന് കാലം മാറി. മക്കളുടെയും മരുമക്കളുടെയും ചൊൽപ്പടിയ്ക്ക് ജീവിക്കണം. ഇല്ലെ ങ്കിൽ അവരെ വൃദ്ധസദനത്തിലോ അഗതിമന്ദിരത്തിലോ ആക്കും. ഭാര്യ ഭർത്താവിനെയും ഭർത്താവ് ഭാര്യ യെയും വരച്ച വരയിൽ നിർത്തുന്ന വരും ഇല്ലാതില്ല. വൃദ്ധരായ മാതാപിതാ ക്കളെ ഗുരുവായൂർക്ക് തൊഴാൻ എന്ന വ്യാജേന വഴിയിൽ നിരാലംബരായി ഇറക്കിവിടുന്ന മക്കളും ഉണ്ട്. ജീവി ച്ചിരിയ്ക്കുമ്പോൾ സ്വന്തം പ്രയത്നം കൊണ്ട് ഉണ്ടാക്കിയ വീട്ടിൽ നിന്നും ഏകമകൾ വിധവയായ അമ്മയെ പുറത്താക്കി gate ഉം വീടും ലോക്ക് ചെയ്ത് അനുഭവം കാണാം. അവർ വൃദ്ധസദനത്തിൽ അഭയം തേടി. വിദേശത്ത് അത്യുന്നത പദവിയിൽ ജീവിക്കുന്ന ഏകമകനെ ഒരുനോക്കു കാണുന്നതിന് അത്യാ സന്ന നിലയിൽ കിടക്കുന്ന അമ്മയ്ക്ക് മകനിൽ നിന്നും കിട്ടിയ മറുപടി ലീവില്ല എന്നാണ്. മരിച്ചു എന്ന് അറിയിച്ചപ്പോൾ കിട്ടിയ മറുപടി അവരെ പായ്ക്ക് ചെയ്ത് വേണ്ടത് ചെയ്യൂ എന്ന്. മരണാനന്തര ക്രിയയ്ക്ക് പോലും വിദേശത്ത് ജീവിയ്ക്കുന്ന മക്കൾക്ക് സമയമില്ല. അങ്ങിനെ എത്രയെത്ര കഥകൾ. വയസ്സായവരുടെ സ്വർണ്ണപണ്ടങ്ങൾ കയ്ക്കലാക്കി അതിന് പകരം ഇമിടേഷൻ പണ്ടങ്ങൾ നൽകുന്നു. ഒരുകാര്യം അവർ മറന്നു പോകുന്നു. as you sow so will you reap. വിതച്ചതേ ൊകയ്യൂ,മത്ത കുത്തിയാൽ കുമ്പളം മുളയ്ക്കില്ല. അതിനാൽ വയസ്സായാൽ അടുത്ത തലമുറയുമായി അഡജസ്റ്റ് ചെയ്ത് പോകുവാൻ നമ്മുടെ മനസ്സിനെ പാകപ്പെടുത്തണം. നമ്മുടെ മനസ്സാണ് നമുക്ക് സുഖം തരുന്നതും ദുഃഖം തരുന്നതും നമ്മെ ഉയർത്തുന്നതും താഴ്ത്തുന്നതും. നമ്മെക്കാൾ പതിൻമടങ്ങ് ദുഃഖമനുഭവി യ്ക്കുന്നവരെ കാണുമ്പോൾ നമ്മുടെ ദുഃഖം ഒന്നുമല്ലെന്ന് മനസ്സിലാകും. യുവതലമുറയുടെ കാര്യങ്ങളിൽ ഇഷപെടാതെ നമ്മൾ ജീവിച്ചപൊലെ അവരെ സ്വതന്ത്രരായി ജീവിയ്ക്കാൻ അനുവദിച്ചാൽ കുടുംബത്തിൽ സമാ ധാനവും സന്തോഷവും, സംതൃ പ്തിയും, കൈവരിയ്ക്കും. നമ്മുടെ പിടിവാശിയും അഹന്തയും, വിദ്വേ ഷവും ,അസഹിഷ്ണുതയും, കോപവും, അവിവേകം മൂലമാണ്. അവ നമ്മുടെ ശത്രുവാണെന്ന് തിരിച്ചറിഞ്ഞ് ഉപേക്ഷി യ്ക്കുക. കഴിഞ്ഞ് പോയ കാര്യങ്ങൾ ഓർത്ത് ഇല്ലാത്തതിൽ ദുഃഖിച്ച് ജീവിയ്ക്കാതെ ഉള്ളതിൽ സംതൃ പ്തിയും സന്തോഷവും കാണുക. എന്നാൽ ജീവിതം സുഖകരവും സന്തോഷപ്രദവും ആക്കാം.

വാർദ്ധക്യകാലത്ത് മക്കളിൽനിന്നും പരിപൂർണ്ണ സംരക്ഷണം ലഭിക്കേണ്ടത് മാതാപിതാക്കളുടെ അവകാശമാ ണെന്നും അത് ആരുടേയും ഔദാര്യ മല്ലെന്നും ഈ ചുമതല നിർവ്വഹി യ്ക്കാത്ത മക്കളുടെ പേരിൽ ക്രിമിനൽ കുറ്റം ചുമത്തി ശിക്ഷ നൽകുമെന്നും നിയമം അനുശാസിയ്ക്കുന്നു. എന്നാൽ എത്രപേർ ഇത് പ്രയോജനപ്പെടുത്തുന്നു എന്നത് ചിന്താവിഷയമാണ്.

വാർദ്ധക്യത്തിലെത്തുമ്പോൾ യുവതലമുറയ്ക്കും ശക്തിക്ഷയിക്കു മെന്നും താൻ അളന്ന കോലുകൊണ്ടു തന്നെ തന്നെ അളക്കുമെന്നും ആദരവും സ്നേഷവും ബഹുമാനവും പിടിച്ച് പറിയ്ക്കേണ്ടതല്ല മറിച്ച് മറ്റുള്ളവർക്ക് നൽകി സ്വയം നേടേണ്ടതാണെന്നും തിരിച്ചറിയുമ്പോഴേയ്ക്കും it will be too late. കുടുംബത്തിന്റെ തടവറകളിൽ സ്നേഹത്തിന്റെ സ്പന്ദനം ഏൽക്കു വാൻ കാത്തിരിയ്ക്കുന്നവർക്ക് ആശ്വാസ ത്തിന്റേയും പ്രതീക്ഷയുടെയും നാളു ണ്ടാക്കി സൗഹാർദ്ദവും സംതൃപ്തിയും സന്തോഷവും സമാധാനവും വയോജന ങ്ങളിലൂടെ വരും തലമുറ നേടട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

അബ്ദുൾ കലാമിന്റെ വാക്കു കളാണ് ഇവ The new generation want to understand the real meaning of senior citizen. It just mean the most experienced and skilled person. The youth should respect and follow them. They should take their experience as guid lines; Now you are under estimating the seniors. Now i am happy and proud to say that I am senior citizen . പക്ഷെ ഇങ്ങിനെ ഈ തലമുറ തുടർന്നാൽ നമ്മുടെ ഭാരതത്തെ ഉന്നതിയിലെയ്ക്കെത്തിച്ച അബ്ദുൾ കലാമിനെ പോലെയുള്ള മഹാൻമാരായ പലരെയും നമ്മുടെ തലമുറ useless എന്ന് മുദ്രകുത്തുന്ന കാലമുണ്ടാകാ തിരിയ്ക്കട്ടെയെന്നും വരും തലമുറയ്ക്ക് നമ്മൾ പ്രയോജനമുള്ളവരാണെന്ന തിരിച്ചറിവ് ഉണ്ടാകട്ടെ എന്നും ജഗദീശ്വരനോട് പ്രാർത്ഥിക്കാം. •

## നിയമ സഹായവേദി

**ക**രയോഗ സൗഹൃദം വായന ക്കാരുടെ നിയമപരമായ സംശയങ്ങൾ ദൂരിക്കരിക്കുന്നതിനുവേണ്ടി നിയമസഹായവേദി എന്ന ഒരു പംക്തികൂടി കരയോഗ സൗഹൃദ ത്തിൽ ആരംഭിക്കുന്നു. ഈ പംക്തി കൈകാര്യം ചെയ്യുന്നത് അതിപ്രശ സ്തരായ അഭിഭാഷകരാണ്. നിയമ ങ്ങളെപ്പറ്റി നിങ്ങൾക്കുള്ള സംശയ ങ്ങൾ എഴുതി ചോദിക്കുക.

**എഡിറ്റർ,**

## OUR PILGRIMAGES IN 2013

ഓം നമഃ ശിവായ ഃ

### കൈലാസ – മാനസ സരോവർ

MAY - 2013

ശിവ പാർവ്വതിമാരുടെ ആസ്ഥാനമായ കൈലാസവും മാനസസരസും നേപ്പാളിലെ പശുപതി നാഥ്, ബൗദ്ധ നാഥ്, സ്വയംഭൂനാഥ് ക്ഷേത്രങ്ങളും കാഠ്മണ്ഡു നഗരവും സന്ദർശിക്കുന്നു. Rs. 108,900/-

### കേദാർനാഥ്, ബദരീനാഥ്, യമുനോത്രി, ഗംഗോത്രി

JUNE & OCTOBER - 2013

ഹരിദ്വാർ, ഋഷികേശ്, വസിഷ്ടഗുഹ, ദേവപ്രയാഗ്, രുദ്രപ്രയാഗ്, ഗുപ്തകാശി, ഗൗരീകുണ്ഡ്, ജോഷിമഠം, വ്യാസഗുഹ, ഗണേഷ് ഗുഹ, ഉത്തരകാശി....... Rs. 19,900/-

### അമർനാഥ് – വൈഷ്ണോദേവി

JULY - 2013

ശിവഭഗവാൻ ശ്രീപാർവ്വതിക്ക് പ്രപഞ്ചരഹസ്യം അരുളിചെയ്ത ജമ്മുകാശ്മീരിലെ ഗുഹാക്ഷേത്രം. പ്രപഞ്ചരഹസ്യം മറ്റൊരു ജീവിയും അറിയരുതാത്തതുകൊണ്ട് ശിവപാർവ്വതിമാർ ഹിമാലയാന്തർഭാഗത്തെ അമർനാഥിലെ ഗുഹയിലെത്തി പ്രപഞ്ച രഹസ്യം ശ്രീപാർവ്വതിയ്ക്കു പറഞ്ഞുകൊടുത്തു. ഇന്ന് വർഷത്തിൽ നാല്പത്തിയഞ്ചു ദിവസം മാത്രം അമർനാഥിൽ മഞ്ഞുകൊണ്ടുള്ള ശിവലിംഗം രൂപപ്പെടുന്നു. അമർനാഥിനൊപ്പം വൈഷ്ണോദേവി ക്ഷേത്രം, ശ്രീ നഗർ, സുവർണ്ണ ക്ഷേത്രം, വാഗാ ബോർഡർ തുടങ്ങിയവയും സന്ദർശിക്കുന്നു. Rs. 19,500/-

## KAILAS DARSHAN TRAVELS

(in the service of Lord)

**GOURI KRISHNA, EDAPPALLY NORTH P. O., KOCHI - 682024**

**94465 08304, 9961 200 400, 9961 200 500, 0484-2347016**

**e-mail: kailasdarshan@gmail.com . www.kailasdarshan.org**

### ചൈത്രം

• മാനസികസംഘർഷമനുഭവിക്കുന്നവർ • ഏകാന്തതയനുഭവിക്കുന്നവർ • ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ • നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം: 0484-4020160

**ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ**

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

# സന്ധ്യാദീപം

സന്ധ്യക്ക് ഉമ്മറത്ത് നിലവിളക്കുകൊളുത്തി വയ്ക്കുന്നതാണ് സന്ധ്യാദീപം. ഇത് ഒരു ദിവസംപോലും മുടക്കരുത്. സന്ധ്യാദീപത്തിന് ഹൈന്ദവജീവിതത്തിൽ വളരെയേറെ പ്രാധാന്യമുണ്ട്.

സന്ധ്യക്കു മുമ്പായി കുളിച്ച് അല്ലെങ്കിൽ കാലും മുഖവും കഴുകി ശരീരശുദ്ധി വരുത്തി ശുഭ്രവസ്ത്രം ധരിക്കണം. അതിനു ശേഷം തുടച്ചു വൃത്തിയാക്കി വച്ചിരിക്കുന്ന നിലവിളക്കിൽ എള്ളെണ്ണയൊഴിച്ച് തിരികത്തിച്ച് ദീപം എന്നു മൂന്നു പ്രാവശ്യം ഉച്ചരിച്ചുകൊണ്ട് ഉമ്മറത്ത് വൃക്ഷങ്ങൾക്കും ചെടികൾക്കും പക്ഷി മൃഗാദികൾക്കും കാണത്തക്കവിധം പീഠത്തിൽ വയ്ക്കുക. സന്ധ്യകഴിയുന്നവരെ കുടുംബാംഗങ്ങളെല്ലാവരും ചേർന്ന് വിളക്കിനു സമീപമിരുന്ന് സന്ധ്യാനാമം ജപിക്കണം. വെറും നിലത്തിരുന്ന് ധ്യാനം, ജപം ഇവ അരുത്. പുൽപ്പായ, കമ്പളം, പലക അങ്ങനെ ഏതെങ്കിലും ഒന്നിലിരുന്നേ പാടുള്ളു. ധ്യാനം, ജപം ഇവകൊണ്ട് മനുഷ്യശരീരത്തിനു ലഭിക്കുന്ന ഊർജം നഷ്ടപ്പെടാതിരിക്കാനാണിത്. നിലത്തിരുന്നാൽ ഊർജം ഭൂമിയിലേക്ക് സംക്രമിക്കും (എർത്തായി പോകും). നാമജപത്തിനുശേഷം സത്സംഗവും കൂടി നടത്തേണ്ടതാണ്. കുടുംബൈക്യത്തിനും ശ്രേയസ്സിനും സത്സംഗം അത്യാവശ്യമാണ്. ഇതിനു ശേഷമേ സന്ധ്യാവന്ദനം കഴിഞ്ഞെഴുന്നേല്ക്കാവൂ.

സന്ധ്യാദീപം കൊളുത്തുമ്പോൾത്തന്നെ തുളസി ത്തറയിലും ദീപം തെളിക്കണം.

**നിലവിളക്കു കൊളുത്തേണ്ട വിധം**

ഗൃഹത്തിൽ വിളക്കുവയ്ക്കുമ്പോൾ കിഴക്കോട്ടും പടിഞ്ഞാട്ടുമായി ഈരണ്ടു തിരികൾ വീതമിടണം. നമസ്തേ പറയുമ്പോൾ നാം കൈകൾ ചേർത്തു പിടിക്കുന്നതുപോലെ തിരികൾ ചേർത്തു വച്ചാണ് വിളക്കിൽ ഇടേണ്ടത്. തിരികൾ വേർപെട്ടോ കൂടിപ്പിണഞ്ഞോ കിടക്കരുത്. അലക്കി ശുദ്ധമാക്കി നല്ലതുപോലെ ഉണക്കിയെടുത്ത പരുത്തിത്തുണി കീറി തിരിതെറുത്തു വേണം വിളക്കിലിടാൻ. നനവുള്ള തിരി കത്തിച്ച് ദീപം പൊട്ടിത്തെറിക്കാൻ ഇടയാകരുത്. തീപ്പെട്ടി ഉരച്ച് നേരിട്ട് വിളക്കിൽ കത്തിക്കരുത്. കൊടിവിളക്കോ, അതില്ലെങ്കിൽ ചെരാതോ ആദ്യം കത്തിച്ചിട്ട് അതിൽനിന്നേ നിലവിളക്കിലേക്ക് ദീപം പകരാവൂ.

വറുത്തശേഷമുള്ള എണ്ണ, വെള്ളം കലർന്ന എണ്ണ, മൃഗക്കൊഴുപ്പുകളിൽ നിന്നെടുത്ത എണ്ണ, റിഫൈൻഡ് ഓയിലുകൾ ഇവയൊന്നും നിലവിളക്കിൽ ഉപയോഗി ക്കരുത്. പ്രാണികളും മറ്റും ചത്തുകിടന്നും മുടിയിഴകൾ കെട്ടുപിണഞ്ഞുകിടന്നും അശുദ്ധമായ എണ്ണയും വർജിക്കണം. എള്ളെണ്ണയാണ് ഗൃഹത്തിലേക്ക് ഉത്തമം.

വിളക്കുകൊളുത്തുമ്പോൾ അഗ്നിജ്വലനമന്ത്രം ജപിക്കുന്നതു ശ്രേയസ്കരമാണ്.

**ചിത് പിംഗല ഹന ഹന ദഹ ദഹ**
**പച പച സർവജ്ഞാ ജ്ഞാപയ സ്വാഹാ**

എന്നതാണ് അഗ്നിജ്വലനമന്ത്രം.

സന്ധ്യാദീപം കണ്ടാലുടൻ എഴുന്നേറ്റുനിന്ന് തൊഴുതു പിടിച്ച് ഇങ്ങനെ പ്രാർത്ഥിക്കുക.

**ശിവം ഭവതു കല്യാണം ആയുരാരോഗ്യവർധനം**
**നമഃ ശത്രുവിനാശായ സന്ധ്യാദീപം നമോ നമഃ**

തെക്കു കിഴക്കു ഭാഗങ്ങളിൽ നിന്നുവേണം സന്ധ്യാദീപം ദർശിക്കാൻ.

സന്ധ്യ കഴിഞ്ഞാൽ വിളക്കണയ്ക്കണം. വസ്ത്രം ഉപയോഗിച്ചു വീശിക്കെടുത്തുകയാണ് ഉത്തമം. ഊതിക്കെടുത്തുകയോ തിരികൾ എണ്ണയിലേക്കു തള്ളിയിട്ട് അഗ്നിയെ മുക്കിക്കെടുത്തുകയോ ചെയ്യരുത്. എണ്ണ വറ്റി വിളക്ക് കരിന്തിരി (പടുതിരി) കത്തരുത്.

മംഗളാവസരങ്ങളിൽ മാത്രം അഞ്ച് അല്ലെങ്കിൽ ഏഴ് തിരികളിട്ട് വിളക്കു കത്തിക്കാം . അങ്ങനെ കൊളുത്തുമ്പോൾ ആദ്യം കിഴക്കോട്ടുള്ള തിരി കത്തിച്ച് തുടർന്നു പ്രദക്ഷിണമായി മറ്റു തിരികൾ കത്തിക്കണം. തെക്കു കിഴക്ക് , തെക്കു പടിഞ്ഞാറ് ഇങ്ങനെയാണ് പ്രദക്ഷിണമായി കത്തിക്കേണ്ടത്. നേർതെക്ക് തിരിയിടരുത്.

**ഏകവർത്തിർ മഹാവ്യാധിർ**
**ദ്വിവർത്തിസ്തു മഹദ്ധനം**
**ത്രിവർത്തിർമോഹമാലസ്യം**
**ചതുർവർത്തിർദ്ദരിദ്രതാ**
**പഞ്ചവർത്തിസ്തു ഭദ്രം സ്യാ**
**ദ്വിവർത്തിസ്തു സുശോഭനം .**

എന്നാണ് തിരികളുടെ എണ്ണത്തെയും അവയുടെ ഫലത്തെയും കുറിച്ചു പ്രശ്നകൗതുകമെന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന പ്രമാണം.

തുടച്ചു വൃത്തിയാക്കിയ വിളക്കേ സന്ധ്യക്കു കത്തി ക്കാവൂ. അടുത്ത പ്രഭാതത്തിൽ തലേന്നു കത്തിച്ചവിളക്കു തന്നെ കത്തിക്കാം. •


**പാചകക്കാരെ ആവശ്യമുണ്ട്**

ടി.ഡി.എം. ഹാളിലേയ്ക്ക് കേരള ആന്റ് കോണ്ടിനെന്റൽ ഭക്ഷണം പാചകം ചെയ്യു ന്നതിന് കരാർ വ്യവസ്ഥയിൽ ജോലിക്കാരെ ആവശ്യമുണ്ട്. താല്പര്യമുള്ളവർ എറണാ കുളം കരയോഗവുമായി ബന്ധപ്പെടുക.

**ഫോൺ: 0484 2361160**

# ധനുമാസത്തിലെ തിരുവാതിര



കൈലാസത്തിൽ ശ്രീപരമേശ്വരൻ ദക്ഷപ്രജാപതിയുടെ പുത്രിയെ വിവാഹം ചെയ്തുകഴിയുന്ന കാലത്ത് ദക്ഷൻ ഒരു ദിവസം അവിടെ എത്തി. മഹാദേവൻ തന്നെ ശ്രദ്ധിച്ചില്ല എന്ന കാരണത്താൽ ദക്ഷൻ കോപിഷ്ടനാവുകയും സ്വന്തം കൊട്ടാരത്തിൽ എത്തി ഒരു യാഗം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. യാഗത്തിൽ പരമശിവനേയും തൻെറ പുത്രിയായ സതിയേയും ക്ഷണിച്ചതുമില്ല. എങ്കിലും സതി അച്ഛൻെറ യാഗത്തിൽ പോകുകയും അവിടെ വച്ച് അപമാനിതയാവുകയും ചെയ്തു. കോപവും താപവും സഹിക്കവയ്യാതെ സതീദേവി ആ യാഗാഗ്നിയിൽ തൻെറ കായം ഹോമിച്ചു.

സതീദേവിയുടെ ദേഹത്യാഗം പരമശിവനെ വേദനിപ്പിച്ചു. അദ്ദേഹം ഹിമാലയ സാനുക്കളിൽ ചെന്ന് തപസ്സനുഷ്ടിക്കുവാനും തുടങ്ങി. സതീദേവി, ഹിമവാൻെറ പ്രണയിനിയായ മേനകയുടെ പുത്രിയായി ജനിച്ചു.നാരദൻെറ ഉപദേശപ്രകാരം ഹിമവാൻ പാർവ്വതിയെ പരമശിവനെ ഉപചരിക്കുവാൻ നിയോഗിച്ചു.
അക്കാലത്ത് താരകാസുരൻ, ദേവൻമാരെ ശല്യപ്പെടുത്തി യുദ്ധം ചെയ്ത് ദേവലോകം കൈയ്യടക്കി. ശിവപുത്രനുമാത്രമേ താരകാസുരനെ വധിക്കുവാൻ പറ്റൂ. ഇക്കാര്യം കാമദേവൻ വിചാരിച്ചാൽ മാത്രമേ പറ്റൂ എന്നായി. തുടർന്ന് കാമദേവൻ കാമാസ്ത്രം പ്രയോഗിക്കുകയും ആ സമയത്ത് ശിവൻ പാർവ്വതിയെ കാണാൻ ഇടവരുകയും പ്രണയിക്കുകയും ചെയ്തു. പക്ഷെ, തൻെറ തപസ്സിനു വിഘ്നം വരുത്തി, കാമാസ്ത്രം തൊടുത്ത കാമദേവനെ ക്ഷണനേരം കൊണ്ട് ശ്രീപരമേശ്വരൻ ഭസ്മമാക്കി. തൻെറ പ്രിയൻെറ വേർപാടിൽ കാമദേവൻെറ പത്നി രതീദേവി വിലപിച്ചു. കാമദഹനം നടന്നത് തിരുവാതിര നക്ഷത്രത്തിലാണ്. ആ ദിവസം നോയമ്പായി ദേവതകൾ അനുഷ്ഠിച്ചു. തുടർന്നു പരമേശ്വരനും പാർവ്വതിയും വിവാഹിതരായ ദിവസവും അന്നാണെന്ന് പറയപ്പെടുന്നു.

**ധനുമാസത്തിൽ തിരുവാതിര ഭഗവാൻെറ തിരുനാളല്ലോ ഭഗവതിയ്ക്കും തിരുനോയമ്പ്**

എന്ന് പഴമക്കാർ പാടിയിരുന്നു. അശുഭദിനങ്ങൾ നീങ്ങി ശുഭമുണ്ടാക്കുന്നതിനാണ് സ്ത്രീകൾ തിരുവാതിരവ്രതം അനുഷ്ഠിക്കുന്നതെന്നും പറയപ്പെടുന്നു.
**തുടിച്ചുകുളി** : തിരുവാതിര ഉറക്കമിളയ്ക്കുന്നതിന് മൂന്നുദിവസം മുൻപുമുതൽ തുടിച്ചുകുളി തുടങ്ങും. സ്ത്രീകൾ വെളുപ്പിന് എഴുന്നേറ്റ് കുളത്തിൽ പോയി അരയോളം വെള്ളത്തിൽ ഇറങ്ങി നിന്ന് ഒരു പ്രത്യേക രീതിയിൽ കൈകൾ വെള്ളത്തിലിട്ടടിച്ച് ശബ്ദമുണ്ടാക്കി പാട്ടുകൾ പാടുന്നു. എല്ലാവരും ഏറ്റവും രസകരമായി ഒന്നിച്ച്പാടുന്നു. കുളിച്ചു കയറുന്നതിനും പ്രത്യേകം പാട്ടുകളുണ്ട്. വെറ്റില മുറുക്കുന്നതും, കൈയ്യിലും കാലുകളിലും മൈലാഞ്ചി ഇടുന്നതും ചടങ്ങുകളുടെ കൂട്ടത്തിൽപെടുന്നു.
**എട്ടങ്ങാടി :** മകയിരം നാൾ വെളിച്ചം വീഴുന്നതിനു മുമ്പുതന്നെ തറയിൽ (ചാണകം മെഴുകിയ) കിഴങ്ങുകൾ ചുട്ടെടുക്കുന്നു. ചേന, ചെറുകിഴങ്ങ്, കായ, ശർക്കര, തേങ്ങ, പഴം, മലർ, കരിമ്പ്, എള്ള്, പയറ് ഇവയെല്ലാം കിഴങ്ങുവർഗ്ഗങ്ങളിൽ ഇട്ട് ഇളക്കി, തേനും ചേർത്ത് നിവേദിക്കുന്നു. സന്ധ്യാസമയത്ത് നിവേദ്യം നിലവിളക്കിനു മുമ്പിൽ വച്ച് രണ്ടു മൂന്നുകൂട്ടം പാട്ടുപാടികളിക്കുന്നു. അതിനുശേഷമാണ് യഥാർത്ഥ തിരുവാതിരക്കളി ആരംഭിക്കുന്നത്.
**തിരുവാതിരപുഴുക്ക്** : കിഴങ്ങുകളും പയറുവർഗ്ഗങ്ങളും വേവിച്ച് ഉപ്പും മുളകും ചേർത്ത് നാളികേരം അരച്ചുചേർത്ത് ഉണ്ടാക്കുന്നതാണ് ഇത്.
**പൂത്തിരുവാതിര :** വിവാഹശേഷം ആദ്യം വരുന്ന തിരുവാതിരയാണ് .ഉറക്കമിളയ്ക്കുന്ന ആ ദിവസം അവർക്കാണ് പ്രാധാന്യം. തിരുവാതിരവ്രതദിവസം അരിഭക്ഷണം കഴിക്കുവാൻ പാടില്ല. ഗോതമ്പ്, ചാമ, പഴങ്ങൾ, പയറുവർഗ്ഗങ്ങൾ ഇവയെല്ലാം കഴിക്കാം. കരിക്കിൻ വെള്ളം വളരെ ഉത്തമമാണ്.

തിരുവാതിര വ്രതത്തിന്റെ ഭാഗമായ മകയിരം ദിനം ഡിസംബർ 27 ാം തീയതി രാത്രി 8 മണി മുതൽ കരയോഗം വനിതാവിഭാഗവും, നായർസ്ത്രീസമാജവും ചേർന്ന് സംയുക്തമായി ഭക്തിനിർഭരമായ അന്തരിക്ഷത്തിൽ നടത്തപ്പെടുന്നതാണ്. എല്ലാവരെയും സാദരം ക്ഷണിച്ചു കൊള്ളുന്നു.

## പരിപാടികൾ

| | | |
|---|---|---|
| 8. 00 | : | ദീപം കൊളുത്തൽ, പറനിറയ്ക്കൽ ഗണപതിയ്ക്ക് നിവേദ്യം, എട്ടങ്ങാടി ഒരുക്കിയത് നിവേദ്യം |
| 8. 30 | : | തിരുവാതിരക്കളി ഗണപതിസ്തുതിയോടുകൂടി ആരംഭം |
| 10. 30 | : | ഇടവേള ലഘുഭക്ഷണവിതരണം |
| 12. 00 | : | പൂതിരുവാതിര ആഘോഷിക്കുന്ന പെണകുട്ടികളോടൊപ്പം സ്ത്രീകൾ ശിവക്ഷേത്രം പാർവ്വതിയുടെ നടയ്ക്കൽ പ്രദക്ഷിണം. അതിനുശേഷം തിരിച്ച് വന്ന് പാതിരപൂചൂടി മംഗളം പാടി പിരിയുന്നു. |

**പൂതിരുവാതിര ആഘോഷിയ്ക്കുവാൻ ആഗ്രഹമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക.**

– ജനറൽ. സെക്രട്ടറി



**ഹരിഃ ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു ശ്രീ ഗുരുഭ്യോനമഃ**

1188-ാംമാണ്ട് ധനുമാസം 1 മുതൽ 29 വരെ

2012-ാംമാണ്ട് ഡിസംബർ16 മുതൽ 2013 ജനുവരി 13 വരെ


**കെ.ഹരിഹരകൃഷ്ണൻ ടി.ഡി.എം ഹാൾ:**

**Monday to Saturday 10 am to 1 pm**

**Tel: 2361160,** *Mob: 9447037018*


# മാസഫലം

**മേടക്കൂറ്** (അശ്വതി, ഭരണി, കാർത്തിക കാൽ) തൊഴിൽരംഗത്ത് ഉത്സാഹം,  ഊർജ്ജ്വസ്വലതയും കൈവരിക്കുവാൻ കഴിയും. നിശ്ചിതമാർഗ്ഗത്തിലൂടെയല്ലാതെ കുറുക്കുവഴികളിലൂടെ കാര്യസാദ്ധ്യതയ്ക്കു ശ്രമിക്കും. മുടങ്ങിക്കിടന്നിരുന്ന കാര്യങ്ങൾപോലും സാദ്ധ്യമാകാനുള്ള വഴിയൊരുങ്ങും. കർമ്മരംഗം പുഷ്ടിപ്പെടുമെങ്കിലും പല വിപരീത അനുഭവങ്ങളും പുരോഗതിക്കു തടസ്സം ആയേക്കാവുന്നതാണ്. ആരോഗ്യസ്ഥിതി അത്രമെച്ചമായിരിക്കുകയില്ല. പ്രത്യേകശ്രദ്ധ ആവശ്യമായി വരും. മാതൃബന്ധുജനങ്ങളുടെ ദുരിതം അലട്ടിയേക്കാം. ശനിപ്രീതി വരുത്തുക.

**ഇടവക്കൂറ്** (കാർത്തിക മുക്കാൽ, രോഹിണി, മകയിരം പകുതി)  ബുദ്ധിപൂർവ്വമല്ലാത്ത പ്രവർത്തികൾ മൂലം വലിയ നഷ്ടങ്ങൾ നേരിടേണ്ടതായി വന്നേക്കാം.വിവാഹാദി കാര്യങ്ങൾ തീരുമാനം ഉണ്ടാകും. ഗൃഹസംബന്ധമായ അറ്റകുറ്റപണികൾ പൂർത്തീകരിക്കാൻ കഴിയും. ഗൃഹം മാറ്റമോ, തൊഴിൽ സംബന്ധിച്ച് സ്ഥാനം മാറ്റമോ, സ്ഥലം മാറ്റമോ ഉണ്ടാവാൻ സാധ്യത. വിദേശത്ത് ജോലിക്കു ശ്രമിക്കുന്നവർക്ക് ശ്രമം വിജയിക്കുമെങ്കിലും തൊഴിൽ സംബന്ധിച്ച് ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കേണ്ടി വരും. വ്യാഴപ്രീതി വരുത്തുക.

**മിഥുനക്കൂറ്** (മകയിരം പകുതി, തിരുവാതിര, പുണർതം മുക്കാൽ)  മത്സരപരീക്ഷകളിൽ ഏർപ്പെടുന്നവർക്ക് വിജയപ്രാപ്തി ഉണ്ടാകുന്നതാണ്. ദൂരയാത്രകൾ വേണ്ടി വരും. സന്താനങ്ങളുടെ വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ കാര്യങ്ങൾ പ്രതീക്ഷിക്കുന്ന വിധത്തിൽ പുരോഗതിയുണ്ടാകാൻ സാധ്യത കുറവാണ്. ഗൃഹം മോടിപിടിപ്പിക്കുന്നതിനോ വസ്തുവകകൾ വാങ്ങുന്നതിനോ വേണ്ടി പണം ചിലവഴിക്കും.മാസത്തിന്റെ പകുതിക്കുമേൽ കാര്യതടസ്സങ്ങൾ നീങ്ങി അനുകൂല അവസ്ഥയിലേക്ക് വരുവാൻ സാധ്യത കാണുന്നു.വ്യാഴപ്രീതി വരുത്തുക. ഡിസംബർ17,18 ജനുവരി 13 തീയ്യതികൾ ശുഭകാര്യങ്ങൾക്ക് ഒഴിവാക്കുക.

 **കർക്കടകക്കൂറ്** (പുണർതം കാൽ, പൂയം, ആയില്യം) അർഹതപ്പെട്ട പല ആനുകൂല്യങ്ങളും കിട്ടാതെ തടസ്സപ്പെട്ടു കിടക്കുന്നത് പലതും ഈ മാസം പകുതിക്കുമേൽ തടസ്സം മാറി അനുകൂലമായി വരാൻ സാധ്യത. വിദേശയാത്രാശ്രമം വിജയിക്കുന്നതാണ്. മാസം പകുതിക്കുശേഷം പുതിയ സംരംഭങ്ങൾ തുടങ്ങാൻ അനുകൂലസാഹചര്യം ഉണ്ടാകും. സാമ്പത്തികസ്ഥിതി മെച്ചപ്പെടും. വിവാഹാദികാര്യങ്ങളിൽ തിരുമാനം ഉണ്ടാകും. സന്താനസുഖാനുഭവങ്ങൾ ഉണ്ടാകും. .ശനിപ്രിതി ആവശ്യം.

**ചിങ്ങക്കൂറ്** (മകം, പൂരം, ഉത്രം കാൽ) ഏതു കാര്യത്തിനും  അധികപ്രയത്നം ആവശ്യമായി വരുന്ന കാലമായതിനാൽ ആരോഗ്യപ്രശ്നം ഉണ്ടാവാൻ സാധ്യത. മത്സരപരീക്ഷകളും മറ്റു പരീക്ഷകളും എഴുതുന്ന ഉദ്യോഗാർത്ഥികൾക്കും, വിദ്യാർത്ഥികൾക്കും അനുകൂല കാലമാകുന്നു. വിജയിക്കാൻ സാധിക്കും. സന്താന ങ്ങളുടെ വിദേശയാത്ര, വിവാഹം മുതലായ കാര്യങ്ങളുമായി ബന്ധപ്പെട്ട് മനോവ്യഥ അലട്ടുന്നതാണ്. തൊഴിൽരംഗം മെച്ചപ്പെടും. കാര്യനിർവ്വഹണത്തിനുള്ള സാധ്യതകൾ വർദ്ധിക്കും. ഡിസംബർ 21,22 തിയ്യതികൾ ശുഭകാര്യങ്ങൾക്ക് ഒഴിവാക്കുക.

**കന്നിക്കൂറ്** (ഉത്രം മുക്കാൽ, അത്തം, ചിത്തിര പകുതി)  ഗൃഹസംബന്ധമായ അറ്റകുറ്റപ്പണികൾക്കായി ചിലവഴിക്കാനുദ്ദേശിച്ചിരിക്കുന്നതിൽ കൂടുതൽ പണച്ചിലവുകൾ വന്നുപെടാൻ സാധ്യത. യാത്രാക്ലേശം ഉണ്ടാകാനിട. തൊഴിൽ രംഗത്ത് പരിഗണന കുറയും. സുഹൃത്തുക്കളും സഹ്യപവർത്തകരും അഭിപ്രായഭിന്നത പ്രകടിപ്പിച്ചേക്കാം. മനസംയമനം പാലിക്കുന്നതാകിൽ ദോഷഫലങ്ങൾ കുറയും. ശനിപ്രീതി വരുത്തുക. ഡിസംബർ 23,24 തിയ്യതികൾ ശുഭകാര്യങ്ങൾക്ക് ഒഴിവാക്കുക.

**തുലാക്കൂറ്** (ചിത്തിര പകുതി ചോതി, വിശാഖം മുക്കാൽ)പൊതുവേ  അനുകൂലമല്ലാത്ത കാലം ആകയാൽ പെരുമാറ്റത്തിലായാലും സംസാരത്തിലായാലും എല്ലാം പൊതുവേ വളരെ ശ്രദ്ധ അത്യാവശ്യം. ആരോഗ്യപരി ചരണങ്ങളിൽ വീഴ്ച വരുത്തരുത്. വിദ്യാഭ്യാസ കാര്യത്തിൽ കാണിക്കുന്ന താല്പര്യവും സാമർത്ഥ്യവും അന്യരാൽ പ്രകീർത്തിക്കപ്പെടുന്നതാണ്. തെറ്റിദ്ധാരണമൂലം അപവാദ ആരോപണം ഉണ്ടാകാൻ സാധ്യത. വ്യാഴപ്രീതി, ശനിപ്രിതി എന്നിവ വരുത്തുക.

**വൃശ്ചികക്കൂറ്** (വിശാഖം കാൽ, അനിഴം, തൃക്കേട്ട) കുടുംബാന്തരീക്ഷം  സ്വസ്ഥവും സന്തോഷപ്രദവുമാക്കാൻ നന്നേ കഠിനശ്രമം ആവശ്യമായ് വരും. സർക്കാരിൽ നിന്നും മറ്റും പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടേണ്ടതായി വരും. സാമ്പത്തികഭദ്രത നിലനിറുത്തുവാൻ വളരെ പരിശ്രമിച്ചിട്ടാണെങ്കിലും അത് സാധിക്കും. കർമ്മരംഗത്ത് ശോഭിക്കാൻ കഴിയും. പരീക്ഷാർത്ഥികൾക്കും വിജയം കൈവരിക്കാനാകും.സ്വജന ങ്ങളുമായിട്ടുള്ള രമ്യതക്ക് വിള്ളലുണ്ടാകാൻ സാധ്യത. ശനിപ്രിതി വരുത്തുക. ഡിസംബർ 28,29 എന്നീ തിയ്യതികൾ ശുഭകാര്യങ്ങൾക്ക് ഒഴിവാക്കുക.

**ധനുക്കൂറ്** (മൂലം, പൂരാടം, ഉത്രാടം കാൽ). ആരോഗ്യപരിപാലനത്തിനായി  ചികിത്സ തുടങ്ങിയ മാർഗ്ഗങ്ങൾക്ക് വിധേയമാകുന്നതാണ്. വാക്ചാതുര്യം, കാര്യപ്രാപ്തി എന്നിവമൂലം നേട്ടം കൈവരിക്കാനാകും. ടെസ്റ്റ്, ഇന്റർവ്യൂ എന്നിവ അഭിമുഖീകരിക്കേണ്ടവർക്ക് അവയിൽ വിജയിക്കാനാകും. വിവാഹ കാര്യങ്ങളിൽ തിരുമാനം ഉണ്ടാകും. സന്താനങ്ങളുടെ അഭ്യുന്നതി യിൽ ആകാംക്ഷയുണ്ടാകും. ഗൃഹോപകരണങ്ങളോ, ആഡംബര വസ്തുക്കളോ വാങ്ങാനിട വരും. മനസംതൃപ്തി കുറവ് അനുഭവപ്പെടും. വ്യാഴപ്രീതി വരുത്തുക. ഡിസംബർ 30,31 തിയ്യതികൾ ശുഭകാര്യങ്ങളക്ക് ഒഴിവാക്കുക.

